
/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2025 ഡിസംബർ പുസ്തകം 12 ലക്കം 5



## ലോകസിനിമയെ കണ്ടറിഞ്ഞ മുപ്പതാണ്ട്

30 IFFK

International Film Festival of Kerala 2025

THIRUVANANTHAPURAM

12 - 19 DEC

കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവപ്പതിപ്പ്

# അമ്മമൊഴി മധുരസ്മൃതി



വിവര-പൊതുജനസമ്പർക്കവകുപ്പ് പ്രസിദ്ധീകരണം

വിവര-പൊതുജനസമ്പർക്കവകുപ്പ്
**കേരള സർക്കാർ**

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2025 ഡിസംബർ 1 • പുസ്തകം 12 • ലക്കം 5

**എഡിറ്റർ** ടി വി സുഭാഷ് ഐ എ എസ്
**അഡീഷണൽ എഡിറ്റർ** കെ ജി സന്തോഷ് **ഡപ്യൂട്ടി എഡിറ്റർ** നാഫിഹ്.എം
**എഡിറ്റർ-ഇൻ-ചാർജ്** കെ എസ് ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ഡെൻസ്നി സുൽഫ് **സർക്കുലേഷൻ ഓഫീസർ** മെർലിൻ ജെ എൻ
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്** വിനിത വി എസ്

എഡിറ്റോറിയൽ >>



# ദൃശ്യോത്സവത്തിന് മൂന്ന് പതിറ്റാണ്ട്

മുപ്പതാമത് കേരള അന്തർദേശീയ ചലച്ചിത്രോത്സവത്തിന് വീണ്ടും വേദിയൊരുങ്ങുകയാണ്. വിവിധ നാട്ടുകളിൽനിന്നുള്ള ചലച്ചിത്ര പ്രവർത്തകരും പ്രേക്ഷകരും മികച്ച സിനിമകൾ ആസ്വദിക്കാനും ചർച്ച ചെയ്യാനുമായി ഒത്തുചേരുന്നു.

ചെറിയതോതിൽ 1994ൽ കോഴിക്കോട് ആരംഭിച്ച മേള മുപ്പതാം വർഷത്തിലെത്തിനിൽക്കുമ്പോൾ ദേശീയ, രാജ്യാന്തരചലച്ചിത്രോത്സവങ്ങളുടെ ഇടയിൽ പ്രമുഖമായ ഇടം നേടിയെന്നത് അഭിമാനകരമാണ്. ആഗോളതലത്തിലെ പ്രശസ്തമായ ഫിലിം ഫെസ്റ്റിവലുകളെ അപേക്ഷിച്ച് എത്രയോ ചെറിയ ബജറ്റിൽ നടത്തുന്നതാണെങ്കിലും രാജ്യാന്തരതലത്തിൽതന്നെ ചലച്ചിത്രകാരന്മാരുടെ ഇടയിൽ ആദരം നേടാൻ ഐഎഫ്എഫ്കെയ്ക്ക് ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. ജനകീയതയാണ് നമ്മുടെ ചലച്ചിത്രോത്സവത്തിന്റെ പ്രധാന സവിശേഷത. പാസ് മുഖേനയാണെങ്കിലും നല്ല സിനിമയെ സ്നേഹിക്കുന്ന പരമാവധി കാണികൾക്ക് ചലച്ചിത്രോത്സവത്തിൽ പങ്കെടുക്കാൻ ഇവിടെ അവസരമുണ്ട്. ഡിസംബർ 12-മുതൽ 19 വരെ നടക്കുന്ന ഈ വർഷത്തെ ചലച്ചിത്രോത്സവത്തിൽ 13000ത്തോളം പ്രതിനിധികൾ പങ്കെടുക്കുന്നു. വിദ്യാർഥികൾക്ക് കുറഞ്ഞ ചെലവിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന മേള കാണാനാകുന്നു. ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ സിനിമകൾക്ക് മാത്രമായുള്ള മത്സരവിഭാഗമാണ് കേരള ചലച്ചിത്രോത്സവത്തെ ശ്രദ്ധേയമാക്കുന്ന മറ്റൊന്ന്.

മുപ്പതാമത് മേളയോടനുബന്ധിച്ച സമകാലിക ജനപഥം പ്രത്യേക ചലച്ചിത്രോത്സവപതിപ്പ് പ്രസിദ്ധീകരിക്കുകയാണ്. നടൻ മധു, സംവിധായകരായ അടൂർ ഗോപാലകൃഷ്ണൻ, സാന്ത്വന ബർദലോയ് തുടങ്ങിയവരുമായുള്ള അഭിമുഖങ്ങൾ, മേളയുടെ മുപ്പത് വർഷം സംബന്ധിച്ച അനുഭവക്കുറിപ്പുകൾ, ഋത്വിക് ഘട്ടക് അനുസ്മരണം തുടങ്ങിയവ പതിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**ടി വി സുഭാഷ് ഐ എ എസ്**
എഡിറ്റർ

2025 DECEMBER 1 VOLUME 12 ISSUE 5 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in


**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications/ https://janapadham.kerala.gov.in/

ഉള്ളടക്കം >>




5 സിനിമയോടല്ല അഭിനയത്തോടാണ് അഭിനിവേശം
മധു / രമ്യ രാജൻ

10 ഇത് മുപ്പതാണ്ടുകളുടെ പങ്കാളിത്ത ഉത്സവം
ഡോ. റസൂൽ പൂക്കുട്ടി

12 മലയാളി ലോകസിനിമയെ അടുത്തറിഞ്ഞ 30 വർഷങ്ങൾ
സി.അജോയ്

20 ഐഎഫ് എഫ്കെയുടെ ഗ്രാഫ് ഉയർന്നു
അടൂർ ഗോപാലകൃഷ്ണൻ

24 പ്രളയത്തിലും കോവിഡിലും മുടങ്ങാതെ ഫെസ്റ്റിവൽ
കമൽ

26 മേള ഒരു സാംസ്കാരിക വിനിമയം കൂടിയാണ്
കെ.പി കുമാരൻ

28 പ്രേക്ഷകർ വളർത്തിയ മേള
ബീനാപോൾ

30 നല്ല സിനിമയുടെ വേര്
എം എഫ് തോമസ്

48 എന്റെ സിനിമകൾ സ്വാനുഭവങ്ങളിൽ നിലകൊള്ളുന്നു
ഡോ. സാന്ത്വന ബർദോലോയ് / ഡോ. അപർണ അജിത്

55 ഋത്വിക് ഘട്ടക് ഒറ്റയാന്റെ നൂറുവർഷങ്ങൾ
ഗിരീഷ് ബാലകൃഷ്ണൻ

59 ശിഥിലരാഷ്ട്രത്തിന്റെ ഫ്രെയിമുകൾ
ഷെമീർ കെ.എസ്

63 മേളകളിലെ പെൺസാന്നിധ്യം
കെ എ നിധിൻ നാഥ്

64 മാറുന്നുണ്ടോ, മലയാള സിനിമ
കെ.സി.ജിതിൻ

32 **മേളയുടെ മുപ്പത് ആണ്ടുകൾ**
**എൻ.പി. മുരളീകൃഷ്ണൻ**

37 ഐഎഫ്എഫ്കെ ലോഗോ ലങ്കാലക്ഷ്മിയുടെ മാതൃക

38 ഫിലിം സൊസൈറ്റികൾ അടിത്തറ പാകി

40 കിം കി ഡുക്കിനെ 'മലയാളി'യാക്കി

42 തുടക്കക്കാർക്ക് ആത്മവിശ്വാസമേകുന്ന ഇടം
കൃഷാന്ത്

43 ചലച്ചിത്രകാരർക്ക് ബഹുമാനം തരുന്ന മേള
ഡോൺ പാലത്തറ

44 ഹെമിനിച്ചിക്കും എനിക്കും മേൽവിലാസമുണ്ടായ മേള
ഫാസിൽ മുഹമ്മദ്

45 സിനിമ ശ്വസിക്കുന്നവരുടെ സൗഹൃദ സംഗമവേദി
ഉണ്ണികൃഷ്ണൻ ആവള

46 മികച്ച ആസൂത്രണം നിലവാരമുള്ള കാണികൾ
ശിവരഞ്ജിനി

47 ഞാനും മേളയും മുപ്പതിലെത്തി
ഡോ. ഭവേന്ദു


**പ്രത്യേക അഭിമുഖങ്ങൾ:** എൻ.പി. മുരളീകൃഷ്ണൻ

**കവർ ചിത്രം :** ഗ്രീക്ക് സംവിധായകൻ യോർ ഗോസ് ലാന്തിമോസിന്റെ മേളയിൽ പ്രദർശിപ്പിക്കുന്ന ബ്യുഗോണിയ എന്ന സിനിമയിലെ ദൃശ്യം



30 IFFK

ചെമ്മീൻ സിനിമയ്ക്ക് 60 വയസ്സാകുന്ന വേളയിൽ ചെമ്മീനിന്റെ വിശേഷങ്ങളോടൊപ്പം പുതിയ കാലത്തെ സിനിമകളെക്കുറിച്ചും നടൻ മധു മനസ്സുതുറക്കുന്നു.

# സിനിമയോടല്ല അഭിനയത്തോടാണ് അഭിനിവേശം



കാലാന്തരത്തിൽ സിനിമയ്ക്ക് വന്ന പരിണാമത്തിലും തലമുറമാറ്റത്തിലും നിറസാന്നിധ്യമായ ഒരാൾ. മലയാള സിനിമ പിച്ചവയ്ക്കുന്ന കാലം മുതൽ ഈ മധുവസന്തം നമ്മോടൊപ്പം ഉണ്ട്. അഭിനേതാവായും സംവിധായകനായും നിർമ്മാതാവായും സിനിമയിൽ നിറഞ്ഞുനിന്ന, മലയാളസിനിമാലോകത്തിന്റെ കാരണവർ എന്ന് വിശേഷിപ്പിക്കാവുന്ന, ഇപ്പോൾ തിരുവനന്തപുരം കണ്ണമ്മൂലയിലെ വീട്ടിൽ വിശ്രമജീവിതം നയിക്കുന്ന മധുവിന് പക്ഷേ സിനിമയെക്കുറിച്ച് ചോദിച്ചാൽ ഇന്നും ചെറുപ്പമാണ്. കറുത്തമ്മയ്ക്കായി ജീവിതം ഉഴിഞ്ഞുവെച്ച പരീക്കുട്ടിയെപോലെ സിനിമയ്ക്കായി അദ്ദേഹം തന്നാലാവുന്നവിധം അധ്വാനിച്ചു. ആരോഗ്യം അനുവദിക്കുന്നതുവരെ അഭിനയരംഗത്ത് സജീവമായിരുന്നു. ഇപ്പോഴും സിനിമകാണലും സന്ദർശകരെ സ്വീകരിക്കലും ഒക്കെയായി തിരക്കിലാണ് അദ്ദേഹം.

സിനിമയോടുള്ള ഒടുങ്ങാത്ത അഭിനിവേശമാണ് അദ്ദേഹത്തിന്റെ വാക്കുകളിൽ നിറയുന്നത്. കാലമെത്ര കടഞ്ഞാലും തീരാത്ത അനുഭവസമ്പത്ത്. ചെമ്മീൻ സിനിമയ്ക്ക് 60 വയസ്സാകുന്ന വേളയിൽ ചെമ്മീനിന്റെ വിശേഷങ്ങളോടൊപ്പം പുതിയ കാലത്തെ സിനിമകളെക്കുറിച്ചും നടൻ മധു മനസ്സുതുറക്കുന്നു.

## ചെമ്മീൻ സിനിമ ഇറങ്ങിയിട്ട് 60 വർഷമാകുന്നു. ഒരു കാലഘട്ടത്തെ അടയാളപ്പെടുത്തിയ സിനിമയുടെ മുഖമാകാൻ കഴിഞ്ഞു. അന്നത്തെ കാലം എങ്ങനെ ഓർത്തെടുക്കുന്നു?

ഞാൻ നോവൽ വായിച്ചിരുന്നു. വളരെ ഇഷ്ടപ്പെട്ട നോവലായിരുന്നു. പഠിക്കുന്ന കാലത്ത് മൂന്നോ നാലോ തവണ നോവൽ വായിച്ചിട്ടുണ്ട്. പരീക്കുട്ടിയെ നോവൽ വായിച്ചപ്പോഴേ ഇഷ്ടമായി. അങ്ങനെ വളരെ പരിചിതനായിരുന്നു പരീക്കുട്ടി. പിന്നെയാണ് സിനിമയിലേക്ക് രാമു കാര്യാട്ട് വിളിക്കുന്നത്. വളരെ സന്തോഷം തോന്നി. ഇന്ത്യയിലെ ഏറ്റവും മികച്ച ടെക്നീഷ്യൻമാരെയും മലയാളത്തിലെ മികച്ച നടന്മാരേയും ഒരുമിച്ച് ചേർത്ത ചിത്രമാണ് ചെമ്മീൻ. ഞാനായിരുന്നു യഥാർഥത്തിൽ അതിൽ പുതുമുഖം. അന്ന്



എനിക്ക് പ്രത്യേക ഇമേജ് ഉണ്ടായിരുന്നില്ല. അതായിരിക്കാം പരീക്കുട്ടിയായി എന്നെ തിരഞ്ഞെടുത്തത്. ചെമ്മീനിന്റെ അരങ്ങത്തും അണിയറയിലും ഉള്ളവർ ഇന്ത്യയിലെ നമ്പർ വൺ ആയിരുന്നു. രാമു കാര്യാട്ട് ഒരു മികച്ച ഓർഗനൈസറാണ്. അതിന്റെ ഭാഗമായതിൽ അതിയായ സന്തോഷം.

## ചെമ്മീനിലെ പാട്ടുകൾ?

ചെമ്മീനിലെ മറ്റ് പാട്ടുകളെക്കുറിച്ച് സംശയം ഇല്ലായിരുന്നു. എന്നാൽ മന്നാഡെ പാടിയ മാനസമൈനേ വരൂ എന്ന ഗാനം, അതിലെ അദ്ദേഹത്തിന്റെ ഉച്ചാരണം- പ്രേക്ഷകർ എങ്ങിനെ സ്വീകരിക്കുമെന്ന് ഭയമുണ്ടായിരുന്നു. എന്നാൽ പാട്ടിന്റെ ആത്മാവ് എന്നത് വേറെ തന്നെയാണ്. ആ പാട്ട് ഉയർത്തി വിട്ട വൈകാരികത കാരണം ഉച്ചാരണം എല്ലാവരും മറന്നു എന്നുള്ളതാണ് സത്യം. മലയാളത്തിലെ ഏറ്റവും നല്ല പാട്ടുകളിൽ ഒന്നായി ഈ പാട്ട് ഉയർന്നുവന്നു. പാട്ട് നല്ലതാണെങ്കിൽ ഭാഷ പ്രശ്നമല്ല.



## പരീക്കുട്ടി എന്ന കാമുകൻ എങ്ങനെയായിരുന്നു?

പരീക്കുട്ടിയുടെ സ്നേഹം ഒരു നിഷ്കാമ കർമ്മമായിരുന്നു. ഒന്നും തിരിച്ച് പ്രതീക്ഷിക്കാതെയാണ് പരീക്കുട്ടി കറുത്തമ്മയെ സ്നേഹിച്ചത്. നീ പോയാലും നിന്നെ ഓർത്ത് ഉറക്കെ ഉറക്കെ പാടുമെന്നാണ് പരീക്കുട്ടി പറയുന്നത്. സ്നേഹത്തിന്റെ ഇത്തരം ഒരു തലം ചെമ്മീനിൽ മാത്രമേയുള്ളൂ. 60 വർഷത്തിന് ഇപ്പുറം പ്രണയത്തോ

> പഠിക്കുന്ന കാലത്ത് മൂന്നോ നാലോ തവണ നോവൽ വായിച്ചിട്ടുണ്ട്. പരീക്കുട്ടിയെ നോവൽ വായിച്ചപ്പോഴേ ഇഷ്ടമായി. അങ്ങനെ വളരെ പരിചിതനായിരുന്നു പരീക്കുട്ടി.



ട്ടുള്ള എതിർപ്പ് നമ്മുടെ നാട്ടിൽ കൂടിയിട്ടേ ഉള്ളൂ.

**ചെമ്മീനിൽ കടലും ഒരു കഥാപാത്രമായിരുന്നുവല്ലോ**

ചെമ്മീനിൽ മനുഷ്യരെ കാണിക്കുന്നതിലേറെ കാണിച്ചത് കടലിനെയാണ്. ചെമ്മീൻ വീണ്ടും തിയേറ്ററുകളിൽ എത്തിയാൽ കാണാനാളുണ്ടാകും. ചെമ്മീൻ എല്ലായിടത്തും നിറഞ്ഞുനിൽക്കുന്ന സിനിമയല്ലേ.

**നാനൂറോളം സിനിമകളിൽ അഭിനയിച്ചു. അഭിനേതാവെന്ന നിലയിൽ ഹൃദയത്തോട് ചേർന്നു നിൽക്കുന്ന വേഷങ്ങൾ ഏതൊക്കെയാണ്?**

420 സിനിമകൾ ചെയ്തു. എല്ലാ കഥാപാത്രങ്ങളും ഇഷ്ടപ്പെട്ടുതന്നെയാണ് അഭിനയിച്ചത്. ഭാർഗവീനിലയം, ഉമ്മാച്ചു, പ്രിയ എന്നീ ചിത്രങ്ങളിലെ കഥാപാത്രങ്ങളും കുടുംബസമേതത്തിലെ രാഘവക്കുറുപ്പും പ്രിയപ്പെട്ടതാണ്. കൂടുതൽ ഓർത്ത് പറയാൻ വയ്യ.

പന്ത്രണ്ടോളം സിനിമകൾ സംവിധാനം ചെയ്തു. അവാർഡുകൾ വാരിക്കൂട്ടുകയും ബോക്സ് ഓഫീസ് വിജയം നേടുകയും ചെയ്തു. 'പ്രിയ' ഒക്കെ ട്രെൻഡ് സെറ്ററായി. കാണുന്നവരും കേൾക്കുന്നവരുമാണ് സിനിമയെക്കുറിച്ച് അഭിപ്രായം പറയേണ്ടത്. മാറ്റം എല്ലാ ദിവസവും സംഭവിക്കുന്നു.

സംവിധായകർ പറഞ്ഞുകൊടുക്കുന്നത് അനുസരിച്ചാണ് കഥാപാത്രങ്ങൾ രൂപപ്പെട്ടുവരുന്നത്. അഭിനയിച്ച് കാണിക്കാൻ അറിയാത്ത സംവിധായകരും ഉണ്ട്.

**നിർമ്മാതാവെന്ന നിലയിലും വേറിട്ട പാതയിലൂടെ സഞ്ചരിക്കാനും നിരവധി പ്രതിഭകളെ അവതരിപ്പിക്കാനും ശ്രദ്ധിച്ചു. ഉമ സ്റ്റുഡിയോയിലൂടെ മലയാള സിനിമയ്ക്ക് അങ്ങ് നൽകിയ സംഭാവനയെ എങ്ങനെ നോക്കിക്കാണുന്നു?**

ബുക്ക് ചെയ്ത് കാത്തിരിക്കണമായിരുന്നു. ഇന്ന് അതല്ല സ്ഥിതി. ലോകത്തിൽ മാറ്റം എന്നത് സ്ഥിരമായിട്ടുള്ളതാണ്. മാറ്റങ്ങൾ ചിലപ്പോൾ നല്ലതാകാം. ചിലപ്പോൾ തിരിച്ചും സംഭവിക്കാം. പുതിയ സാങ്കേതികവിദ്യ വരുമ്പോൾ അതിനെ സ്വീകരിക്കുന്നത് നല്ല കാര്യമല്ലേ...ഞാൻ സംവിധാനം ചെയ്ത സിനികളിൽ അന്നത്തെ കാലത്തെ മികച്ച ടെക്നിക്സ് തന്നെ ഉപയോഗിച്ചിട്ടുണ്ട്.

**ദേശീയ, അന്തർദേശീയ തലത്തിൽ മലയാള സിനിമ കൂടുതൽ ശ്രദ്ധിക്കപ്പെടുന്ന കാലഘട്ടമാണിത്.**


കഴിയാറില്ല. പുതുമുഖ നടീനടന്മാരോടൊപ്പം അഭിനയിക്കാൻ പറ്റിയില്ല. അഭിനയിക്കാൻ നവരസങ്ങൾ വേണം. എല്ലാ രസങ്ങളും എല്ലാവർക്കും പ്രകടിപ്പിക്കാൻ സാധിക്കണമെന്നില്ല.

**ഒ.ടി.ടിയും മറ്റ് പുതിയ സാങ്കേതികവിദ്യകളും സിനിമയുടെ ഇതിവൃത്തത്തെയും അവതരണ ശൈലിയെയും എങ്ങനെ സ്വാധീനിച്ചിട്ടുണ്ട്?**

പുതിയ സിനിമകൾ ഒ.ടി.ടിയിലാണ് ഇപ്പോൾ കാണുന്നത്. തിയേറ്ററിൽ പോയി കാണാൻ കഴിയാത്തവർക്ക് വലിയ







ഞാൻ സിനിമയ്ക്ക് സംഭാവന നൽകിയത് അല്ല. ഞാൻ എന്റെ സൗകര്യത്തിന് സിനിമ ഷൂട്ട് ചെയ്യാൻ വേണ്ടിയാണ് സ്റ്റുഡിയോ ആരംഭിച്ചത്. പുറത്തുള്ള സ്റ്റുഡിയോകളിൽ ഷൂട്ട് ചെയ്യുമ്പോൾ എന്തെങ്കിലും അസൗകര്യം വന്നാൽ ഡേറ്റ് നീട്ടാൻ പറ്റിയെന്ന് വരില്ല. നമുക്ക് തന്നെ സമയം കഴിഞ്ഞാൻ അവിടെ വേറെ സെറ്റ് ഇടും. വാടകവീടിനേക്കാൾ സ്വന്തം വീട്ടിൽ താമസിക്കുന്നതിന്റെ സുഖം വേറെയാണ്.

**സിനിമയിൽ പല തവണ തലമുറമാറ്റത്തിന് സാക്ഷിയായിട്ടുണ്ട്. മലയാള സിനിമയിൽ അഭിനേതാക്കളെയും സാങ്കേതിക പ്രവർത്തകരേയും പരിഗണിക്കുമ്പോൾ ഏറ്റവും നല്ല കാലഘട്ടം ഏതാണെന്ന് തോന്നുന്നു?**

മാറ്റങ്ങൾ എന്നും നല്ലതാണ്. പണ്ടൊക്കെ ഒരു ഫോൺ ചെയ്യണമെങ്കിൽ കോൾ

> ഫിലിം ഫെസ്റ്റിവലുകൾ ഒരു കൂട്ടായ്മയാണ്. നല്ല അനുഭവമാണത്. ഡെൽഹി, മദ്രാസ്, ബോംബെ, കൽക്കട്ട, ഗോവ എന്നീ ചലച്ചിത്രമേളകളിൽ പോയിട്ടുണ്ട്.

**എന്താണ് പറയാനുള്ളത്?**

എല്ലാ ഭാഷകളിലും നല്ല സിനിമകൾ ഇറങ്ങുന്നുണ്ട്.

**സിനിമകൾ കാണാറുണ്ടോ. അടുത്ത കാലത്ത് ഏറ്റവും മികച്ചതായി തോന്നിയ സിനിമകളും അഭിനേതാക്കളും?**

അങ്ങനെ പ്രത്യേകിച്ച് ആരും ഇല്ല. പുതിയ ആളുകളെ കാണാനോ സംസാരിക്കാനോ

അനുഗ്രഹമാണ് ഒ.ടി.ടി. ചിലർക്ക് തിയേറ്ററിൽ പോയി സിനിമ കണ്ടാലേ തൃപ്തിവരൂ. ക്രിക്കറ്റ് ടിവിയിൽ കാണുന്നതും ഗ്രൗണ്ടിൽ നേരിട്ട് കളി കാണുന്നതും തമ്മിൽ വലിയ അന്തരമുണ്ടല്ലോ. ഗ്രൗണ്ടിൽ കാണുമ്പോൾ ടിവിയിലേതുപോലെ എല്ലാം കാണാനും അറിയാനും പറ്റില്ല. എന്നാലും ഗ്യാലറിയിലെ ഓളവും കാണികളുടെ ആർപ്പുവിളികളും എല്ലാവരും ഇഷ്ടപ്പെടുന്നു. കറച്ചുനാളായി പുതിയ സിനിമകൾ കാണുന്നത് കുറവാണ്. ലോക കണ്ടു. സിനിമയിൽ തിരക്കേറിയിരുന്ന സമയത്ത് കാണാൻ കഴിയാതിരുന്ന സിനിമകൾ

ഇപ്പോൾ കാണാൻ ശ്രമിക്കാറുണ്ട്.

## ഇത്രയും പതിറ്റാണ്ടുകൾക്കു ശേഷവും സിനിമയോടുള്ള പാഷൻ നിലനിർത്തുന്നത് എങ്ങനെ?

എനിക്ക് സിനിമയോടല്ല അഭിനയത്തോടാണ് അഭിനിവേശം. പണ്ടത്തെ കാലത്ത് ഇത്രയധികം സിനിമകൾ ഇല്ലല്ലോ. അന്ന് ഉണ്ടായിരുന്നത് നാടകമാണ്. നാടകത്തിൽ താൽപര്യം ഉണ്ടായിരുന്നതുകൊണ്ടാണ് അഭിനയിക്കാൻ ആഗ്രഹം തോന്നിയത്. അതിനാലാണ് അഭിനയം പഠിക്കാൻ പോയത്. ചിത്രകാരന് പെയ്ന്റും ബ്രഷും ഉള്ളതുപോലെ, പാട്ടുകാ



ഇന്ത്യൻ സിനിമയുടെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി നടന്ന ചടങ്ങിൽ മധുവിന് നൽകിയ ആദരം

## മലയാള സിനിമയുടെ മധുവസന്തം

മലയാള സിനിമാ ചരിത്രത്തിലെ നാഴികക്കല്ലെന്ന് വിശേഷിപ്പിക്കപ്പെടുന്ന ചെമ്മീൻ ആണ് മധുവിന്റെ അഭിനയ ജീവിതത്തിലും വഴിത്തിരിവുണ്ടാക്കിയത്. മുഖ്യധാരാ സിനിമയിലും സമാന്തര സിനിമയിലും ടെലിവിഷൻ പരമ്പരകളിലും അദ്ദേഹം സാന്നിധ്യമറിയിച്ചു. അഭിനയത്തിനു പുറമേ സംവിധായകൻ, നിർമ്മാതാവ്, സ്റ്റുഡിയോ ഉടമ, സ്കൂൾ ഉടമ, തുടങ്ങിയ റോളുകളിലും തിളങ്ങി. ഭാർഗവീ നിലയം, ഏണിപ്പടികൾ, ഓളവും തീരവും, സിന്ദൂരച്ചെപ്പ്, ഇതാ ഇവിടെ വരെ, നഖങ്ങൾ, അസ്തമയം എന്നിവയുൾപ്പെടെ നിരവധി സിനിമകളിൽ മലയാളികൾക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത കഥാപാത്രങ്ങളെ മധു അവതരിപ്പിച്ചു. മലയാള സിനിമ മദ്രാസിൽനിന്ന് കേരളത്തിലേക്ക് പറിച്ചുനടപ്പെട്ട കാലഘട്ടത്തിൽ തിരുവനന്തപുരത്ത് വെള്ളൈക്കടവ് എന്ന സ്ഥലത്ത് ഉമാ സ്റ്റുഡിയോ സ്ഥാപിച്ചു. 1970 ൽ പുറത്തിറങ്ങിയ പ്രിയ ആയിരുന്നു മധു ആദ്യമായി സംവിധാനം ചെയ്ത ചിത്രം. തുടർന്ന് സിന്ദൂരച്ചെപ്പ്, നീലക്കണ്ണുകൾ, തീക്കനൽ എന്നിവയുൾപ്പെടെ പതിനാലോളം ചിത്രങ്ങൾ അദ്ദേഹം സംവിധാനം ചെയ്തു. സതി, മാന്യശ്രീ വിശ്വാമിത്രൻ, അക്കൽദാമ തുടങ്ങിയ പതിനാറ് ചിത്രങ്ങൾ നിർമ്മിച്ചു. കെ.എ അബ്ബാസിന്റെ 'സാഥ് ഹിന്ദുസ്ഥാനി ' എന്ന ഹിന്ദി ചിത്രത്തിലൂടെയായിരുന്നു മധുവിന്റെ ഹിന്ദിയിലുള്ള അരങ്ങേറ്റം. ഒരു യുഗസന്ധ്യ എന്ന സിനിമ തിരക്കഥ എഴുതി സംവിധാനം ചെയ്തിട്ടുണ്ട്. രമണൻ എന്ന സിനിമയിൽ അദ്ദേഹം മൂന്നു ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. സിനിമകൾ കൂടാതെ ഇരുപതോളം ടെലിവിഷൻ സീരിയലുകളിലും അഭിനയിച്ചിട്ടുണ്ട്. 2004 ൽ ചലച്ചിത്രമേഖലയിലെ സമഗ്രസംഭാവനക്കുള്ള ജെ സി ഡാനിയൽ അവാർഡ് നേടിയ മധുവിനെ 2013 ൽ രാജ്യം പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു.

രന് വരികളും സംഗീതവും ഉള്ളതുപോലെ ഒരു അഭിനേതാവിന് ഏറ്റവും വേണ്ടത് ആരോഗ്യമുള്ള ശരീരമാണ്. ശരീരമാണ് അയാളുടെ ആയുധം. ശബ്ദവും പ്രധാനമാണ്.

## പഴയ സിനിമകൾ റീ റിലീസ് ചെയ്യുന്നു, അങ്ങയുടെ ഏത് സിനിമയാണ് വീണ്ടും റിലീസ് ചെയ്ത് കാണാൻ ഇഷ്ടം?

എന്റെ എല്ലാ സിനിമകളും നല്ലതാണ്. കാലികപ്രസക്തിയുള്ള കുടുംബചിത്രങ്ങളാണ് മിക്കവാറും ചെയ്തിട്ടുള്ളത്. ജീവിതവുമായി ബന്ധപ്പെട്ട കഥകളായിരുന്നു എല്ലാം.

## പല സിനിമകളിലും കർക്കശക്കാരനായിരുന്നു ജീവിതത്തിൽ അങ്ങനെ ആയിരുന്നോ?

അല്ല, ജീവിതത്തിൽ ഞാൻ ഒരു സാധാരണ മനുഷ്യൻ.

## കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ 30-ാം വാർഷികമാണല്ലോ..ഒരുപാട് ഫിലിം ഫെസ്റ്റിവലുകളിൽ പങ്കെടുത്തിട്ടുള്ള ആളെന്ന നിലയിൽ എങ്ങിനെയാണ് ഇതിനെ നോക്കികാണുന്നത്?

ഫിലിം ഫെസ്റ്റിവലുകൾ ഒരു കൂട്ടായ്മയാണ്. നല്ല അനുഭവമാണത്. ഡെൽഹി, മദ്രാസ്, ബോംബെ, കൽക്കട്ട, ഗോവ എന്നീ ചലച്ചിത്രമേളകളിൽ പോയിട്ടുണ്ട്. അന്ന് കേരളത്തിൽ സിനിമ കാണാൻ സൗകര്യം ഇല്ലാതിരുന്നതുകൊണ്ടാണ് പുറത്ത് പോയത്. കേരളത്തിൽ എല്ലാ വർഷവും ഫിലിം ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുന്നു. ഫിലിം ഫെസ്റ്റിവലിലെ സിനിമകൾ നമുക്ക് മറ്റിടങ്ങളിലും കാണാനുള്ള സൗകര്യം ഇന്നുണ്ട്. ഗോവ ഫെസ്റ്റിലാണ് മറ്റ് സംസ്ഥാനങ്ങളിലെ കൂടുതൽ നല്ല ചലച്ചിത്രങ്ങൾ കാണാൻ കഴിയുന്നത്. മോസ്കോ ഫെസ്റ്റിവലിലും പോയിട്ടുണ്ട്.

## സിനിമ സ്വപ്നം കാണുന്ന പുതിയ തലമുറയോട് എന്താണ് പറയാനുള്ളത്?

സിനിമയിൽ ആരേയും വളർത്താൻ പറ്റില്ല. സിനിമയിലേക്ക് കയറ്റിവിടാൻ പറ്റിയേക്കും. എന്നാൽ സ്വന്തം ശക്തിയിൽ മാത്രമേ ഒരു ആർട്ടിസ്റ്റിന് സിനിമയിൽ നിലനിൽക്കാൻ സാധിക്കുകയുള്ളൂ.

## ദിനചര്യ, , വായന?


ഞാൻ ജീവിക്കുന്നത് രാത്രിയിലാണ്. രാത്രി 10.30ന് ശേഷമാണ് പത്രങ്ങൾ തന്നെ വായിക്കുന്നത്. ഇഷ്ടപ്പെട്ട മാഗസിന്റെ തലക്കെട്ടുകൾ മാത്രമേ വായിക്കാൻ പറ്റുന്നുള്ളൂ. എല്ലാവരും പുസ്തകങ്ങൾ കൊണ്ടുതരും. ഞാൻ വായിക്കാമെന്ന് പറയും. വായിക്കാനും ഇഷ്ടമാണ്..പക്ഷേ പറ്റുന്നില്ല.■

ഡോ. റസൂൽ പൂക്കുട്ടി
അധ്യക്ഷൻ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി & ഫെസ്റ്റിവൽ ഡയറക്ടർ, ഐ.എഫ്.എഫ്.കെ

30-ാം വയസ്സിൽ ഐ എഫ് എഫ് കെ
സിനിമയുടെ മാറുന്ന ചിന്താധാരയിൽ ഒരു പങ്കാളിത്ത ഉത്സവം

# ഇത് മുപ്പതാണ്ടുകളുടെ പങ്കാളിത്ത ഉത്സവം









1990-കളുടെ മധ്യത്തിൽ കോഴിക്കോട് വളരെ ലളിതമായി ആരംഭിച്ച ഒരു മേളയാണ് ഇന്ന് മത്സര വിഭാഗവും FIAPF അംഗീകാരവും ഉൾപ്പെടുന്ന അന്താരാഷ്ട്ര ചലച്ചിത്രമേളയായി വളർന്നത്. അന്താരാഷ്ട്ര ചലച്ചിത്രോത്സവമായ ഐ.എഫ്.എഫ്.കെ അതിന്റെ മുപ്പതാം പിറന്നാളാഘോഷിക്കുമ്പോൾ അത് കേവലമൊരു സാംസ്കാരികാഘോഷം മാത്രമല്ല, നഗരമാകെ അതിന്റെ താളത്തിനൊപ്പം ചലിക്കുന്ന മാസ്മരികതയായി മാറുകയാണ്. പുലർച്ചെ ആരംഭിക്കുന്ന ടിക്കറ്റ് കൗണ്ടറിന് മുന്നിലെ ക്യൂ, തിയേറ്ററുകൾക്ക് പുറത്തെ ഉത്സാഹഭരിതമായ സംവാദങ്ങൾ... ഓരോ ഡിസംബർ മാസവും ഒരാഴ്ചക്കാലം സിനിമ ഒരു പൊതുഭാഷയായി മാറുന്ന അനുഭവം! കേരളവും ലോകസിനിമയും തമ്മിലുള്ള പാലമായി, സംവാദമായി ഐ.എഫ്.എഫ്.കെ വളർന്നു. മൂന്നുദശാബ്ദങ്ങളായി, ഞങ്ങളുടെ പ്രേക്ഷകർ കൗതുകത്തോടും വ്യക്തതയോടും കൂടി സിനിമയെ സമീപിച്ചു വരുന്നു. പ്രേക്ഷകരും ചലച്ചിത്രകാരന്മാരും സംസ്ഥാനവും തമ്മിലുള്ള ഈ കൊടുക്കൽവാങ്ങലാണ് ഐ.എഫ്.എഫ്.കെ.യ്ക്ക് ഒരു പൊതുഅംഗീകാരവും സ്വതന്ത്രമായ കലാമൂല്യവും നൽകിയത്.

2025 ഡിസംബർ 12 മുതൽ 19 വരെ നടത്തപ്പെടുന്ന ഈ 30-ാം പതിപ്പ്, ഈ യാത്ര ആഘോഷിക്കുന്നതോടൊപ്പം അതിനെ മുന്നോട്ടുകൊണ്ടുപോകാനുള്ള ഊർജം സംഭരിക്കുകയും ചെയ്യും. 70 രാജ്യങ്ങളിൽ നിന്നുള്ള 200-ലധികം സിനിമകൾ 16 വേദികളിലായി പ്രദർശിപ്പിക്കും. ഇത് പേരിനുവേണ്ടിയുള്ള ഒരു വിപുലീകരണമായോ അതിന്റെ പ്രകടനമായോ കാണരുത്. പുതിയ ചലച്ചിത്രകാരന്മാരെയും പുനരുദ്ധരിച്ച ക്ലാസിക്കുകളെയും ധീരമായ പരീക്ഷണങ്ങളെയും പലപ്പോഴും അവഗണിക്കപ്പെടുന്ന പ്രദേശങ്ങളിൽ നിന്നുള്ള കഥകളെയും സ്വാഗതം ചെയ്യുന്നതിനുള്ള ഒരു വാതിലാണിത്.

സിനിമയ്ക്ക് ചോദ്യംചെയ്യാനും വെല്ലുവിളിക്കാനും പ്രതിരോധിക്കാനും കഴിയുമെന്ന് ഐ.എഫ്.എഫ്.കെ എപ്പോഴും വിശ്വസിച്ചിട്ടുണ്ട്. ഈ വർഷം കാനഡയിലെ ചലച്ചിത്രകാരിയായ കെല്ലി ഫൈഫ്-മാർ



ഷലിന് നൽകുന്ന 'സ്പിരിറ്റ് ഓഫ് സിനിമ' അവാർഡ് ഈ പ്രതിബദ്ധതയുടെ പ്രതിഫലനമാണ്. കറുത്ത ജനതയുടെ അനുഭവങ്ങൾ പകർത്തിവെച്ച സിനിമകൾ, അനീതികളുടെ സമകാലിക യാഥാർഥ്യങ്ങളെ മുഖാമുഖം കാണിക്കുന്നു. അവരെ ആദരിക്കുന്നതുവഴി സിനിമയ്ക്ക് കലാപരമായ ഉത്തരവാദിത്വത്തോടൊപ്പം സാമൂഹിക ഉത്തരവാദിത്വവും ഉണ്ടെന്ന ഓർമ്മപ്പെടുത്തുകയാണ്.

ഈ വർഷം 'ഓർമ്മ' എന്ന വിഭാഗത്തിൽ മുഖ്യമായും വിഭജനത്തിന്റെയും കുടിയൊഴിപ്പിക്കലിന്റെയും നിഴലിൽ നിർമ്മിക്കപ്പെട്ട ഋത്വിക് ഘട്ടകിന്റെ സിനിമകളിൽ നിന്ന് നാല് പ്രധാന കൃതികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഘട്ടകിന്റെ ജന്മശതാബ്ദി വേളയിലും അദ്ദേഹത്തിന്റെ സിനിമകൾ പ്രസക്തമാണ്. യൂസഫ് ഷാഹിനിന്റെയും സഈദ് മിർസയുടെയും സൃഷ്ടികൾ രാഷ്ട്രീയവും മാനുഷികവുമായ പുനർവായന ആവശ്യപ്പെടുന്നു.

അതോടൊപ്പം, വർത്തമാനകാല ലോകസിനിമയെയും ഇവിടെ സജീവമായി ചർച്ചയ്ക്ക് വെക്കുന്നു. 'ഫിലിംമേക്കർ ഇൻ ഫോക്കസ്' വിഭാഗത്തിൽ ഇന്തോനേഷ്യൻ സംവിധായകൻ ഗാരിൻ നുഗ്രോഹോയുടെ സിനിമകളാണ് പ്രദർശിപ്പിക്കുക. പാരമ്പര്യവും സംസ്കാരവും ആധുനിക രാഷ്ട്രീയവും ഒന്നിച്ച് നെയ്തെടുക്കുന്ന സിനിമകളാണവ. 'കൺട്രി ഫോക്കസി'ൽ വിയറ്റ്നാമിന്റെ യുദ്ധ പരിസമാപ്തിയുടെ 50 വർഷങ്ങളാകും പ്രദർശിപ്പിക്കുക. യുദ്ധത്തിന്റെ സംഘർഷങ്ങളെ എങ്ങനെ ഒരു ജനത ഓർത്തുവെക്കുന്നുവെന്നും അവിടെനിന്ന് എങ്ങനെ സമൂഹത്തെ കെട്ടിപ്പടുക്കുന്നുവെന്നും ഈ ചിത്രങ്ങൾ കാണിച്ചുതരും. പോയകാലത്തോട് കലഹിക്കുകയും സന്ധിചെയ്യുകയും പുതിയകാല കാഴ്ചപ്പാടുകളെ രൂപപ്പെടുത്തുകയും ചെയ്യുന്ന ചിത്രങ്ങൾ ഇവിടെ കാണാം.


പ്രദർശനങ്ങൾക്കപ്പുറം, ഫെസ്റ്റിവൽ ഒരു വിപുലമായ സാംസ്കാരിക ഇടവും സൃഷ്ടിക്കുന്നുണ്ട്. ഐ.എഫ്.എഫ്.കെയുടെ മുപ്പത് വർഷത്തെ ചരിത്രം രേഖപ്പെടുത്തുന്ന പ്രദർശനങ്ങൾ, പശ്ചിമബംഗാളിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന പ്രത്യേക ഘട്ടക് ശതാബ്ദി പ്രദർശനം, പരേതനായ കലാകാരനും ആർട്ട് ഡയറക്ടറുമായ നമ്പൂതിരിയുടെ സ്കെച്ചുകളിലൂടെ നൽകുന്ന ആദരാഞ്ജലി എന്നിവ ഈ മേളയുടെ വ്യാപ്തി വർധിപ്പിക്കുന്നു. ഓപ്പൺ ഫോറം, ചർച്ചകൾ, ചലച്ചിത്രകാരന്മാരുമായുള്ള സംവാദങ്ങൾ, അരവിന്ദൻ മെമ്മോറിയൽ ലക്ചർ- ഇവയെല്ലാം ചർച്ചകളെ തിയേറ്ററുകൾക്കപ്പുറം വ്യാപിപ്പിക്കും.

ഈ വർഷം 13,000 ത്തിലധികം പ്രതിനിധികളും ഏകദേശം 200 സിനിമാ വിദഗ്ധരും പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആകെ ഫെസ്റ്റിവൽ സമൂഹം 15,000 ത്തിൽ കവിയുമെന്ന് കണക്കാക്കുന്നു. ഇത്തരമൊരു വലിയ പരിപാടി ഏറ്റെടുക്കുന്നത് അതിഥികളോടും നഗരത്തോടും പരിസ്ഥിതിയോടും ഉള്ള ഉത്തരവാദിത്വബോധത്തോടുകൂടിയാണ്. 'ഗ്രീൻ പ്രോട്ടോക്കോൾ' നടപടികളോടുള്ള പ്രതിബദ്ധതയിൽ അക്കാദമി ശ്രദ്ധകേന്ദ്രീകരിക്കുന്നു.

മികച്ച ചിത്രത്തിനുള്ള 'സുവർണ ചകോരം' ഉൾപ്പെടെ സമാപന ചടങ്ങിൽ നൽകുന്ന അവാർഡുകൾ കേവലമൊരു ചലച്ചിത്ര അംഗീകാരം മാത്രമല്ല. കാണപ്പെടാതെ പോകുമായിരുന്ന കഥകൾ പറഞ്ഞുതന്ന, പ്രതിബന്ധങ്ങളെ ധീരമായി അതിജീവിച്ച ചലച്ചിത്രകാരർക്കുള്ള ശക്തമായ പിന്തുണകൂടിയാണ്.

ഐ.എഫ്.എഫ്.കെയുടെ ശക്തി അതിന്റെ പ്രേക്ഷകരിലാണ്. ഗൗരവമേറിയ സിനിമയും ജനങ്ങളുടെ സിനിമയായിരിക്കാമെന്ന് കേരളം എപ്പോഴും തെളിയിച്ചിട്ടുണ്ട്. സബ്ടൈറ്റിലുകൾ ഇവിടെ ഒരിക്കലും ഒരു തടസ്സമായിട്ടില്ല. സിനിമ ആഘോഷത്തിനും ആത്മപരിശോധനക്കും ഒരുപോലെ വഴിവെക്കും. ഫെസ്റ്റിവൽ അതിന്റെ നാലാം ദശാബ്ദത്തിലേക്ക് കടക്കുമ്പോൾ, ലോകം കേരളത്തെ കാണുന്നതായും കേരളം സിനിമയിലൂടെ ലോകത്തെ കണ്ടെത്തുന്നതായും ഉള്ള ഈ യാത്ര തുടരണമെന്നതാണ് എന്റെ ആഗ്രഹം. ■

സി.അജോയ്
സെക്രട്ടറി, ചലച്ചിത്ര അക്കാദമി



ഒരു സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വിപുലമായ ജനപങ്കാളിത്തത്തോടെ 30 എഡിഷനുകൾ പൂർത്തിയാക്കുന്ന ഇന്ത്യയിലെ ഏകചലച്ചിത്രമേളയാണ് ഐ.എഫ്.എഫ്.കെ എന്ന് നമുക്ക് അഭിമാനപൂർവം പറയാം. 2025 ഡിസംബർ 12 മുതൽ 19 വരെ നടക്കുന്ന 30-ാം കേരള അന്താരാഷ്ട്ര ചലച്ചിത്രമേളയിലേക്ക് ഒരു തിരനോട്ടം

# മലയാളി ലോകസിനിമയെ അടുത്തറിഞ്ഞ 30 വർഷങ്ങൾ



യങ്ങ് മദേഴ്സ് -2025 ലെ കാൻ ഫെസ്റ്റിവലിൽ മികച്ച തിരക്കഥയ്ക്കുള്ള പുരസ്കാരം നേടിയ ചിത്രം

കേരളത്തിലെ ഏറ്റവും വലിയ സാംസ്കാരിക ഉൽസവമായ ഐ.എഫ്.എഫ്.കെ 30ാം പതിപ്പിൽ എത്തിയിരിക്കുകയാണ്. ഒരു സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വിപുലമായ ജനപങ്കാളിത്തത്തോടെ 30 എഡിഷനുകൾ പൂർത്തിയാക്കുന്ന ഇന്ത്യയിലെ ഏകചലച്ചിത്രമേളയാണ് ഐ.എഫ്.എഫ്.കെ എന്ന് നമുക്ക് അഭിമാനപൂർവം പറയാം. കൊൽക്കത്ത ചലച്ചിത്രമേള മൂന്ന പതിറ്റാണ്ട് പൂർത്തിയാക്കിയെങ്കിലും 2011 മുതലാണ് പൊതുജനങ്ങൾക്കായി തിയേറ്ററുകളുടെ വാതിൽ തുറന്നുകൊടുത്തത്.

അന്താരാഷ്ട്രതലത്തിൽ കേരളത്തിന്റെ യശസ്സ് ഉയർത്തിക്കാട്ടുന്നതിൽ ഐ.എഫ്.എഫ്.കെ നിർണായകമായ പങ്കു വഹിച്ചിട്ടുണ്ട്. സിനിമ എന്ന കലയ്ക്കും സാംസ്കാരിക പ്രവർത്തനങ്ങൾക്കും കേരളം നൽകുന്ന ഗൗരവവും പ്രാധാന്യവും ലോകത്തെ വിളിച്ചറിയിച്ചത് ഐ.എഫ്.എഫ്.കെയാണ്. ഗൗ



രവമുള്ള സിനിമാപ്രേമികൾ ഏറെയുള്ള നാടാണിതെന്ന് നമ്മുടെ മേളയിൽ അതിഥികളായി വന്ന പല വിദേശ ചലച്ചിത്രകാരരും പറഞ്ഞിട്ടുണ്ട്. പ്രേക്ഷകപങ്കാളിത്തം കൊണ്ടും പ്രദർശിപ്പിക്കുന്ന സിനിമകളുടെ മികവുകൊണ്ടും ലോകത്തെ ഏറ്റവും മികച്ച മേളകളിലൊന്നായി പേരെടുക്കാൻ കഴിഞ്ഞ 29 വർഷംകൊണ്ട് ഐ.എഫ്.എഫ്.കെക്ക് കഴിഞ്ഞു.

## ഐ.എഫ്.എഫ്.കെയുടെ ഹ്രസ്വചരിത്രം

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷന്റെ നേതൃത്വത്തിൽ 1994 ഡിസംബർ 17 മുതൽ 23 വരെ കോഴിക്കോടാണ് ആദ്യ ചലച്ചിത്രമേള നടന്നത്. രണ്ടാമത്തെ ഐ.എഫ്.എഫ്.കെ 1995 നവംബർ ഒന്നിന് കേരളപ്പിറവി ദിനത്തിൽ തിരുവനന്തപുരത്ത് നടന്നു. വിദേശത്തുനിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത ആദ്യമേളയായിരുന്നു അത്. 1998 ഏപ്രിൽ 5 മുതൽ 12 വരെ നടന്ന മൂന്നാമത്തെ മേളയിൽ വിഖ്യാത പോളിഷ് സംവിധായകൻ ക്രിസ്റ്റോഫ് സനൂസി ഉൾപ്പെടെയുള്ള പ്രമുഖർ പങ്കെടുത്തു. ഇ.കെ നായനാർ സർക്കാരിന്റെ തീരുമാനപ്രകാരം നാലാമത് അന്താരാഷ്ട്ര ചലച്ചിത്രമേള 1999 ഏപ്രിൽ മൂന്നു മുതൽ 10 വരെ കൊച്ചിയിൽ നടന്നു. നാലാംമേളയിൽ എത്തുമ്പോഴേക്കും ചലച്ചിത്ര നിർമ്മാതാക്കളുടെ അന്താരാഷ്ട്ര സംഘടനയായ ഫിയാഫിന്റെ അംഗീകാരം ഐ.എഫ്.എഫ്.കെക്ക് ലഭിച്ചിരുന്നു. മൽസര വിഭാഗം ആരംഭിച്ചത് ഈ മേളയിലാണ്. 2000 മാർച്ച് 31 മുതൽ ഏപ്രിൽ ഏഴുവരെ കോഴിക്കോട് നടന്ന അഞ്ചാമത് ചലച്ചിത്രമേളക്കുശേഷം തിരുവനന്തപുരം സ്ഥിരംവേദിയായി നിശ്ചയിക്കുകയായിരുന്നു.

## 30ാമത് ഐ.എഫ്.എഫ്.കെ

30ാമത് ഐ.എഫ്.എഫ്.കെ 2025 ഡിസംബർ 12 മുതൽ 19 വരെയാണ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്നത്. ഡിസംബർ 19 വരെ എട്ട് ദിവസങ്ങളിലായി നടക്കുന്ന മേളയിൽ എഴുപതോളം രാജ്യങ്ങളിൽനിന്നുള്ള 200ൽപ്പരം ചിത്രങ്ങൾ പ്രദർശിപ്പിക്കും. 30ാമത് പതിപ്പ് പ്രമാണിച്ച് മുൻവർഷങ്ങളിലേതിനേക്കാൾ മുപ്പതോളം ചിത്രങ്ങൾ അധികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 16 തിയേറ്ററുകളിലായാണ് പ്രദർശനം നടക്കുക. ഇത്തവണ ഒരു തിയേറ്റർ കൂടി അധികമായി സജ്ജീകരിച്ചിട്ടുണ്ട്. 13000ൽപ്പരം പ്രതിനിധികൾ മേളയിൽ പങ്കെടുക്കും. 200ഓളം ചലച്ചിത്രപ്രവർത്തകർ അതിഥികളായി എത്തുന്നുണ്ട്. മേളയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സിനിമകളുടെ പിന്നണിപ്രവർത്തകർ, ഒഫീഷ്യൽസ്, ഗസ്റ്റ്, സ്പോൺസർമാർ, മാധ്യമപ്രവർത്തകർ എന്നിവരുൾപ്പെടെ 15,000ത്തോളം പേരുടെ പങ്കാളിത്തം 30ാമത് ഐ.എഫ്.എഫ്.കെയിൽ ഉണ്ടാവും. ഹരിതനടപടിച്ചട്ടം പാലിച്ചുകൊണ്ടായിരിക്കും മേള സംഘടിപ്പിക്കുക.

## സ്പിരിറ്റ് ഓഫ് സിനിമ അവാർഡ്

30ാമത് ഐ.എഫ്.എഫ്.കെയിലെ സ്പിരിറ്റ് ഓഫ് സിനിമ അവാർഡ് കനേഡിയൻ ചലച്ചിത്രകാരി കെല്ലി ഫൈഫ് മാർഷലിന് സമ്മാനിക്കും. അഞ്ച് ലക്ഷം രൂപയും ശിൽപ്പവും പ്രശംസാപത്രവുമടങ്ങുന്നതാണ് അവാർഡ്. സിനിമയെ സമരായുധമാക്കി സമൂഹത്തിലെ അനീതികൾക്കെതിരെ പൊരുതുന്ന നിർഭയരായ വനിതാ ചലച്ചിത്രപ്രവർത്തകരെ ആദരിക്കുന്നതിനുവേ







ണ്ടി 26ാമത് ഐ.എഫ്.എഫ്.കെയിലാണ് 'സ്പിരിറ്റ് ഓഫ് സിനിമ' അവാർഡ് ഏർപ്പെടുത്തിയത്. കുർദിഷ് സംവിധായിക ലിസ കലാൻ ആയിരുന്നു പ്രഥമ ജേതാവ്. ഇറാൻ ഭരണകൂടത്തിന്റെ നിരന്തരമായ പീഡനത്തിന് വിധേയയായിട്ടും അവകാശ പോരാട്ടം തുടരുന്ന ചലച്ചിത്രകാരി മഹനാസ് മുഹമ്മദി, കെനിയയിലെ യാഥാസ്ഥിതിക മൂല്യങ്ങൾക്കെതിരെ പൊരുതുന്ന സംവിധായിക വന്വരി കഹിയു, ഇന്ത്യൻ സംവിധായിക പായൽ കപാഡിയ എന്നിവരാണ് മുൻവർഷങ്ങളിൽ ഈ പുരസ്കാരത്തിന് അർഹരായത്.

കറുത്ത വർഗക്കാരോടുള്ള വംശീയമുൻവിധികൾക്കെതിരെ സിനിമയിലൂടെ പൊരുതുന്ന കെല്ലി ഫൈഫ് മാർഷലിന്റെ 'ബ്ലാക്ക് ബോഡീസ്'(2020) എന്ന ഹ്രസ്വചിത്രം ടൊറന്റോ ഇന്റർനാഷണൽ ഫെസ്റ്റിവലിൽ മേളയുടെ ആദ്യ ചേഞ്ച്മേക്കർ അവാർഡ് നേടിയിട്ടുണ്ട്. കറുത്ത വർഗക്കാരുടെ ജീവിതാനുഭവങ്ങളിൽ ഊന്നിയുള്ള ഹേവൻ (2018) എന്ന ഹ്രസ്വചിത്രത്തിലൂടെയാണ് അവർ തന്റെ വരവറിയിച്ചത്. കലയിലൂടെ കറുത്ത വർഗക്കാരുടെ സമുദായത്തെ ശാക്തീകരിക്കുന്നതിനും സാമൂഹികനീതിക്കും വേണ്ടി രൂപംകൊടുത്ത 'മേക്ക് റിപ്പിൾസ്' എന്ന സന്നദ്ധസംഘടനയുടെ സഹസ്ഥാപക കൂടിയാണ് കെല്ലി ഫൈഫ്. ടെലിവിഷൻ രംഗത്തും പരസ്യചിത്രനിർമ്മാണരംഗത്തും തന്റെ കൈയൊപ്പ് പതിപ്പിച്ച കെല്ലിയുടെ 'ബ്ലാക്ക് എലിവേഷൻ മാപ്പ്' എന്ന പ്രചാരണചിത്രം നിരവധി അന്താരാഷ്ട്ര അംഗീകാരങ്ങൾ നേടിയിട്ടുണ്ട്. 2025ലെ ടൊറന്റോ ഇന്റർനാഷണൽ ഫെസ്റ്റിവലിൽ കെല്ലിയുടെ 'ഡീമൺസ്' എന്ന ഹ്രസ്വചിത്രം ഔദ്യോഗിക സെലക്ഷൻ നേടി. സ്വന്തം ജനതയുടെ അതിജീവനവും സ്നേഹവും കരീബിയൻ പ്രവാസിജീവിതവും പ്രതിഫലിപ്പിക്കുന്നവയാണ് കെല്ലിയുടെ ചിത്രങ്ങൾ.

## മേളയുടെ മുഖ്യ ആകർഷണങ്ങൾ

അന്താരാഷ്ട്ര മൽസരവിഭാഗത്തിൽ 14 സിനിമകളും മലയാള സിനിമ റ്റുഡേ വിഭാഗത്തിൽ 12 ചിത്രങ്ങളും ഇന്ത്യൻ സിനിമ നൗ വിഭാഗത്തിൽ ഏഴ് സിനിമകളും പ്രദർശിപ്പിക്കും. ലോകസിനിമാ വിഭാഗത്തിൽ അറുപതിലധികം സിനിമകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കലൈഡോസ്കോപ്പ് വിഭാഗത്തിൽ എട്ടു സിനിമകൾ പ്രദർശിപ്പിക്കും. ഫീമെയ്ൽ ഫോക്കസ്, മിഡ്നൈറ്റ് സിനിമ, റെസ്റ്റോർഡ് ക്ലാസിക്സ് എന്നീ വിഭാഗങ്ങളിലും സിനിമകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ജന്മശതാബ്ദിവർഷത്തിൽ ഘട്ടക്കിന്റെ നാല് ചിത്രങ്ങൾ

വിഖ്യാത ബംഗാളി സംവിധായകൻ ഋത്വിക് ഘട്ടക്കിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് അദ്ദേഹത്തിന്റെ ഏറ്റവും മികച്ച നാല് ചിത്രങ്ങൾ പ്രദർശിപ്പിക്കും. ഘട്ടക്കിന്റെ വിഖ്യാതമായ വിഭജനത്രയത്തിലെ മൂന്ന് ചിത്രങ്ങളും ഈ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കോമൾ ഗാന്ധാർ, തിതാഷ് ഏക് തി നദിർ നാം, സുബർണരേഖ, മേഘെ ധക്ക താര എന്നീ ചിത്രങ്ങളുടെ പുനരുദ്ധരിച്ച പതിപ്പുകളാണ് പ്രദർശിപ്പിക്കുന്നത്. മാർട്ടിൻ സ്കോർസെസിയുടെ വേൾഡ് സിനിമാ പ്രൊജക്റ്റിന്റെ ഭാഗമായി ഇറ്റലിയിലെ റെസ്റ്ററേഷൻ ലാബറട്ടറിയിലാണ് 'തിതാഷ് ഏക് തി നദിർ നാം' പുനരുദ്ധരിച്ചത്. നാഷണൽ ഫിലിം ആർക്കൈവ്സ് ഓഫ് ഇന്ത്യയാണ് മറ്റു മൂന്നു ചിത്രങ്ങളും 4 കെ റെസല്യൂഷനിൽ പുതുക്കിയിരിക്കുന്നത്.

ഘട്ടക്കിന്റെ ഏറ്റവും പ്രശസ്തമായ ചിത്രങ്ങളിലൊന്നാണ് 1960ലെ 'മേഘ ധക്ക താര' (മേഘാവൃതമായ നക്ഷത്രം). 'വിഭജന ത്രയം' എന്നു വിളിക്കപ്പെടുന്ന ചിത്രങ്ങളിലേ ആദ്യത്തേതാണ് ഈ ചിത്രം. കുടുംബത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും ഏറ്റെടുക്കേണ്ടി വരുന്ന നീതയെന്ന യുവതിയുടെ സഹനങ്ങളുടെ കഥയാണിത്. വിഭജനത്രയത്തിലെ രണ്ടാമത്തെ സിനിമയായ കോമൾ ഗാന്ധാർ (1961) പുരോഗമന നാടകക്കൂട്ടായ്മയായ ഇപ്റ്റയിലെ രാഷ്ട്രീയ ഭിന്നതകൾ, വിഭജനത്തിന്റെ സംഘർഷങ്ങൾ എന്നിവ അവതരിപ്പിക്കുന്നു. വിഭജനാനന്തര ബംഗാളിന്റെ പശ്ചാത്തലത്തിൽ അഭയാർഥികളാക്കപ്പെട്ടവരുടെ വൈകാരികമായ അതിജീവനശ്രമങ്ങൾ അവതരിപ്പിക്കുന്ന സുബർണരേഖ (1962). സ്വാതന്ത്ര്യപൂർവ ഇന്ത്യയിലെ തിതാഷ് നദിക്ക് സമീപത്ത് ജീവിക്കുന്ന മാലോ എന്ന മുക്കുവസമൂഹത്തിന്റെ ജീവിതപ്രശ്നങ്ങളാണ് തിതാഷ് ഏക് തി നദിർ നാം (1973)ചർച്ചയ്യെടുക്കുന്നത്.

## റെട്രോസ്പെക്റ്റീവ് യൂസഫ് ഷഹീനും സയ്യിദ് മിർസയും

വിഖ്യാത ഈജിപ്ഷ്യൻ സംവിധായകൻ യൂസഫ് ഷഹീനിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് അദ്ദേഹത്തിന്റെ ഏറ്റവും മികച്ച മൂന്നു ചിത്രങ്ങൾ റെട്രോസ്പെക്റ്റീവ് വിഭാഗത്തിൽ പ്രദർശിപ്പിക്കും. കെയ്റോ സ്റ്റേഷൻ (1958), അലക്സാൺഡ്രിയ എഗൈൻ ആന്റ് ഫോർ എവർ(1989), ദ അദർ (1999) എന്നീ ചിത്രങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ആയുഷ്കാല സംഭാവനയ്ക്കുള്ള കാൻ ചലച്ചിത്രമേളയുടെ 50ാമത് ലൈഫ്ടൈം



അച്ചീവ്മെന്റ് അവാർഡ് നേടിയ യൂസഫ് ഷഹീൻ 1950കൾ മുതൽ 2008ൽ 82ാം വയസ്സിൽ മരിക്കുന്നതു വരെ ഈജിപ്ഷ്യൻ സിനിമയിൽ സജീവമായിരുന്നു. ഒമർ ഷെരീഫ് എന്ന വിഖ്യാത നടന്റെ ചലച്ചിത്ര പ്രവേശത്തിനും കരിയറിലെ വളർച്ചയ്ക്കും നിമിത്തമായ സംവിധായകനാണ് യൂസഫ് ഷഹീൻ. കെയ്റോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ എക്കാലത്തെയും മികച്ച 100 ചിത്രങ്ങൾ തിരഞ്ഞെടുത്തപ്പോൾ അതിൽ 12 ചിത്രങ്ങളും യൂസഫ് ഷഹീനിന്റെതായിരുന്നു. അദ്ദേഹത്തിന്റെ എട്ട് ചിത്രങ്ങൾ കാൻ ചലച്ചിത്രമേളയിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 1979ൽ അലക്സാൻഡ്രിയ വൈ എന്ന ചിത്രത്തിന് ബെർലിൻ ചലച്ചിത്രമേളയിൽ സിൽവർ ബെയർ പുരസ്കാരം ലഭിച്ചിരുന്നു. അറബ് സിനിമയെ അന്താരാഷ്ട്ര തലത്തിൽ അടയാളപ്പെടുത്തിയ ചലച്ചിത്രകാരനായാണ് അദ്ദേഹം അറിയപ്പെടുന്നത്.

ദേശീയ ചലച്ചിത്രപുരസ്കാര ജേതാവായ സയ്യിദ് മിർസയുടെ മൂന്ന് ചിത്രങ്ങൾ റെട്രോസ്പെക്റ്റീവ് വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രദർശിപ്പിക്കും. 1996ൽ രണ്ട് ദേശീയ ചലച്ചിത്രപുരസ്കാരങ്ങൾ നേടിയ 'നസീം', മികച്ച ഹിന്ദി ചിത്രത്തിനുള്ള 37ാമത് ദേശീയ പുരസ്കാരം നേടിയ 'സലീം ലാംഗ്ഡേ പേ മത് രോ', 'അരവിന്ദ് ദേശായി കി അജീബ് ദാസ്താൻ' എന്നീ ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്. ബാബരി മസ്ജിദ് തകർക്കപ്പെടുന്നതിനു തൊട്ടു മുമ്പുള്ള ആറു മാസങ്ങളിൽ മുംബൈയിലെ ഒരു മുസ്ലിംകുടുംബത്തിലെ നസീം എന്ന 15കാരിയും മുത്തച്ഛനും തമ്മിലുള്ള ബന്ധത്തിലൂടെ വർഗീയസംഘർഷത്തിന്റെ തീക്ഷ്ണത അവതരിപ്പിക്കുന്ന ചിത്രമാണ് 'നസീം'. നഗരങ്ങളിലെ മുസ്ലിംകളുടെ അരികുവത്കരണത്തെക്കുറിച്ചുള്ള ആഴത്തിലുള്ള പരിശോധനയാണ് സലിംപാഷ എന്ന ഭിന്നശേഷിക്കാരന്റെ കഥ പറയുന്ന 'സലീം ലാംഗ്ഡേ പേ മത് രോ'. വായിൽ വെള്ളിക്കരണ്ടിയുമായി ജനിച്ചുവീണ ഒരു സമ്പന്ന ബിസിനസുകാരന്റെ മകന്റെ ലക്ഷ്യബോധമില്ലാത്ത ജീവിതയാത്ര അവതരിപ്പിക്കുകയാണ് 'അരവിന്ദ് ദേശായി കി അജീബ് ദാസ്താൻ' എന്ന ചിത്രം.

പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് 1976ൽ ബിരുദം നേടിയ സയ്യിദ് മിർസ പുരോഗമന രാഷ്ട്രീയത്തിന്റെ ശക്തമായ അടിയൊഴുക്കുള്ള പ്രമേയങ്ങളാണ് സിനിമകൾക്ക് സ്വീകരിച്ചിരുന്നത്. നിലവിൽ കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സിന്റെ ചെയർമാൻ ആണ്.


## ഫിലിംമേക്കർ ഇൻ ഫോക്കസ് ഗരിൻ നുഗ്രോഹോ


ഫിലിംമേക്കർ ഇൻ ഫോക്കസ് വിഭാഗത്തിൽ ഇന്തോനേഷ്യൻ സംവിധായകൻ ഗരിൻ നുഗ്രോഹോയുടെ അഞ്ച് ചിത്രങ്ങൾ പ്രദർശിപ്പിക്കും. സമകാലിക ലോക സിനിമയിലെ, പ്രത്യേകിച്ച് തെക്കുകിഴക്കൻ ഏഷ്യയിലെ ശക്തമായ ശബ്ദങ്ങളിലൊന്നാണ് ഗരിൻ നുഗ്രോഹോ. കാൻ, വെനീസ്, ബെർലിൻ, ലൊക്കാർണോ മേളകളിൽ അദ്ദേഹത്തിന്റെ ചിത്രങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്.

'ബേഡ് മാൻ ടെയ്ൽ', 'എ പോയറ്റ്: അൺകൺസീൽഡ് പോയട്രി', 'സംസാര', 'വിസ്പേഴ്സ് ഇൻ ദ ഡബ്ബാസ്', 'ലെറ്റർ റ്റു











ആൻ ഏയ്ഞ്ചൽ' എന്നീ ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്. പാപ്പുവ നഗരം സ്വാതന്ത്ര്യത്തിനുവേണ്ടി ശബ്ദമുയർത്തുന്ന സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിൽ ഒരു പെൺകുട്ടിയെ ചുംബിക്കുന്നതിനായി അവളെ പിന്തുടരുന്ന അർനോൾഡ് എന്ന 15 കാരന്റെ കഥ പറയുകയാണ് 'ബേഡ് മാൻ ടെയ്ൽ'. 2001ലെ സിംഗപ്പൂർ ഇന്റർനാഷണൽ ഫെസ്റ്റിവലിൽ ഫിപ്രസ്കി പുരസ്കാരം നേടിയ ചിത്രമാണ് 'എ പോയറ്റ്: അൺകൺസീൽഡ് പോയട്രി'. ലൊകാർണോ മേളയിൽ സിൽവർ ലെപ്പേർഡ് അവാർഡും ഈ ചിത്രം നേടുകയുണ്ടായി. ജയിലിലെ രണ്ടു സെല്ലുകളിലായാണ് ചിത്രത്തിന്റെ കഥ നടക്കുന്നത്. പൂർണമായും ബ്ലാക് ആന്റ് വൈറ്റിലാണ് ഈ സിനിമ ചിത്രീകരിച്ചിരിക്കുന്നത്. കമ്യൂണിസ്റ്റ് അനുഭാവത്തിന്റെ പേരിൽ തടവിലാക്കപ്പെടുന്ന കവി ഇബ്രാഹിം കദീറിന്റെ അനുഭവങ്ങളിലൂടെ ഇന്തോനേഷ്യയിലെ അനധികൃത തടവുകാരുടെ ദുരിത ജീവിതം നാം അറിയുന്നു.

2024ൽ പുറത്തിറങ്ങിയ നിശ്ശബ്ദ പ്രണയകഥയാണ് 1930 കളിലെ ബാലി പശ്ചാത്തലമായ 'സംസാര'. താൻ പ്രണയിക്കുന്ന പെൺകുട്ടിയുടെ മാതാപിതാക്കളുടെ അംഗീകാരം നേടുന്നതിനായി സമ്പന്നനാവുക എന്ന ലക്ഷ്യം മുൻനിർത്തി ആഭിചാരപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഒരു ദരിദ്രന്റെ കഥയാണിത്. 'വിസ്പേഴ്സ് ഇൻ ദ ഡബ്ബാസ്' സമ്പന്നർക്കും പ്രബലർക്കുമൊപ്പം നിൽക്കുന്ന അഴിമതി നിറഞ്ഞ നീതിന്യായ സംവിധാനത്തിന്റെ



മായ ഒരു പാക്കേജും മേളയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കാൻ ചലച്ചിത്രമേളയിൽ പാംദോർ നേടിയ ജാഫർ പനാഹിയുടെ ഇറ്റ് വോസ് ജസ്റ്റ് ആൻ ആക്സിഡന്റ്, കാമറ ദോർ അവാർഡ് നേടിയ ദ പ്രസിഡന്റ്സ് കേക്ക്, ഗ്രാന്റ് പ്രി നേടിയ സെന്റിമെന്റൽ വാല്യൂ, മികച്ച സംവിധാനത്തിനും മികച്ച നടനുമുള്ള പുരസ്കാരങ്ങളും ഫിപ്രസ്കി അവാർഡും നേടിയ ദ സീക്രട്ട് ഏജന്റ്, കാൻ മേളയിൽ ജൂറി പ്രൈസ് നേടിയ ചിത്രങ്ങളായ പോയറ്റ്, സിറാറ്റ്, മികച്ച തിരക്കഥയ്ക്കുള്ള പുരസ്കാരം നേടിയ യങ് മദേഴ്സ്, പാംദോറിന് നാമനിർദേശം ചെയ്യപ്പെട്ട ദ മാസ്റ്റർമൈൻഡ്, വെനീസ് മേളയിൽ ആദ്യ പ്രദർശനം നടത്തിയ സമകാലിക ചലച്ചിത്രാചാര്യൻ പാർക്ക് ചാൻ വുക്കിന്റെ നോ അദർ ചോയ്സ്, യാർഗോസ് ലാന്തിമോസിന്റെ ബുഗോണിയ, ബെർലിൻ മേളയിൽ ഗോൾഡൻ ബെയർ പുരസ്കാരം നേടിയ

**വിയറ്റ്നാം യുദ്ധത്തിന്റെ അൻപതാം വാർഷികത്തോടനുബന്ധിച്ച് കൺട്രി ഫോക്കസ് വിഭാഗത്തിൽ വിയറ്റ്നാമിൽനിന്നുള്ള അഞ്ച് ചിത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്**

ഭാഗമായി പ്രവർത്തിക്കേണ്ടിവരുന്ന ഒരു അഭിഭാഷകന്റെ ദുരവസ്ഥ വരച്ചുകാട്ടുന്നു.

ലെറ്റർ റ്റു ആൻ ഏയ്ഞ്ചൽ (1994) ഭൂമിയെ സംരക്ഷിക്കുന്ന മാലാഖയിൽ വിശ്വസിക്കുന്ന ലെവ എന്ന ബാലന്റെ കഥ പറയുന്നു. സുംബ ദ്വീപിൽ ചിത്രീകരിച്ച ആദ്യ ചിത്രമാണ് ഇത്.


## കൺട്രി ഫോക്കസ് വിയറ്റ്നാം

വിയറ്റ്നാം യുദ്ധത്തിന്റെ അൻപതാം വാർഷികത്തോടനുബന്ധിച്ച് കൺട്രി ഫോക്കസ് വിഭാഗത്തിൽ വിയറ്റ്നാമിൽ നിന്നുള്ള അഞ്ച് ചിത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ബൂയി താക് ച്യുയെൻ സംവിധാനം ചെയ്ത 'ഗ്ലോറിയസ് ആഷസ്' (Glorious Ashes), ട്രൂങ് മിൻ ക്വി സംവിധാനം ചെയ്ത 'ദി ട്രീ ഹൗസ്' (The Tree House), ഫാം ങോക് ലാന്റെ 'കു ലി നെവർ ക്രൈസ്' (Cu Li Never Cries), ഡുവോങ് ഡിയോ ലിന്റെ ' ഡോണ്ട് ക്രൈ ബട്ടർഫ്ലൈ' (Don't Cry Bttuerfly), ട്രിൻ ദിൻ ലെ മിന്റിന്റെ 'വൺസ് അപ്പോൺ എ ലവ് സ്റ്റോറി' (Once upon a Love Story) എന്നീ ചിത്രങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## ഫെസ്റ്റിവൽ ഫേവറിറ്റ്സ്

മുൻനിര ചലച്ചിത്രമേളകളിൽ പ്രേക്ഷക പ്രീതി നേടിയ ചിത്രങ്ങളുടെ ആകർഷക
















ഐഎഫ്എഫ്കെ ലൈഫ്ടൈം അച്ചീവ്മെന്റ് പുരസ്കാരം നേടിയ ആഫ്രിക്കൻ സംവിധായകൻ അബ്ദുറഹിമാൻ സിസ്സാകോ



സ്പിരിറ്റ് ഓഫ് സിനിമ പുരസ്കാരം-കെല്ലി ഫൈഫ് മാർഷൽ





ഡ്രീംസ് (സെക്സ് ലവ്) തുടങ്ങിയവ ഈ വിഭാഗത്തിലെ മുഖ്യ ആകർഷണങ്ങളാണ്.

## സ്മൃതിചിത്രങ്ങൾ

സംവിധായകൻ ഷാജി എൻ. കരുൺ, സംവിധായകനും തിരക്കഥാകൃത്തുമായ എം.ടി വാസുദേവൻ നായർ എന്നിവർക്ക് സ്മരണാഞ്ജലിയർപ്പിക്കുന്ന ഹോമേജ് വിഭാഗത്തിൽ ഇരുവരുടെയും രണ്ടു ചിത്രങ്ങൾ വീതം പ്രദർശിപ്പിക്കും.

## എക്സിബിഷൻ

മേളയുടെ ഭാഗമായി മൂന്ന് എക്സിബിഷനുകൾ സംഘടിപ്പിക്കും. മേളയുടെ മൂന്നുപതിറ്റാണ്ടു നീണ്ട ചരിത്രത്തിലൂടെ സഞ്ചരിക്കുന്ന 'ഐ.എഫ്.എഫ്.കെ എക്സ്പീരിയൻസിയ', ഋത്വിക് ഘട്ടക്കിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് ബംഗാളിലെ ഇൻഫർമേഷൻ ആന്റ് കൾച്ചറൽ അഫയേഴ്സ് വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന എക്സിബിഷൻ എന്നിവ മുഖ്യവേദിയായ ടാഗോർ തിയേറ്റർ പരിസരത്ത് സജ്ജീകരിക്കും. ചലച്ചിത്രകലാസംവിധായകൻ കൂടിയായിരുന്ന ആർട്ടിസ്റ്റ് നമ്പൂതിരിയുടെ ജന്മശ





താബ്ദിയോടനുബന്ധിച്ച് അദ്ദേഹത്തിന്റെ ലൊക്കേഷൻ സ്കെച്ചുകൾ ന്യൂ തിയേറ്റർ പരിസരത്ത് പ്രദർശിപ്പിക്കും. കേരള ലളിതകലാ അക്കാദമിയുടെയും ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റിന്റെയും സഹകരണത്തോടെയാണ് ഈ എക്സിബിഷൻ സംഘടിപ്പിക്കുന്നത്.

## അനുബന്ധ പരിപാടികൾ

മേളയുടെ ഭാഗമായി ഓപ്പൺ ഫോറം, ഇൻ കോൺവർസേഷൻ, മീറ്റ് ദ ഡയറക്ടർ, അരവിന്ദൻ സ്മാരക പ്രഭാഷണം എന്നിവയും ഉണ്ടായിരിക്കും. കലാസാംസ്കാരിക പരിപാടികൾ നഗരത്തിലെ സാംസ്കാരിക ഇടനാഴിയായ മാനവീയം വീഥിയിൽ സംഘടിപ്പിക്കും. ഉദ്ഘാടന സമാപനച്ചടങ്ങുകളുടെ മുന്നോടിയായി സംഗീതപരിപാടികൾ അവതരിപ്പിക്കും.

## പ്രസിദ്ധീകരണങ്ങൾ

30ാമത് ഐ.എഫ്.എഫ്.കെയോടനുബന്ധിച്ച് അക്കാദമിയുടെ മുഖമാസികയായ ചലച്ചിത്രസമീക്ഷ പ്രത്യേക പതിപ്പായി പ്രസിദ്ധീകരിക്കും. ചലച്ചിത്രമേളയുടെ ചരിത്രത്തിലൂടെ സഞ്ചരിക്കുന്ന പതിപ്പ് കൂടുതൽ പേജുകളോടെയാണ് പ്രസിദ്ധീകരിക്കുന്നത്. ജന്മശതാബ്ദി വർഷത്തിൽ ഋത്വിക് ഘട്ടക്കിനുള്ള ആദരമായി അദ്ദേഹത്തിന്റെ ചലച്ചിത്ര ജീവിതത്തെക്കുറിച്ച് സി.എസ് വെങ്കിടേശ്വരൻ എഴുതിയ 'കത്തിയെരിയുന്ന ലോകം-ഘട്ടക്കിന്റെ ജീവിതവും കാലവും' എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കും. സംവിധായകൻ ഷാജി എൻ. കരുണിന്റെ സംഭാവനകൾ അടയാളപ്പെടുത്തി സജീവ് പാഴൂർ എഡിറ്റ്ചെയ്ത 'കരുണയുടെ ക്യാമറ', രാജീവ് നാഥിന്റെ അരന്യറ്റാണ്ട് നീണ്ട ചലച്ചിത്രജീവിതത്തെക്കുറിച്ച് അലക്സ് വള്ളികുന്നം തയാറാക്കിയ 'തണൽ', സൗണ്ട് ഡിസൈനർ ടി.കൃഷ്ണനുണ്ണിയുടെ 'ശബ്ദേന്ദ്രജാലം' എന്നീ പുസ്തകങ്ങളും പ്രസിദ്ധീകരിക്കും.


## പുരസ്കാരങ്ങൾ

ഡിസംബർ 19ന് നിശാഗന്ധിയിൽ നടക്കുന്ന സമാപനച്ചടങ്ങിൽ പുരസ്കാരങ്ങൾ സമർപ്പിക്കും. മികച്ച ചിത്രത്തിനുള്ള സുവർണ ചകോരത്തിന് അർഹമാവുന്ന സിനിമയ്ക്ക് 20 ലക്ഷം രൂപ ലഭിക്കും. രജത ചകോരത്തിന് അർഹമാവുന്ന ചിത്രത്തിന്റെ സംവിധാനത്തിന് നാലു ലക്ഷം രൂപയും രജതചകോരത്തിന് അർഹത നേടുന്ന നവാഗത സംവിധായക പ്രതിഭയ്ക്ക് മൂന്നു ലക്ഷം രൂപയും ലഭിക്കും. പ്രേക്ഷക പുരസ്കാരത്തിന് അർഹമാവുന്ന സിനിമയുടെ സംവിധാനത്തിന് രണ്ടു ലക്ഷം രൂപയും കെ.ആർ.മോഹനൻ എൻഡോവ്മെന്റ് അവാർഡ് നേടുന്ന ഇന്ത്യയിലെ മികച്ച നവാഗത സംവിധായകപ്രതിഭയ്ക്ക് ഒരു ലക്ഷം രൂപയും ലഭിക്കും. ഫിപ്രസ്കി, നെറ്റ്പാക് അവാർഡുകളും സമാപനച്ചടങ്ങിൽ സമ്മാനിക്കും. ■

30 IFFK

ഒരുപാട് ചെറുപ്പക്കാർക്ക് സിനിമയെടുക്കാൻ ഐഎഫ്എഫ്കെ സ്വാധീനമായിട്ടുണ്ട്.

# ഐഎഫ്എഫ്കെയുടെ ഗ്രാഫ് ഉയർന്നു



കേരള രാജ്യാന്തര ചലച്ചിത്ര മേള 30 വർഷത്തിലെത്തുന്നു എന്നത് തീർത്തും അഭിമാനകരമായ കാര്യമാണ്. ഇന്ത്യയിൽ നടക്കുന്ന ഏറ്റവും മികച്ച ഫെസ്റ്റിവൽ എന്ന പദവി ഐഎഫ്എഫ്കെയ്ക്ക് നേടാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ കേരളീയർക്കെല്ലാം അഭിമാനിക്കാം. ഇത് ഘട്ടംഘട്ടമായ വളർച്ചയാണ്. തുടർച്ചയായി നടത്തിയ പരിഷ്കാരങ്ങളുടെ പരിണത ഫലവുമാണ്

## ആദ്യ ഫെസ്റ്റിവൽ ഓർമകൾ

ആദ്യത്തെ ഐഎഫ്എഫ്കെ നടന്നത് കോഴിക്കോട് ആയിരുന്നു. അന്ന് ഫെസ്റ്റിവെൽ കമ്മിറ്റിയുടെ ചെയർമാനായിരുന്നു ഞാൻ. പി.കെ.നായർ ആയിരുന്നു ഫെസ്റ്റിവെൽ ഡയറക്ടർ. അദ്ദേഹം പൂനെ ഫിലിം ആർക്കൈവ്സിൽ നിന്ന് കുറേ സിനിമകൾ കൊണ്ടുവന്നു. അല്ലാതെ പലയിടങ്ങളിൽ നിന്നായി ശേഖരിച്ച സിനിമകളും വച്ചാണ് ചെറിയ രീതിയിൽ ഫെസ്റ്റിവെൽ നടത്തിയത്. കെ.ജയകുമാർ ആയിരുന്നു അന്ന് സാംസ്കാരിക വകുപ്പ് സെക്രട്ടറി.

ഇത് സഞ്ചരിക്കുന്ന ഫെസ്റ്റിവെൽ ആകണമെന്ന് അന്ന് പലരും ആഗ്രഹിക്കുകയും നിർദേശിക്കുകയും ചെയ്തിരുന്നു. എന്നുവച്ചാൽ ഓരോ വർഷവും വ്യത്യസ്ത നഗരങ്ങളിൽ സംഘടിപ്പിക്കുക എന്ന രീതി. അതിനോട് എനിക്ക് യോജിപ്പില്ലായിരുന്നു. ഒരു രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് സ്ഥിരമായി ഒരു വേദിയുണ്ടാകണം. ആ ഒരു ഗൗരവം അതിന് നൽകേണ്ടതുണ്ട് എന്നായിരുന്നു ഞാൻ ഉൾപ്പെടെയുള്ളവരുടെ അഭിപ്രായം. അങ്ങനെ പിന്നീട് തിരുവനന്തപുരം സ്ഥിരം വേദിയായി നിശ്ചയിക്കുകയായിരുന്നു.

## ഫിലിം പ്രിന്റിലെ സിനിമ

അന്ന് ഫിലിം പ്രിന്റിൽ ആണ് സിനിമ കാണിച്ചിരുന്നത്. വിദേശത്തുനിന്ന് ഇന്ത്യയിലേക്ക് സിനിമകൾ അയയ്ക്കാൻ അതിന്റെ നിർമ്മാതാക്കൾക്ക് താത്പര്യമില്ലായിരുന്നു. പ്രിന്റ് വളരെ മോശമായിട്ടാണ് കൈകാര്യം ചെയ്തിരുന്നത് എന്നതാണ് കാരണം. പ്രിന്റ് തിരിച്ചുചെല്ലുമ്പോഴേക്ക് അതിലാകെ പൊട്ടലുകളും പോറലുകളും നിറഞ്ഞിരുന്നു. കളർ പെൻസിൽ കൊണ്ടാണ് ഫിലിമിൽ അടയാളങ്ങൾ ഇടേണ്ടത്. അത് പിന്നീട് മായ്ച്ചുകളയാം. ഫിലിം പ്രിന്റിനെക്കുറിച്ച് വലിയ ധാരണയില്ലാത്തവർ അലക്ഷ്യമായി കൈകാര്യം ചെയ്യുമ്പോഴാണ് അങ്ങനെ സംഭവിക്കുന്നത്. ചുമതലപ്പെട്ടവർക്ക് കൃത്യമായ പരിശീലനം നൽകി വേണമായിരുന്നു ഇതിന് പരിഹാരം കാണാൻ.

ഞാൻ അക്കാദമി ചെയർമാൻ ആയിരുന്നപ്പോൾ ഫെസ്റ്റിവലിന്റെ ഭാഗമായ തിയേറ്ററുകളിലെ ഓപ്പറേറ്റർമാർക്ക് ഫിലിം പ്രിന്റ് കൈകാര്യം ചെയ്യുന്നതിനു പ്രത്യേക പരിശീലനം നൽകി. അതിനുശേഷം വിദേശത്ത് നിന്ന് ഇവിടേക്ക് വരുന്ന സിനിമകൾ കേടുപാടുകൂടാതെ തിരിച്ചയക്കാൻ



ഇന്ത്യൻ സിനിമാ വിഭാഗത്തിലെ ബംഗാളി സിനിമ - മരീചിക

നമുക്കായി. പ്രൊഫഷണലായിട്ടാണ് ഇത് കൈകാര്യം ചെയ്യുന്നതെന്ന തോന്നൽ അതിലൂടെ അവർക്കുമുണ്ടായി. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

## ഒറ്റ അവാർഡിൽ നിന്ന് കൂടുതൽ എണ്ണത്തിലേക്ക്

മികച്ച സിനിമയ്ക്ക് മാത്രമായിരുന്നു ആദ്യം അവാർഡ് നൽകിയിരുന്നത്. ഒന്നിലധികം അവാർഡുകൾ ഏർപ്പെടുത്തിയത് ഞാൻ ചെയർമാൻ ആയിരുന്ന കാലത്താണ്. മികച്ച രണ്ടാമത്തെ ചിത്രം, മികച്ച നടൻ, മികച്ച നടി, കന്നിച്ചിത്രം, പ്രേക്ഷകരുടെ പുരസ്കാരം ഫിപ്രസി അവാർഡ് ഇതെല്ലാം തുടർന്ന് ഏർപ്പെടുത്തി. മികച്ച സിനിമയ്ക്ക് അവാർഡ് നൽകുമ്പോൾ ഒരു സിനിമയ്ക്ക് മാത്രമേ അവാർഡ് കൊടുക്കാൻ പറ്റൂ. അതേ നിലവാരത്തിലുള്ള വേറെയും മികച്ച സിനിമകളുണ്ടായിരിക്കും. ആകെ ഒരു സിനിമയ്ക്ക് മാത്രം അവാർഡ് നൽകുമ്പോൾ സമാന നിലവാരമുള്ള മറ്റ് ചിത്രങ്ങൾ പരിഗണിക്കപ്പെടാതെ പോകും. കൂടുതൽ അവാർഡുകൾ ഏർപ്പെടുത്തുമ്പോൾ അക്കാരണം കൊണ്ടുതന്നെ കൂടുതൽ സിനിമകൾ മത്സരത്തിനു ലഭിക്കും.

## മലയാളം സിനിമ ഇന്ന്

മലയാളം സിനിമ ടുഡേ എന്നൊരു വിഭാഗം ഉണ്ടാക്കിയതും ആ കാലത്താണ്. മത്സര വിഭാഗത്തിൽ രണ്ട് മലയാളം സിനിമകളെ മാത്രമേ ഉൾപ്പെടുത്താനാകൂ. ചിലപ്പോൾ മികച്ച നിലവാരത്തിലുള്ള വേറെയും നല്ല സിനിമകൾ ഉണ്ടായിരിക്കും. അവയെ പരിഗണിക്കുന്നതിനായി



ബാബ് എൽ ഹദീദ് - യൂസുഫ് ഷഹീൻ റെട്രോസ്പെക്ടീവ്



**അടൂർ ഗോപാലകൃഷ്ണനും നാനാ പടേക്കറും ഐഎഫ്എഫ്കെ യിൽ**

ട്ടാണ് മലയാളം സിനിമ ടുഡേ എന്നൊരു വിഭാഗത്തിന് രൂപം കൊടുത്തത്. കേരളത്തിൽ നിന്നുള്ള മികച്ച മൂന്നോ നാലോ സിനിമകളെ ഉൾപ്പെടുത്തിയുള്ള ഒരു പാക്കേജ് ആണ് അന്ന് ഉദ്ദേശിച്ചത്. അഞ്ചിൽ കൂടുതൽ സിനിമകൾ ഉൾപ്പെടുത്തുന്നതൊന്നും ചിന്തിച്ചിട്ടേയില്ല. ഇപ്പോഴത് വലിയ എണ്ണമായി മാറിയിട്ടുണ്ട്. ഇന്ത്യൻ സിനിമ വിഭാഗവും അന്ന് പുതിയതായി തുടങ്ങിയതാണ്. ഇതെല്ലാം ചലച്ചിത്ര മേളയെ കൂടുതൽ ആകർഷകമാക്കുന്നതിനായി ചെയ്തതാണ്.

## പാസിൽ നിന്ന് ഡെലിഗേറ്റ്ഷിപ്പിലേക്ക്

സിനിമ കാണാൻ പാസ് കൊടുക്കുന്നതായിരുന്നു ഐഎഫ്എഫ്കെയുടെ തുടക്ക കാലത്ത് നിലനിന്നിരുന്ന സമ്പ്രദായം. പരിചയക്കാർക്കും ബന്ധമുള്ളവർക്കുമെല്ലാം സംഘാടകർ പാസ് കൊടുക്കും. പക്ഷേ ഇതിന്റെയൊരു പ്രശ്നം ഭേദപ്പെട്ട സിനിമകൾ കാണാൻ താത്പര്യമുള്ളവർക്ക് പാസ് കിട്ടാതെ പോകുന്ന അവസ്ഥയുണ്ടാകുമെന്നതാണ്. സജീവ താൽപര്യമുള്ള പ്രേക്ഷകർ പുറത്താക്കപ്പെടുകയും അല്ലാത്തവർ പാസ് സമ്പാദിച്ച് അകത്ത് കയറുകയും ചെയ്തുപോന്നു. ആ രീതിക്ക് ഒരു മാറ്റം വരുത്തണമെന്ന് തോന്നി. അങ്ങനെയാണ് പാസ് നിർത്തലാക്കി, നിശ്ചിത തുക ഡെലിഗേറ്റ് ഫീസ് വാങ്ങിക്കൊണ്ടുള്ള രജിസ്ട്രേഷൻ രീതി ഐഎഫ്എഫ്കെയിൽ കൊണ്ടുവന്നത്. ഇതായിരുന്നു ഫെസ്റ്റിവെലിനെ സംബന്ധിച്ച് അന്നുണ്ടായതിൽ വച്ച് ഏറ്റവും പ്രധാന പരിഷ്കാരം. ഈ രീതി പിന്നീട് ഇന്ത്യയിലെ മറ്റു ഫെസ്റ്റിവെലുകളും അനുകരിച്ചു.



**ഇന്ത്യൻ സിനിമാ വിഭാഗം - ലാപ്തെയ്ൻ**

## മാധ്യമവാർത്തകളെ കുറിച്ചുള്ള ഓർമ

ഐഎഫ്എഫ്കെയുടെ തുടക്കകാലത്തെ മറ്റൊരു ഓർമ്മ മാധ്യമങ്ങളെ സംബന്ധിച്ചാണ്. ഫെസ്റ്റിവലിനെ കുറിച്ച് എന്തെങ്കിലും കുറ്റം കണ്ടുപിടിച്ച് വിമർശിക്കുകയെന്നത് അന്ന് ഒരു പതിവായിരുന്നു. ഇത് നിരന്തരം ആവർത്തിച്ചപ്പോൾ വാർത്താസമ്മേളനം വിളിച്ച് മാധ്യമങ്ങളോട് ദയവായി അത് ചെയ്യരുതെന്ന് അഭ്യർഥിച്ചു. ഇത്തരത്തിലൊരു ചലച്ചിത്രമേള കേരളത്തിന് അഭിമാനകരമാണ്. കുറേപ്പേരുടെ അധ്വാനവും സർക്കാരിന്റെ സദുദ്ദേശ്യവും അതിനു പിന്നിലുണ്ട്. നടത്തിപ്പിനെക്കുറിച്ച് മോശം വാർത്തകൾ മാത്രം ആവർത്തിക്കുമ്പോൾ പുറംലോകത്തും മേളയെക്കുറിച്ചുള്ള അഭിപ്രായം മോശമാകും. കുറവുകൾ ഉണ്ടെങ്കിൽ മുന്നോട്ടുവയ്ക്കാം. ഞങ്ങളത് പരിഹരിക്കാം. അല്ലാതെ എഴുതി മേളയെ തളർത്തരുത് എന്ന് മാധ്യമങ്ങളോട് അഭ്യർഥിച്ചു. അവർ അത് ഉൾക്കൊണ്ടു. പിന്നീട് മേളയെക്കുറിച്ച് നെഗറ്റീവ് റിപ്പോർട്ടുകൾ ആരും നൽകിയില്ല.



കലെയ്ഡോസ്കോപ് - സബർ ബോണ്ട, മറാത്തി ചിത്രം

## പകുതി ചെലവിലൊരു മേള

സർക്കാർ വലിയൊരു സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഒരു ഘട്ടത്തിലാണ് ഒരിക്കൽ ഐഎഫ്എഫ്കെ വന്നത്. ചെലവ് ചുരുക്കലിനു വേണ്ടി ആ വർഷം ഫെസ്റ്റിവൽ വേണ്ടെന്നുവയ്ക്കാൻ മുഖ്യമന്ത്രിയായിരുന്ന എ.കെ.ആന്റണി നിർദേശിച്ചു. അക്കാദമി ചെയർമാനായിരുന്ന ഞാൻ മുഖ്യമന്ത്രിയെ നേരിൽകണ്ട് അങ്ങനെ ചെയ്യരുതെന്ന് അഭ്യർഥിച്ചു. ഇത്തരത്തിലൊരു രാജ്യാന്തര ചലച്ചിത്ര മേള ഇടയ്ക്കു വച്ച് നിർത്തിയാൽ പിന്നീട് തുടങ്ങാൻ എളുപ്പമല്ല. അത് മേളയുടെ യശസ്സിന് മങ്ങലേൽപ്പിക്കും. മാത്രമല്ല, താങ്കളുടെ കാലത്താണ് ഫെസ്റ്റിവൽ മുടങ്ങിയതെന്ന ചീത്തപ്പേരും വരും എന്ന് മുഖ്യമന്ത്രിയോട് പറഞ്ഞു. അപ്പോൾ എന്ത് ചെയ്യാം എന്ന ചോദ്യത്തിന് മറുപടിയായി, സാധാരണ ചെലവാക്കുന്നതിന്റെ പകുതി ചെലവിൽ ഫെസ്റ്റിവൽ നടത്താം എന്ന നിർദേശം മുന്നോട്ടുവച്ചു. അത് മുഖ്യമന്ത്രി അംഗീകരിച്ചു. അങ്ങനെ ഏറ്റവും ചെലവ് ചുരുക്കി ആ ഫെസ്റ്റിവൽ നടത്തി. അതുവരെ ഉണ്ടായതിൽ വച്ച് ഏറ്റവും മികച്ച ഫെസ്റ്റിവെൽ എന്ന അഭിനന്ദനവും നേടിയെടുക്കാനായി. അനുഭവങ്ങളിൽ നിന്ന് പാഠം പഠിച്ച് ഘട്ടം ഘട്ടമായുള്ള വളർച്ചയാണ് ഐഎഫ്എഫ്കെയുടെ കാര്യത്തിൽ ഉണ്ടായത്.

## ഫിലിം പാക്കേജുകൾ

ഐഎഫ്എഫ്കെയിലെ വിവിധ പാക്കേജുകൾ ഘട്ടംഘട്ടമായി വന്നതാണ്. ഫെസ്റ്റിവൽ വലുതായപ്പോൾ പാക്കേജുകളുടെ എണ്ണവും കൂടി. ഡെലിഗേറ്റുകളും തിയേറ്ററുകളും വർധിച്ചപ്പോൾ സിനിമയുടെ എണ്ണവും കൂട്ടേണ്ടി വന്നു. കൺട്രി ഫോക്കസ്, റെട്രോസ്പെക്റ്റിവ്, ഓൾഡ് ഫിലിംസ് പാക്കേജ് അങ്ങനെ പല പാക്കേജുകൾ. പല തരത്തിലുള്ള ഓഡിയൻസ് വരുമ്പോൾ വ്യത്യസ്ത പാക്കേജുകൾ നല്ലതാണ്. മത്സര വിഭാഗത്തിൽ ഏഷ്യ, ആഫ്രിക്ക, ലാറ്റിൻ അമേരിക്ക സിനിമകൾ ഉൾപ്പെടുത്തിയത് തുടക്കം തൊട്ടുള്ള തീരുമാനമാണ്.

## ഫിലിം സൊസൈറ്റികളും ഐഎഫ്എഫ്കെയും

നമ്മുടെ നാട്ടിൽ നിരവധി ഫിലിം സൊസൈറ്റികൾ ഫെസ്റ്റിവൽ നടത്തുന്നുണ്ടായിരുന്നു. പ്രധാന സിനിമകൾ, പ്രധാന സംവിധായകർ, രാജ്യങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് ഫെസ്റ്റിവെലുകൾ നടത്തിയിട്ടുണ്ട്. ചിത്രലേഖയൊക്കെ ഹംഗേറിയൻ ഫിലിം ഫെസ്റ്റിവെൽ ഒക്കെ നടത്തിയിട്ടുണ്ട്. ഫിലിം സൊസൈറ്റികളുടെ വളർച്ചയാണ് ഒരു തരത്തിൽ ഐഎഫ്എഫ്കെയ്ക്ക് വഴിതെളിച്ചത്. ഫെസ്റ്റിവലിന്റെ രൂപീകരണ ഘട്ടത്തിൽ ഫിലിം സൊസൈറ്റികളുടെ മാതൃകയെല്ലാം ഉൾക്കൊണ്ടിട്ടുണ്ടായിരുന്നു.

> ഫിലിം സൊസൈറ്റികളുടെ വളർച്ചയാണ് ഒരു തരത്തിൽ ഐഎഫ്എഫ്കെയ്ക്ക് വഴിതെളിച്ചത്. ഫെസ്റ്റിവലിന്റെ രൂപീകരണ ഘട്ടത്തിൽ ഫിലിം സൊസൈറ്റികളുടെ മാതൃകയെല്ലാം ഉൾക്കൊണ്ടിട്ടുണ്ടായിരുന്നു

## ഐഎഫ്എഫ്കെയും നവാഗത സംവിധായകരും

ഒരുപാട് ചെറുപ്പക്കാർക്ക് സിനിമയെടുക്കാൻ ഐഎഫ്എഫ്കെ സ്വാധീനമായിട്ടുണ്ട്. ഫിലിം സൊസൈറ്റികൾ കഴിഞ്ഞാൽ ഏറ്റവുമധികം സ്വാധീനിച്ചിട്ടുള്ളത് ഫെസ്റ്റിവലുകളാണ്. ഫിലിം സൊസൈറ്റികൾ പഴയതുപോലെ ഇപ്പോൾ സജീവമല്ല. അതുകൊണ്ടുതന്നെ ഐഎഫ്എഫ്കെയിൽ എത്തി ലോകസിനിമകൾ കാണുകയും സിനിമയിലെ മാറ്റങ്ങളും ധാരകളും ഉൾക്കൊള്ളുകയും സിനിമയെടുക്കാൻ പ്രചോദനമാകുകയും ചെയ്തിട്ടുള്ള നിരവധി ചലച്ചിത്ര പ്രവർത്തകരുണ്ട്. മലബാറിൽ നിന്നൊക്കെ നിരവധി ചെറുപ്പക്കാർ വർഷങ്ങളായി ഐഎഫ്എഫ്കെയിൽ വന്ന് സിനിമ കാണുകയും പിന്നീട് മികച്ച സിനിമകളെടുക്കുകയും ചെയ്തിട്ടുണ്ട്.

## സെലക്ഷൻ പ്രധാനം

ഐഎഫ്എഫ്കെയുടെ ഗ്രാഫ് ഉയർന്നു. അതിനൊപ്പം ഓരോ വർഷം കഴിയുംതോറും സിനിമയുടെ സെലക്ഷനും നന്നാകേണ്ടതുണ്ട്. വിദേശമേളകളോട് താരതമ്യം ചെയ്യേണ്ട കാര്യമില്ല. നമ്മുടെ സെലക്ഷൻ നന്നാകണം. അതിലൂടെ മികച്ച സിനിമാനുഭവം പകരാൻ കഴിയണം. എന്നാൽ മാത്രമേ ഐഎഫ്എഫ്കെയുടെ വൻ ആസ്വാദകവൃന്ദത്തോടുള്ള കടപ്പാട് നിർവഹിക്കപ്പെടൂ. ■

**സംവിധായകനും മുൻ ചലച്ചിത്ര അക്കാദമി ചെയർമാനുമായ കമൽ മേളയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ ഓർമ്മിക്കുന്നു**

# പ്രളയത്തിലും കോവിഡിലും മുടങ്ങാതെ ഫെസ്റ്റിവൽ

## ആദ്യ മേള മുതൽ കാണിയായും സംഘാടകനായും

1994 ലെ കോഴിക്കോട് ഫെസ്റ്റിവൽ മുതൽ കാണിയായും സംഘാടകനായും ഐഎഫ്എഫ്കെയുടെ ഭാഗമാണ് ഞാൻ. സിനിമയുടെ ഷൂട്ടിങ് തിരക്കുകൾ കാരണം ഇടയ്ക്ക് മൂന്നോ നാലോ ഫെസ്റ്റിവെലുകൾക്ക് പങ്കെടുക്കാനായില്ല. അടൂർ ഗോപാലകൃഷ്ണൻ അക്കാദമി ചെയർമാൻ ആയിരുന്നപ്പോൾ ഞാൻ എക്സിക്യൂട്ടീവ് അംഗം ആയിരുന്നു. ചലച്ചിത്ര അക്കാദമിയുടെ രൂപവൽക്കരണ കാലം മുതൽ പല ഫെസ്റ്റിവെലുകളിലും സെലക്ഷൻ കമ്മിറ്റിയിലും സംഘാടക സമിതിയിലും പ്രവർത്തിച്ചു. പെരുമഴക്കാലം മത്സരവിഭാഗത്തിലും എന്റെ മറ്റ് പല സിനിമകളും ഐഎഫ്എഫ്കെ മലയാളം സിനിമ ഇന്ന് വിഭാഗത്തിലും പ്രദർശിപ്പിച്ചതാണ് സംവിധായകൻ എന്ന നിലയിലുള്ള ഐഎഫ്എഫ്കെ ഓർമ.

## ഒളിമങ്ങാത്ത കൈരളിപ്പടവുകൾ

ഫെസ്റ്റിവെലിന് തിരുവനന്തപുരം സ്ഥിരം വേദിയായതു മുതൽ കൈരളി തിയേറ്റർ ആയിരുന്നല്ലോ പ്രധാന വേദി. ഫെസ്റ്റിവൽ ഓഫീസും അവിടെയായിരുന്നു പ്രവർത്തിച്ചിരുന്നത്. കൈരളി തിയേറ്റർ കോംപ്ലക്സും കൈരളിപ്പടവുകളും വലിയ അനുഭവവും ഓർമയുമാണ്. ആ പടവുകളിൽ ഇരിക്കുകയും സൗഹൃദം പുതുക്കുകയും ചെയ്യാത്ത സിനിമാപ്രവർത്തകരും കാണികളും ഉണ്ടായിരിക്കില്ല. തീർച്ചയായും ഞാനും അക്കൂട്ടത്തിൽ ഒരാളാണ്. മൃണാൾ സെൻ ഐഎഫ്എഫ്കെയിൽ എത്തിയത് ഓർത്തുപോകുന്നു. അദ്ദേഹവും



കൈരളിപ്പടവുകളിൽ ഇരുന്നിട്ടുണ്ട്. അദ്ദേഹത്തോടൊപ്പം കൈരളി തിയേറ്ററിനു പുറത്ത് ഫോട്ടോ എടുത്തതും തമ്പാനൂരിൽ വച്ച് ചായ കുടിച്ചതും വ്യക്തിപരമായി മധുരമുള്ള ഓർമയാണ്.

## ചർച്ചകളുടെയും ഐക്യദാർഢ്യങ്ങളുടെയും വേദി

ലോകസിനിമയുടെ കാഴ്ചയ്ക്ക് വേദിയൊരുക്കുമ്പോൾ തന്നെ തിയേറ്ററിനു പുറത്തെ ആഘോഷങ്ങളുടെയും ചർച്ചകളുടെയും കൂടി ഇടമാണ് ഐഎഫ്എഫ്കെ. ഈയൊരു രീതി ആദ്യകാലം തൊട്ടേ രൂപപ്പെട്ടതായി ശ്രദ്ധിച്ചിട്ടുണ്ട്. ഫലപ്രദമായ ചർച്ചകൾക്ക് ഐഎഫ്എഫ്കെ വേദിയൊരുക്കുന്നു. ഓപ്പൺ ഫോറത്തിൽ ക്രിയാത്മകമായ ചർച്ചകളാണ് നടക്കുന്നത്. അതത് കാലത്തെ സാമൂഹിക, രാഷ്ട്രീയ വിഷയങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചും പ്രതിഷേധം രേഖപ്പെടുത്തിയും ഐഎഫ്എഫ്കെ നിലപാട് വ്യക്തമാക്കാറുണ്ട്. അങ്ങനെ തിയേറ്ററിന് പുറത്തേക്ക് കൂടി വളരുന്ന മേളയാണ് നമ്മുടേത്.

> **മൂന്നാംലോകരാജ്യങ്ങളിൽ നിന്നുള്ള സിനിമകൾക്ക് മത്സരവേദി ഒരുക്കാൻ തയ്യാറായി എന്നത് ഐഎഫ്എഫ്കെയുടെ രാഷ്ട്രീയ പ്രഖ്യാപനമായി കാണാനാണ് ഞാൻ താൽപര്യപ്പെടുന്നത്**

## സിനിമകളുടെ സെലക്ഷൻ എന്ന രാഷ്ട്രീയ പ്രവർത്തനം

മൂന്നാംലോകരാജ്യങ്ങളിൽ നിന്നുള്ള സിനിമകൾക്ക് മത്സരവേദി ഒരുക്കാൻ തയ്യാറായി എന്നത് ഐഎഫ്എഫ്കെയുടെ രാഷ്ട്രീയ പ്രഖ്യാപനമായി കാണാനാണ് ഞാൻ താൽപര്യപ്പെടുന്നത്. യുദ്ധം, ആഭ്യന്തര കലാപങ്ങൾ, പലായനം, അഭയാർഥി പ്രശ്നം എന്നിവ ചർച്ചചെയ്യുന്ന സിനിമകളോട് എല്ലാ കാലത്തും ഐഎഫ്എഫ്കെ ഐക്യദാർഢ്യപ്പെട്ടിട്ടുണ്ട്. അത്ര പരിചിതമല്ലാത്ത ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള സിനിമകളുടെ പ്രദർശനം ഐഎഫ്എഫ്കെയിൽ ഉണ്ടായിട്ടുണ്ട്. ഇറാൻ സിനിമകൾക്ക് കേരളത്തിൽ ഇത്ര ജനകീയത നൽകിയതും ഐഎഫ്എഫ്കെയാണ്. അതേസമയം യൂറോപ്പിൽ നിന്നുള്ള മികച്ച സംവിധായകരുടെ സിനിമകളുടെ പ്രദർശനത്തിനും നമ്മൾ വേദിയൊരുക്കി.



## പ്രളയ, കോവിഡ് കാലങ്ങളിലെ ഫെസ്റ്റിവെൽ നടത്തിപ്പ്

2016 ലാണ് ചലച്ചിത്ര അക്കാദമിയുടെ ചെയർമാൻ ആകുന്നത്. അഞ്ചരവർഷത്തിനിടെ നേട്ടങ്ങൾക്കൊപ്പം നിരവധി വെല്ലുവിളികളിലൂടെയും കടന്നുപോയി. ശാസ്തമംഗലത്തെ വാടകക്കെട്ടിടത്തിൽ നിന്ന് ചലച്ചിത്ര അക്കാദമിയെ കിൻഫ്ര പാർക്കിലേക്ക് കൊണ്ടുപോകാനായി. ഗവേഷണ കേന്ദ്രവും ആർക്കൈവ്, ഫിലിം റിസ്റ്റൊറേഷൻ പ്രവർത്തനങ്ങൾക്കും തുടക്കമിട്ടു.

2018 ൽ പ്രളയത്തെ തുടർന്ന് ഐഎഫ്എഫ്കെ നടത്തണോ എന്ന ആശങ്ക സർക്കാരിനുണ്ടായിരുന്നു. മേള മുടങ്ങിയാൽ ഫെസ്റ്റിവെൽ ലൈസൻസ് ഉൾപ്പെടെ ഭാവിയിൽ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് ഞാനും ഐഎഫ്എഫ്കെ ആർട്ടിസ്റ്റിക് ഡയറക്ടറായ ബീനാപോളും മുഖ്യമന്ത്രിയെ കണ്ട് പറഞ്ഞു. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം ചെലവ് കുറച്ചും സാംസ്കാരിക പരിപാടികൾ ഒഴിവാക്കിയുമാണ് ആ വർഷത്തെ ഫെസ്റ്റിവെൽ നടത്തിയത്. ആ സവിശേഷ സാഹചര്യത്തിൽ ഡെലിഗേറ്റ് ഫീസ് 2000 രൂപയായി വർധിപ്പിച്ചു. എന്നാൽ ഡെലിഗേറ്റുകൾ അതിനോട് എതിർപ്പ് പ്രകടിപ്പിച്ചില്ല. 2019 ൽ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചിട്ടും ഫെസ്റ്റിവെൽ നടത്താൻ കഴിഞ്ഞു.

ഇതുപോലെ മറ്റൊരു പ്രതിസന്ധി വന്നത് 2020 ൽ കോവിഡ് കാലത്തായിരുന്നു. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് ഫെസ്റ്റിവൽ നടത്തുക, അല്ലെങ്കിൽ ഫെസ്റ്റിവൽ നടത്താതിരിക്കുക എന്ന രണ്ടു വഴികളാണ് മുന്നിലുണ്ടായിരുന്നത്. ഫെസ്റ്റിവലിനായി ആൾക്കൂട്ടത്തെ സൃഷ്ടിച്ച് അപകടം വരുത്തിവയ്ക്കുന്നതിനോട് മുഖ്യമന്ത്രിക്ക് താൽപര്യമുണ്ടായിരുന്നില്ല. ഞങ്ങൾ സംഘാടകർ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയായിരുന്നു. അങ്ങനെയാണ് നാല് സ്ഥലങ്ങളിലായി ഫെസ്റ്റിവൽ നടത്താമെന്ന തീരുമാനത്തിലെത്തിയത്. തിരുവനന്തപുരം, തലശ്ശേരി, എറണാകുളം, പാലക്കാട് എന്നിവിടങ്ങളിലായിട്ടാണ് ഫെസ്റ്റിവൽ നടത്തിയത്. ഓരോ ഫെസ്റ്റിവലിനും ഇടയിൽ ഒരു ദിവസത്തെ ഇടവേള മാത്രമാണ് ഉണ്ടായിരുന്നത്. ചലച്ചിത്ര സംഘടനകളുടെയെല്ലാം നല്ല പിന്തുണയും ആ മേളയ്ക്ക് ലഭിക്കുകയുണ്ടായി. കോവിഡ് പ്രോട്ടോക്കോൾ കാരണം വിദേശ പ്രതിനിധികളെ പങ്കെടുപ്പിക്കാൻ കഴിയാതിരുന്ന മേള കൂടിയായിരുന്നു അത്.


## നവാഗത സംവിധായകരെ സൃഷ്ടിക്കുന്ന മേള

ഒട്ടനവധി ചെറുപ്പക്കാരെ സിനിമാ മേഖലയിലേക്ക് എത്തിച്ചത് ഐഎഫ്എഫ്കെയാണ്. ലോകസിനിമ കാണാൻ അവസരം ലഭിച്ച ഒരു കൂട്ടം ചെറുപ്പക്കാർ മലയാള സിനിമയുടെ പുത്തൻ പതാകവാഹകരായി മാറുകയാണുണ്ടായത്. പലർക്കും സിനിമയെടുക്കാൻ പ്രചോദനമായതും അവരിലെ സിനിമാന്വേഷിയെ പ്രചോദിപ്പിച്ചതും ഈ മേളയാണ്. ഐഎഫ്എഫ്കെയിൽ കാണിയായി എത്തുകയും പിന്നീട് സിനിമയെടുത്ത് ഇതേ മേളയിൽ പ്രദർശനത്തിനായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്ത നിരവധി പേരുണ്ട്. അതുകൊണ്ടു തന്നെ നവസിനിമാപ്രവർത്തകരെ നിർമ്മിക്കുന്ന വലിയൊരു പ്രവർത്തനംകൂടി ഐഎഫ്എഫ്കെ നിർവഹിക്കുന്നുണ്ട്. ഐഎഫ്എഫ്കെയുടെ ആദ്യ പതിപ്പുകളിൽ സജീവമായിരുന്ന പലരും ഇപ്പോഴില്ല. ആ തലമുറയിൽ ഭൂരിഭാഗവും മരിച്ചുപോയി. ജീവിച്ചിരിക്കുന്ന പലരും പ്രായാധിക്യത്താലും മറ്റും സജീവമല്ല. ഫെസ്റ്റിവെലിനെ സംബന്ധിച്ച് ഇതൊരു തലമുറ മാറ്റമാണ്. കാണികളുടെ പുതിയ തലമുറ രൂപപ്പെട്ടുകഴിഞ്ഞു. ■

2021 ലെ ജെ.സി.ദാനിയൽ പുരസ്കാര ജേതാവ് കൂടിയായ പ്രമുഖ സംവിധായകൻ കെ.പി.കുമാരൻ ഐഎഫ്എഫ്കെയെ വിലയിരുത്തുന്നു

# മേള ഒരു സാംസ്കാരിക വിനിമയം കൂടിയാണ്

> ഐഎഫ്എഫ്കെ പോലെയൊരു മേള ആരംഭിക്കാനും അത് തുടർച്ചയായി സംഘടിപ്പിക്കാനും സാധിച്ചത് കേരളത്തിന് ഒരു മികച്ച സിനിമാ സംസ്കാരമുള്ളതു കൊണ്ടാണ്


കെ.പി കുമാരൻ

## തിരുവനന്തപുരം വേദിയായ ഐഎഫ്എഫ്ഐയുടെ പ്രചോദനം

ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവെൽ ഓഫ് ഇന്ത്യ (ഐഎഫ്എഫ്ഐ) മുമ്പ് രാജ്യത്തെ പല നഗരങ്ങളിലായിട്ടാണ് നടന്നിരുന്നത്. 1988 ൽ ഫെസ്റ്റിവെലിന് തിരുവനന്തപുരം വേദിയായി. നോൺ-കോമ്പിറ്റിറ്റിവ് ഫിലിമോത്സവ് എന്ന രീതിയിലാണ് അന്ന് ഐഎഫ്എഫ്ഐ തിരുവനന്തപുരത്ത് നടന്നത്. നിരവധി ലോകസിനിമകൾ കാണാനുള്ള അവസരം ഇതിലൂടെ കാണികൾക്ക് ലഭിച്ചു. ഈ അനുഭവം കേരളത്തിന് സ്വന്തമായി ഒരു രാജ്യാന്തര ചലച്ചിത്രമേള എന്ന ആശയത്തിന് പ്രചോദനമായിട്ടുണ്ട്. നമ്മുടെ മേളയ്ക്കായുള്ള 'ഒരു വേക്ക് അപ് കോൾ' എന്നു പറയാം.

## കേരളത്തിന് ഒരു സിനിമാസംസ്കാരമുണ്ട്

ഐഎഫ്എഫ്കെ പോലെയൊരു മേള ആരംഭിക്കാനും അത് തുടർച്ചയായി സംഘടിപ്പിക്കാനും സാധിച്ചത് കേരളത്തിന് ഒരു മികച്ച സിനിമാസംസ്കാരമുള്ളതുകൊണ്ടാണ്. സിനിമാ, സാംസ്കാരിക പ്രവർത്തകരുടെയും ഭരണകർത്താക്കളുടെയും പിന്തുണ മേളയ്ക്ക് എല്ലാ കാലത്തും ലഭിച്ചിട്ടുണ്ട്. സിനിമാപ്രവർത്തകർ മാത്രം വിചാരിച്ചാൽ ഒരു മേള നടത്താനാകില്ലല്ലോ. അതിന് അതതു കാലത്ത് ഭരിക്കുന്ന സർക്കാരിന്റെ പിന്തുണ കൂടി വേണം. എന്നാലേ എല്ലാവരും ഒത്തുചേർന്നുള്ള ഒരു മേള സംഘടിപ്പിക്കാനും വിജയത്തിലെത്തിക്കാനുമാകൂ. ഐഎഫ്എഫ്കെയുടെ കാര്യത്തിൽ ആ പിന്തുണ എല്ലാക്കാലത്തും മികച്ച രീതിയിൽ തന്നെ ലഭിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ ആരംഭിച്ചതും ചിത്രാഞ്ജലി സ്റ്റുഡിയോ ആരംഭിച്ചതും പിന്നീട് ചലച്ചിത്ര അക്കാദമിക്ക് തുടക്കമിട്ടതുമെല്ലാം കേരളത്തിന്റെ സിനിമാ സംസ്കാരത്തിന് സർക്കാരിന്റെ ഭാഗത്തു നിന്നുള്ള പിന്തുണയുടെ പ്രതിഫലനമാണ്. സിനിമയെയും ചലച്ചിത്രമേളയെയും സംബന്ധിച്ച് സർക്കാർ ഒരുക്കുന്ന അനുകൂല സാഹചര്യം ഏറെ പ്രധാനമാണ്. കെഎസ്എഫ്ഡിസിയും പിന്നീട് ചലച്ചിത്ര അക്കാദമിയും സ്ഥാപിച്ചതിലൂടെ ഐഎഫ്എഫ്കെയുടെ നടത്തിപ്പിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനായി.

## അന്താരാഷ്ട്ര നിലവാരമുള്ള മേള

രാജ്യാന്തര ചലച്ചിത്രമേള എന്ന പേരിനൊത്ത പെരുമയിലേക്ക് പെട്ടെന്നു തന്നെ എത്താൻ ഐഎഫ്എഫ്കെയ്ക്കായി. ആദ്യത്തെ മേള ആർക്കൈവ്സിൽ നിന്നും മറ്റും സിനിമകൾ സംഘടിപ്പിച്ച് നടത്തുകയായിരുന്നു. പിന്നീട് വിദേശരാജ്യങ്ങളിൽ നിന്ന് സിനിമകൾ എത്തിക്കാനും പ്രദർശിപ്പിക്കാനുമായി. ഈയൊരു വളർച്ചയും സ്വീകാ

രുതയും വേഗത്തിൽ സംഭവിച്ച ഒന്നാണ്. തീർത്തും സന്തോഷമുളവാക്കുന്ന കാര്യമാണത്. അത് നേരത്തെ പറഞ്ഞതുപോലെ കേരളത്തിന്റെ സിനിമാ, സാംസ്കാരിക മുഖത്തിന്റെ സ്വീകാര്യതയ്ക്ക് തെളിവാണ്.

## ചെറുപ്പക്കാരുടെ മേള


ഐഎഫ്എഫ്കെയെ വ്യത്യസ്തമാക്കുന്ന ഒരു കാര്യം ഇത് ചെറുപ്പക്കാരുടെ മേള എന്ന നിലയിലാണ്. തുടക്കകാലത്തെ അപേക്ഷിച്ച് ഇപ്പോൾ ഓരോ വർഷം ചെല്ലുംതോറും ചലച്ചിത്ര മേള കാണാനെത്തുന്ന ചെറുപ്പക്കാരുടെ എണ്ണം വർധിച്ചുവരുന്നു എന്നതാണ്. സിനിമയെ ഗൗരവമായി കാണുന്നവരായിരിക്കുമല്ലോ അവരെല്ലാം. അതിൽ പലരും പിന്നീട് സിനിമാപ്രവർത്തകരായി മാറിയിട്ടുമുണ്ട്. ഇത് മേള കൊണ്ട് മലയാള സിനിമയ്ക്ക് ഉണ്ടായ ഒരു ഗുണപരമായ മാറ്റമാണ്.

## സാധ്യമാകുന്ന സാംസ്കാരിക വിനിമയം

ഒരു രാജ്യാന്തര ചലച്ചിത്രമേള സാധ്യമാക്കുന്നത് സാംസ്കാരിക വിനിമയം കൂടിയാണ്. പല രാജ്യങ്ങളിൽ നിന്നുള്ള സിനിമകൾ നമുക്കു മുന്നിൽ പ്രദർശനത്തിനെത്തുമ്പോൾ പല തലത്തിലുള്ള അറിവും അനുഭവങ്ങളും ജീവിതങ്ങളുമാണ് മുന്നിൽ തെളിയുന്നത്. അത് പൂർണ്ണമായ തലത്തിൽ ഉൾക്കൊണ്ടു വേണം സിനിമ കാണാൻ. പുതിയ തലമുറ കാണികളോട് എനിക്ക് അതാണ് പറയാനുള്ളത്. അത് ഉപദേശമായിട്ടല്ല. പുതിയ തലമുറ പൊതുവേ ഗൗരവമുള്ള കാര്യങ്ങളോട് വിമുഖത കാണിക്കുന്നതായി പലപ്പോഴും തോന്നിയിട്ടുണ്ട്. പുതിയ കാലത്ത് സിനിമ പൂർണ്ണമായും സാമ്പത്തിക നേട്ടമാണ് ലക്ഷ്യം വയ്ക്കുന്നത്. എന്നാൽ അതിനൊപ്പം ഗൗരവമുള്ള സിനിമകൾ കാണാനുള്ള ഇടം കൂടി സാധ്യമാകണം. ഐഎഫ്എഫ്കെ പോലുള്ള മേളകൾ സൃഷ്ടിക്കുന്നത് ആ ഇടമാണ്. അത് നിലനിൽക്കണം.

## സാംസ്കാരിക ജീവിതത്തിലെ പ്രതിഫലനം

ഐഎഫ്എഫ്കെ പോലെയൊരു മേള വിജയകരമായി നടത്തിക്കൊണ്ടുപോകാൻ കേരളത്തിനാകുന്നുണ്ട്. ഓരോ വർഷവും




അതിന്റെ നിലവാരം വർധിക്കുന്നു. കാണികളുടെ എണ്ണവും വർധിക്കുന്നു. ഈ സാഹചര്യത്തിൽ കേരളത്തിലെ സാംസ്കാരിക ജീവിതത്തിലും സമൂഹത്തിലും മേള ഏതു തരത്തിലുള്ള സ്വാധീനവും മാറ്റവുമുണ്ടാക്കി എന്നതു കൂടി ചിന്തിക്കേണ്ടതാണ്. മേളയുടെ ഗൗരവം ഉൾക്കൊണ്ടുകൊണ്ടുള്ള അർഥപൂർണ്ണമായ സിനിമകൾ ഉണ്ടാകുന്നുണ്ടോ എന്നതും പരിശോധിക്കണം.

## സിനിമയ്ക്കായി ജീവിതം ഉഴിഞ്ഞുവച്ചവർ

നമ്മുടെ ചലച്ചിത്രമേള 30 വർഷത്തിലെത്തുമ്പോൾ സിനിമയ്ക്കായി ജീവിതം ഉഴിഞ്ഞുവച്ച നിരവധി പേരെ ഓർമ്മിക്കുന്നു. പലരും ഇപ്പോൾ ജീവിച്ചിരിപ്പില്ല. അരവിന്ദൻ, ജോൺ എബ്രഹാം, അസീസ്... അങ്ങനെ പോകുന്നു പേരുകൾ. കഴിവുള്ളവരും ശ്രദ്ധിക്കപ്പെടാതെ പോയവരുമുണ്ടായിരുന്നു അക്കൂട്ടത്തിൽ. അവരെയെല്ലാം നമ്മൾ ഓർമിക്കണം.

## വ്യക്തിപരമായ സന്തോഷം

എന്റെ സിനിമകളിൽ പലതും ഐഎഫ്എഫ്കെയിൽ പ്രദർശിപ്പിച്ചുവെന്നത് വ്യക്തിപരമായ സന്തോഷമാണ്. അതിഥിയും തോറ്റവും ആകാശഗോപുരവും ഗ്രാമവൃക്ഷത്തിലെ കുയിലുമെല്ലാം പല വർഷങ്ങളിൽ മേളയിൽ കാണികളുടെ മുന്നിലെത്തി. ■

> പുതിയ തലമുറ പൊതുവേ ഗൗരവമുള്ള കാര്യങ്ങളോട് വിമുഖത കാണിക്കുന്നതായി പലപ്പോഴും തോന്നിയിട്ടുണ്ട്. പുതിയ കാലത്ത് സിനിമ പൂർണ്ണമായും സാമ്പത്തിക നേട്ടമാണ് ലക്ഷ്യം വയ്ക്കുന്നത്. എന്നാൽ അതിനൊപ്പം ഗൗരവമുള്ള സിനിമകൾ കാണാനുള്ള ഇടം കൂടി സാധ്യമാകണം. ഐഎഫ്എഫ്കെ പോലുള്ള മേളകൾ സൃഷ്ടിക്കുന്നത് ആ ഇടമാണ്. അത് നിലനിൽക്കണം

കേരള രാജ്യാന്തര മേളയുടെ നാൾവഴിയിലെ ഏറ്റവും പ്രധാന മുഖങ്ങളിലൊന്നാണ് പ്രശസ്ത ഫിലിം എഡിറ്റർ ബീനാപോൾ. ദീർഘകാലം ഐഎഫ്എഫ്കെയുടെ ആർട്ടിസ്റ്റിക് ഡയറക്ടർ എന്ന നിലയിൽ പ്രവർത്തിച്ചു

# പ്രേക്ഷകർ വളർത്തിയ മേള

ചലച്ചിത്രമേള തുടക്കം മുതൽക്കുള്ള അതിന്റെ പാരമ്പര്യം നിലനിർത്തി തുടരുന്നത് കാണുന്നതിൽ വളരെ സന്തോഷമുണ്ട്. മേളയുടേത് മികച്ച സംഘാടനമാണ്. പ്രൊഫഷണൽ ഫിലിം മാർക്കറ്റ് ആരംഭിച്ചത് ഏറെ സ്വാഗതാർഹമാണ്. മേളയുടെ ആദ്യ നാളുകൾ കഠിനമായിരുന്നു. ആശയവിനിമയത്തിനുള്ള സൗകര്യങ്ങളും സാങ്കേതിക സൗകര്യങ്ങളും ലഭ്യമല്ലായിരുന്നു. ഇപ്പോൾ ലിങ്കുകൾ മിനിറ്റുകൾക്കുള്ളിൽ ലഭ്യമാകുന്ന ഫിലിം പ്രിന്റുകൾ കൊണ്ടുപോകുന്നതിനെ ആശ്രയിക്കേണ്ടിവന്നു. പ്രോഗ്രാമും സംഘാടനവും ഇന്റർനെറ്റ് വളരെ എളുപ്പമാക്കി. ഓൺലൈൻ പാസ് റിസർവേഷനുകളും തത്സമയ വിവരങ്ങളും ഉപയോഗപ്പെടുത്തി ഇപ്പോൾ മേള കാണികളുടെ കൂടുതൽ അടുത്തെത്തി.

തുടക്കത്തിൽ പ്രധാന പ്രശ്നം സെയിൽസ് ഏജന്റുമാരെയും ചലച്ചിത്രകാരരെയും ഇതൊരു വിശ്വസനീയമായ മേളയാണെന്ന് ബോധ്യപ്പെടുത്തുക എന്നതായിരുന്നു. ഇന്ന് ഈ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടുന്നില്ല. ഇപ്പോൾ ഐഎഫ്എഫ്കെയിൽ പല സിനിമകളും പ്രദർശിപ്പിക്കാൻ അവർ മുന്നോട്ടുവരുന്നു. മികച്ച നിലവാരമുള്ളതും പ്രേക്ഷകരുടെ അഭിരുചിക്കനുസരിച്ച് അനുയോജ്യമായതുമായ സിനിമകൾ തിരഞ്ഞെടുക്കുക എന്നതാണ് സെലക്ഷൻ കമ്മിറ്റികളെ സംബന്ധിച്ചിടത്തോളം പ്രധാന വെല്ലുവിളി. മറ്റ് വിധത്തിൽ കാണാത്ത സിനിമകളിലേക്ക് പ്രേക്ഷകരെ എത്തിക്കുന്നതും പ്രധാനമാണ്.

## ജനപ്രിയമേളയായി മാറുന്നു

മേളയെ ഇന്നുകാണുന്ന ജനകീയതയിലേക്ക് എത്തിക്കുന്നതിൽ ഏറ്റവും പ്രധാനം എല്ലാവർക്കും പാസ് ലഭ്യമാക്കുക എന്നതായിരുന്നു. ഐഎഫ്എഫ്ഐയിലെ ആദ്യകാലങ്ങളിൽ കോൺടാക്റ്റുകൾ ഇല്ലെങ്കിൽ പാസ് ലഭിക്കുന്നത് വളരെ ബുദ്ധിമുട്ടായിരുന്നു. ഓൺലൈൻ ബുക്കിങ്, തിരുവനന്തപുരത്തെ പ്രത്യേകതയായ അടുത്തടുത്തുള്ള തിയേറ്ററുകൾ, ഡെലിഗേറ്റുകൾക്കായി സൗജന്യ ഓട്ടോസവാരി തുടങ്ങിയവയെല്ലാം ഇതിനെ ഒരു ജനപ്രിയ സാംസ്കാരിക പരിപാടിയാക്കി മാറ്റുന്നതിന് കാരണമായി.






> **പ്രേക്ഷകരുമായുള്ള ഊഷ്മളമായ ഇടപെടലും അടുത്ത ബന്ധവും കാരണം ചലച്ചിത്ര പ്രവർത്തകർ കേരളത്തിലേക്ക് വരാൻ ഇഷ്ടപ്പെടുന്നു**

ആദ്യകാലങ്ങളിൽ സിനിമകൾ കണ്ടെത്താനും അവ തിരഞ്ഞെടുക്കാനും സഹായിക്കുന്ന പ്രോഗ്രാമർമാരുമായി ചേർന്ന് ഞങ്ങൾ പ്രവർത്തിച്ചു. അതിൽ നിന്ന് സിനിമകൾ തിരഞ്ഞെടുക്കാൻ സെലക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചു. ഓരോ ഫിലിം പാക്കേജിനും ഒരു സെലക്ഷൻ കമ്മിറ്റി ഉണ്ടായിരുന്നു. സിനിമ കാണൽ, ചർച്ച, അഭിപ്രായവ്യത്യാസങ്ങൾ എന്നിവയിലൂടെയാണ് എല്ലായ്പോഴും സിനിമകൾ ഷോർട്ട് ലിസ്റ്റ് ചെയ്യുത്. പലപ്പോഴും നമ്മൾ ശരിക്കും ആഗ്രഹിച്ച സിനിമകൾ ലഭിക്കില്ല. ഒരുപക്ഷേ അത് മറ്റൊരു ഫെസ്റ്റിവലിൽ ആയിരുതിനാലോ സ്ക്രീനിങ് ഫീസ് ഉയർന്നതായതിനാലോ ആയിരിക്കും. യഥാർത്ഥ സ്ക്രീനിങ്ങിന്റെ പ്രക്രിയ വളരെ നീണ്ടതായിരുന്നു. അതിഥികളെ ക്ഷണിക്കുന്നതും വളരെ ബുദ്ധിമുട്ടുള്ള ഒരു പ്രക്രിയയായിരുന്നു. ഏജന്റുമാർ വഴി ഞങ്ങൾ ശ്രമിച്ചില്ല. വർഷങ്ങളായി വ്യക്തിപരമായ ബന്ധങ്ങൾ വളർത്തിയെടുക്കുന്നതിലൂടെയാണ് അതിഥികൾ വന്നുതുടങ്ങിയത്. ഹെർസോഗ്, കിം കി ഡുക്ക്, ഗൊദാർദ് എന്നിവർ ബന്ധപ്പെടാൻ പ്രയാസമുള്ളവരും ബോധ്യപ്പെടുത്താൻ പ്രയാസമുള്ളവരുമായിരുന്നു. സ്ഥിരോത്സാഹത്തോടെ പ്രവർത്തിച്ചതിലൂടെയാണ് അവരെ ഐഎഫ്എഫ്കെയുടെ ഭാഗമാക്കാൻ സാധിച്ചത്.

സംസ്ഥാന സർക്കാരിന്റെ പിന്തുണ അതിന്റെ വളർച്ചയ്ക്ക് നിർണ്ണായകമാണ്. മറ്റ് ആഘോഷങ്ങളെ അപേക്ഷിച്ച് ചലച്ചിത്രമേളയ്ക്ക് വളരെ കുറഞ്ഞ ബജറ്റ് മാത്രമേയുള്ളൂ. ഒരു സംസ്ഥാനത്തെ സംബന്ധിച്ച് അത് അനാവശ്യമായി തോന്നിയേക്കാം. എന്നാൽ കേരള സർക്കാർ പിന്തുണ നൽകുകയും ആവശ്യമായ ഫണ്ട് എപ്പോഴും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ശക്തമായ ഫിലിം സൊസൈറ്റി പശ്ചാത്തലവും സിനിമാസാക്ഷരരായ പ്രേക്ഷകരുമുള്ള കേരളത്തിൽ സർക്കാരിൽ നിന്ന് ഈ പിന്തുണ ആവശ്യമാണ്. ഡെലിഗേറ്റുകൾ മികച്ച സിനിമകൾ പ്രതീക്ഷിക്കുന്നു. അവർ വളരെ വിവേകമതികളുമാണ്. പ്രേക്ഷകരുമായുള്ള ഊഷ്മളമായ ഇടപെടലും അടുത്ത ബന്ധവും കാരണം ചലച്ചിത്ര പ്രവർത്തകർ കേരളത്തിലേക്ക് വരാൻ ഇഷ്ടപ്പെടുന്നു.

**30 വർഷത്തിലെത്തുമ്പോൾ ഐഎഫ്എഫ്കെ സ്വന്തമായി ഒരു ഇടം സൃഷ്ടിച്ചു. ചുവന്ന പരവതാനിയും താരങ്ങളുമുള്ള ഒരു ആഡംബര ഉത്സവം എന്ന നിലയിലല്ല, മറിച്ച് പ്രേക്ഷകരുടെ അഭൂതപൂർവമായ പങ്കാളിത്തം, മികച്ച സംഘാടനം, നൂതനമായ പ്രോഗ്രാമിങ് എന്നിവയെല്ലാം കൊണ്ടാണിത്.** ഐഎഫ്എഫ്കെ താരതമ്യപ്പെടുത്താവുന്ന മേളകൾ കുറവാണ്. പുതിയ തലമുറയിലെ സംവിധായകരിൽ അത് ചെലുത്തുന്ന സ്വാധീനവും വളരെ ശ്രദ്ധേയമാണ്. കേരളത്തിലെ സിനിമാ നിർമ്മാണത്തിലും സിനിമയുടെ കാഴ്ച സംസ്കാരത്തിലും ഐഎഫ്എഫ്കെ സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്നതിൽ സംശയമില്ല. ഐഎഫ്എഫ്കെയിലെ അവരുടെ കാഴ്ചാനുഭവങ്ങളിലൂടെയും ഇടപെടലുകളിലൂടെയും വ്യത്യസ്തതരം കഥകൾ പറയാൻ തങ്ങൾക്ക് എങ്ങനെ ആത്മവിശ്വാസം ലഭിച്ചുവെന്ന് പല ചലച്ചിത്ര പ്രവർത്തകരും എന്നോട് പറഞ്ഞിട്ടുണ്ട്. കേരളത്തിൽ ഫിലിം സ്കൂളുകൾ ഇല്ലാതിരുന്ന ഒരു കാലത്ത് ഐഎഫ്എഫ്കെ നിരവധി യുവാക്കൾക്ക് ഫിലിം മേക്കിങ് പഠിപ്പിച്ചു. ■



ആദ്യ ഐഎഫ്എഫ്കെ മുതൽ മേളയുടെ ഭാഗമാകുകയും ആദ്യത്തെ സെലക്ഷൻ കമ്മിറ്റി അംഗവുമായ മുതിർന്ന ചലച്ചിത്ര നിരൂപകൻ



# നല്ല സിനിമയുടെ വേര്

ഫിലിം സൊസൈറ്റികളുടെ ദീർഘകാല പ്രവർത്തനത്തിന്റെ പരിസമാപ്തിയാണ് ചലച്ചിത്രോത്സവങ്ങൾ. പല സ്ഥലങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരുന്ന ഫിലിം സൊസൈറ്റികൾ നടത്തിയിരുന്ന ചലച്ചിത്രോത്സവങ്ങളുടെ തുടർച്ചയാണ് കേരള രാജ്യാന്തര ചലച്ചിത്ര മേള പോലെ ഇത്ര വലിയൊരു ഫെസ്റ്റിവെലിലേക്ക് നയിച്ചത്. അതിൽ ഫിലിം സൊസൈറ്റി പ്രവർത്തകൻ എന്ന നിലയിൽ അഭിമാനമുണ്ട്. ഇത്തരം ഫെസ്റ്റിവെലുകളാണ് നല്ല സിനിമയുടെ വേര് ഉറപ്പിക്കുന്നത്. 1952 ൽ ബോംബെയിൽ നടന്ന ഫിലിമോത്സവ് ആണ് ഇന്ത്യയിലെ നവസിനിമയുടെ തുടക്കത്തിന് കാരണമായത്. അതേ മാതൃകയിലായിരുന്നു ലോകസിനിമയുടെ 100-ാം വാർഷികവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് സൂര്യ നടത്തിയ ഫിലിം ഫെസ്റ്റിവെൽ. 100 സിനിമകളാണ് ഇതിൽ പ്രദർശിപ്പിച്ചത്.

1994 ൽ കോഴിക്കോട് നടന്ന ആദ്യ കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ ആദ്യ പതിപ്പ് കെ.ജയകുമാറിന്റെ നേതൃമികവ് കൊണ്ടുകൂടിയാണ് സാധ്യമായതെന്ന് ഓർമ്മിക്കുന്നു. അദ്ദേഹം കോഴിക്കോട് കളക്ടർ ആയിരുന്നു. ആ പരിചയങ്ങളും പിന്തുണയും സംഘാടനത്തിനും സ്പോസർഷിപ്പിനുമെല്ലാം കോഴിക്കോട്ടെ മേളയ്ക്ക് സഹായകമായി. കെടിസിയുടെ അമരക്കാരനും നിർമ്മാതാവുമായിരു പി. ഗംഗാധരന്റെയും കോഴിക്കോ'കെലാ, സാംസ്കാരിക മേഖലയുടെയും വലിയ പിന്തുണ ജയകുമാറിന് ലഭിച്ചിരു. ആദ്യ ഫിലിം ഫെസ്റ്റിവെലിന് സെലക്ഷൻ ഒന്നും ഇല്ലായിരുന്നു.



1995 ൽ തിരുവനന്തപുരത്ത് നടന്ന രണ്ടാമത്തെ ഐഎഫ്എഫ്കെയിൽ സെലക്ഷൻ സമ്പ്രദായം നിലവിൽ വന്നു. അന്ന് മലയാള സിനിമകൾ തെരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽ പി.കെ നായർ, കെ.ജി ജോർജ്, ജോൺപോൾ തുടങ്ങിയവർക്കൊപ്പം അംഗമായി പ്രവർത്തിക്കാനായത് തിരിഞ്ഞുനോക്കുമ്പോൾ വലിയ അഭിമാനമായി തോന്നുന്നു. നടൻ സുകുമാരൻ ആയിരുന്നു കെഎസ്എഫ്ഡിസി ചെയർമാൻ.

അന്ന് ചലച്ചിത്ര മേളയുടെ ഭാഗമാകുന്നത് വലിയ ആവേശമായിരുന്നു. ഒരുമാസം മുമ്പ് തന്നെ മാനസികവും ശാരീരികവുമായി അതിന് തയ്യാറെടുപ്പ് നടത്തിയിരുന്നു. സിനിമയുമായി അടുത്ത ബന്ധമുള്ള എല്ലാവരും തന്നെ അന്ന് ചലച്ചിത്രോത്സവത്തിൽ പങ്കെടുത്തിരുന്നു. പിന്നീട് ഷാജി എൻ കരുൺ അക്കാദമി ചെയർമാൻ ആയി വന്നപ്പോഴാണ് വ്യക്തമായ ദിശാബോധത്തോടെ ഐഎഫ്എഫ്കെ നടത്താൻ തുടങ്ങിയത്. തുടർന്ന് അടൂർ ഗോപാലകൃഷ്ണൻ വന്നു. അവർക്ക് രണ്ടു പേർക്കും ലോകസിനിമയെ കുറിച്ചും ലോക ചലച്ചിത്ര മേളകളെക്കുറിച്ചുമുള്ള ആഴത്തിലുള്ള അറിവും കാഴ്ചപ്പാടുകളും ഉള്ളതുകൊണ്ടാണ് ആ ദിശാബോധം സാധ്യമായത്.

ഒട്ടേറെ പുതിയ ചലച്ചിത്രകാരന്മാരെ സൃഷ്ടിക്കാനായി എന്താണ് ഐഎഫ്എഫ്കെയുടെ ഏറ്റവും വലിയ പ്രത്യേകത എന്നു തോന്നുന്നു. പുതിയ കാലത്തെ



ഷാജി എൻ കരുൺ

ഏറ്റവും ശ്രദ്ധേയരായ സംവിധായകരെല്ലാം ഐഎഫ്എഫ്കെയിൽ സിനിമ കണ്ട് വളർന്നവരാണ്. സനൽകുമാർ ശശിധരൻ, സുദേവൻ, സജിൻബാബു എന്നിവർ ഉൾപ്പെടെ കുറേപ്പേരുണ്ട്. ഇപ്പോഴും നിരവധി പുതിയ സംവിധായകർ വന്നുകൊണ്ടിരിക്കുന്നു.

## സിനിമയുടെ സെലക്ഷൻ പ്രധാനം

ലോകത്താകെ പഴയതു പോലെ നല്ല സിനിമകളുടെ വരവ് കുറഞ്ഞിട്ടുണ്ടെന്നാണ് സൂക്ഷ്മമായി നോക്കുമ്പോൾ മനസ്സിലാകുന്നത്. മുമ്പ് കാനിലും ബെർലിനിലും വെനീസിലുമെല്ലാം അവാർഡ് ലഭിച്ച സിനിമകൾ അത്ര മികവുറ്റതായിരിക്കും. സിനിമയുടെ ചരിത്രത്തിലെ തന്നെ നാഴികക്കല്ലായിരുന്ന അവ. പക്ഷേ കുറച്ച് വർഷങ്ങളായി കാനിൽ വരുന്ന സിനിമകൾ പലതും അത്ര നല്ലതല്ല.

ലോകത്ത് മുഴുവൻ ഉള്ള ഈ പ്രവണത നമ്മുടെ ഫെസ്റ്റിവെലിനെയും ബാധിച്ചിട്ടുണ്ട്. പലതവണ ഫെസ്റ്റിവെൽ പ്രീ-സെലക്ഷൻ കമ്മിറ്റിയിൽ ഞാൻ ഇരുന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ സിനിമയുടെ നിലവാരത്തെക്കുറിച്ച് തികഞ്ഞ ബോധ്യമുണ്ട്. മുമ്പ് ഒന്നിനോടൊന്ന് മെച്ചമുള്ള സിനിമകൾ ഉണ്ടായിരുന്നു. അതിൽനിന്ന് ഏത് തിരഞ്ഞെടുക്കണം ഏത് ഒഴിവാക്കണം എന്ത് പ്രയാസകരമായ ജോലിയായിരുന്നു. മത്സരവിഭാഗം ചിത്രങ്ങളിൽ പോലും ഈ നിലവാരത്തകർച്ച ഉണ്ട്. തിരഞ്ഞെടുക്കാൻ നല്ല സിനിമയുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്. എന്നാൽകൂടി നിലവാരമില്ലാത്ത സിനിമകൾ തിരഞ്ഞെടുക്കാതിരിക്കാം. മോശം സിനിമകൾ തിരഞ്ഞെടുക്കുമ്പോൾ അത് തെറ്റായ കീഴ്വഴക്കം ഉണ്ടാക്കും. അത് നമ്മുടെ ചലച്ചിത്ര മേളയുടെ നിലവാരത്തെയും ബാധിക്കും. അത് ഗൗരവത്തോടെ കാണണം. ■

> ഷാജി എൻ കരുൺ അക്കാദമി ചെയർമാൻ ആയി വന്നപ്പോഴാണ് വ്യക്തമായ ദിശാബോധത്തോടെ ഐഎഫ്എഫ്കെ നടത്താൻ തുടങ്ങിയത്. തുടർന്ന് അടൂർ ഗോപാലകൃഷ്ണൻ വന്നു. അവർക്ക് രണ്ടുപേർക്കും ലോകസിനിമയെ കുറിച്ചും ലോക ചലച്ചിത്ര മേളകളെക്കുറിച്ചുമുള്ള ആഴത്തിലുള്ള അറിവും കാഴ്ചപ്പാടുകളും ഉള്ളതുകൊണ്ടാണ് ആ ദിശാബോധം സാധ്യമായത്

**എൻ.പി. മുരളീകൃഷ്ണൻ**
മാധ്യമ പ്രവർത്തകൻ



കേരള രാജ്യാന്തര ചലച്ചിത്രമേള
ജനകീയ ദൃശ്യോത്സവമായതിന്റെ നാൾവഴികൾ

# മേളയുടെ മുപ്പത് ആണ്ടുകൾ




കേരളത്തിന്റെ കലാസാംസ്കാരിക രംഗത്തെ അഭിമാന സ്തംഭമാണ് ഐഎഫ്എഫ്കെ. മൂന്ന് പതിറ്റാണ്ടുകാലംകൊണ്ട് ഇന്ത്യയിലെ ഏറ്റവും പ്രമുഖ ചലച്ചിത്രോത്സവങ്ങളിൽ ഒന്നായി മാറാൻ കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്കായി. ഇന്ത്യയിലെ മുൻനിര സാംസ്കാരിക പരിപാടികളിൽ ഒന്നായി അംഗീകരിക്കപ്പെടുന്ന ഐഎഫ്എഫ്കെ സാംസ്കാരിക വകുപ്പിനു വേണ്ടി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയാണ് നടത്തുന്നത്. ലോകത്തിലെ തന്നെ ഏറ്റവും ജനകേന്ദ്രീകൃതമായ ചലച്ചിത്രമേളയായി അറിയപ്പെടുന്ന ഐഎഫ്എഫ്കെ ലോകോത്തര സംവിധായകരുടെയും സാങ്കേതിക പ്രവർത്തകരുടെയും സാന്നിധ്യം കൊണ്ടുകൂടി ശ്രദ്ധേയമാണ്. സമകാലിക ലോകസിനിമയിലെ ഏറ്റവും മികച്ച പാക്കേജുകളും മേളയെ വേറിട്ടുനിർത്തുന്നു.

## ആദ്യ പതിപ്പ് കോഴിക്കോട്ട്

ആദ്യത്തെ ഐഎഫ്എഫ്കെ 1994 ഡിസംബർ 17 മുതൽ 23 വരെ കോഴിക്കോട്ടാണ് നടന്നത്. ലൂമിയർ ബ്രദേഴ്സിന്റെ ആദ്യ സിനിമയുടെ പൊതു പ്രദർശനത്തിന്റെ 100-ാം വാർഷികമായ 1994-ൽ ലോക സിനിമയുടെ ശതാബ്ദി ആഘോഷ വേളയിലാണ് ഈ മേള നടന്നത്. സിനിമയുടെ നൂറാം വാർഷികത്തോടനുബന്ധിച്ച് എന്തെങ്കിലും ചെയ്യണമെന്ന ആശയമാണ് ഐഎഫ്എഫ്കെയുടെ രൂപവൽക്കരണത്തിലേക്ക് നയിച്ചത്. അന്ന് സാംസ്കാരിക വകുപ്പ് സെക്രട്ടറി ആയിരുന്ന കെ.ജയകുമാർ ആയിരുന്ന കേരളത്തിന് സ്വന്തമായി ഒരു രാജ്യാന്തര ചലച്ചിത്രമേള എന്ന ആശയത്തിന് തുടക്കം കുറിച്ചത്.

> ആദ്യത്തെ ഐഎഫ്എഫ്കെ 1994 ഡിസംബർ 17 മുതൽ 23 വരെ കോഴിക്കോട്ടാണ് നടന്നത്. ലൂമിയർ ബ്രദേഴ്സിന്റെ ആദ്യ സിനിമയുടെ പൊതു പ്രദർശനത്തിന്റെ 100-ാം വാർഷികമായ 1994-ൽ ലോക സിനിമയുടെ ശതാബ്ദി ആഘോഷ വേളയിലാണ് ഈ മേള നടന്നത്



**മേളയിലെ ഉദ്ഘാടനചിത്രം-ആൻമേരി ജാസിറിന്റെ പാലസ്തീൻ 36**

ഐഎഫ്എഫ്കെ തുടങ്ങുന്നതിനു മുമ്പ് ലൂമിയർ ഫിലിം ഫെസ്റ്റിവെൽ, ഫിലിം ആർക്കൈവ്സുമായി ചേർന്ന് എല്ലാ ശനിയാഴ്ചകളിലും സിനിമ പ്രദർശിപ്പിക്കുന്ന ഫിലിം സർക്കിൾ തുടങ്ങി നിരവധി ഫിലിം ഫെസ്റ്റിവലുകൾ കേരളത്തിൽ സജീവമായിരുന്നു. ഇവയിലെല്ലാം ലോക സിനിമകൾ പ്രദർശിപ്പിച്ചിരുന്നു. പല ഫെസ്റ്റിവെലുകളിലും ഉദ്യോഗസ്ഥരുടെയും ഒരു വിഭാഗം ആളുകളുടെയും മാത്രം പങ്കാളിത്തമുള്ളവയായിരുന്നു. യഥാർഥ സിനിമാ പ്രേമികൾ ഇതിനു പുറത്തായിരുന്നു. ഇത്രയും സിനിമയുടെ ശേഖരം ഇവിടെയുണ്ടെന്ന അറിവാണ് കേരളത്തിന് സ്വന്തമായി ഒരു ചലച്ചിത്ര മേള എന്ന ആലോചനയിലേക്ക് എത്തിച്ചത്. അന്തർദേശീയ സിനിമകൾ കാണാനുള്ള വേദി എന്ന നിലയിലാണ് ആദ്യം നടന്നത്. എല്ലാ വർഷവും ഫെസ്റ്റിവൽ നടത്തുകയെന്ന ആശയം അന്ന് ഇല്ലായിരുന്നു. വിജയിക്കുമോ എന്ന് ഉറപ്പില്ലാതെ ആശങ്കയോടെയാണ് ആദ്യത്തെ മേള നടന്നത്. അത് മറികടന്ന് ആദ്യത്തെ മേള വിജയകരമായി സംഘടിപ്പിക്കാൻ സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷന് (കെഎസ്എഫ്ഡിസി)സാധിച്ചു. പ്രധാന വേദിയായിരുന്ന കോഴിക്കോട് ടാഗോർ തിയേറ്ററിൽ അന്നത്തെ മുഖ്യമന്ത്രി കെ.കരുണാകരനായിരുന്നു ആദ്യ ഐഎഫ്എഫ്കെ ഉദ്ഘാടനം ചെയ്തത്. പൂനെ ഫിലിം ആർക്കൈവിൽ നിന്നുള്ള സിനിമകളും പലയിടങ്ങളിൽ നിന്നായി ശേഖരിച്ച സിനിമകളുമടക്കം 100 സിനിമകളാണ് ആദ്യമേളയിൽ പ്രദർശിപ്പിച്ചത്. നാഷണൽ ഫിലിം ആർക്കൈവിന്റെ സ്ഥാപക ഡയറക്ടറായ പി.കെ.നായരായിരുന്നു സിനിമകൾ സംഘടിപ്പിക്കാൻ മുൻകൈയെടുത്തത്. കോഴിക്കോട് കൈരളി, ശ്രീ തിയേറ്ററുകളിൽ ചലച്ചിത്ര പ്രദർശനങ്ങൾ നടന്നു.

മുൻ ചലച്ചിത്ര അക്കാദമി സെക്രട്ടറി കെ. മനോജ് കുമാർ പറയുന്നു: അക്കാലത്താണ് ചെലവൂർ വേണു കോഴിക്കോട് ഒരു ചലച്ചിത്ര മേള നടത്താനുള്ള അപേക്ഷ പിആർഡിക്കും കെഎസ്എഫ്ഡിസിക്കും സാംസ്കാരിക വകുപ്പിനും അപേക്ഷ കൊടുക്കുന്നത്. അതുമായി ബന്ധപ്പെട്ട സംസാരത്തിനിടയിലാണ് കോഴിക്കോട് വച്ച് സർക്കാരിനു തന്നെ ഫെസ്റ്റിവെൽ നടത്താമല്ലോ എന്ന ആശയം ഉരുത്തിരിയുന്നത്. അന്ന് പിആർഡി, സംസ്കാരിക, ടൂറിസം വകുപ്പുകളുടെ സെക്രട്ടറിയായിരുന്നു കെ. ജയകുമാർ. ഈ അനുകൂല സാഹചര്യം ഫെസ്റ്റിവൽ ആലോചനയക്കും നടത്തിപ്പിനും ഗുണകരമായി. കെ. ജയകുമാറിന് ആർക്കൈവ് ഡയറക്ടർ പികെ നായരുമായുള്ള




ബന്ധവും ഗുണം ചെയ്തു. പികെ നായർക്ക് പൂനെയിൽ ഉൾപ്പെടെ വിവിധയിടങ്ങളിൽ ഫെസ്റ്റിവൽ നടത്തിയ അനുഭവം ഐഎഫ്എഫ്കെയുടെ ആദ്യ പതിപ്പിനെ വലിയ രീതിയിൽ സഹായിച്ചു.

## മൂന്നാം ലോകരാജ്യ സിനിമകൾക്ക് പ്രാധാന്യം

സിനിമയിൽ മൂന്നാം ലോക രാജ്യങ്ങളുടെ കാഴ്ചപ്പാടുകൾ കാണേണ്ടതുണ്ട് എന്ന നിലപാട് ആദ്യ ഐഎഫ്എഫ്കെയിൽ തന്നെ മുന്നോട്ടുവച്ചിരുന്നു. റാംബോ എന്ന അമേരിക്കൻ സിനിമയെ മുൻനിർത്തിയാണ് അന്ന് ഈ കാഴ്ചപ്പാട് ഉയർന്നുവന്നത്. അമേരിക്ക മൂന്നാം ലോക രാജ്യമായ വിയറ്റ്നാമിൽ നടത്തുന്ന ആക്രമണത്തെ പ്രതിനിധാനം ചെയ്യുന്നതായിരുന്നു ഈ സിനിമ. അതേസമയം വിയറ്റ്നാം ഉൾപ്പെടെയുള്ള മൂന്നാം ലോക രാജ്യങ്ങളിലെ മനുഷ്യരുടെ കാഴ്ചപ്പാട് കാണിക്കുന്ന സിനിമകൾക്ക് നമ്മുടെ ഫെസ്റ്റിവൽ പ്രാധാന്യം നൽകണമെന്നായിരുന്നു സർക്കാർ ചൂണ്ടിക്കാണിച്ചത്.

ആദ്യ ഫെസ്റ്റിവെലിന് ഒരു അക്കാദമിക് തലം ഇല്ലായിരുന്നു. പി ഗോവിന്ദപ്പിള്ള കെഎസ്എഫ്ഡിസി ചെയർമാൻ ആയിരുന്നപ്പോൾ ഫെസ്റ്റിവൽ സംഘാടനത്തിന് കുറേക്കൂടി ദിശാബോധം വന്നു. കലാഭവൻ തിയേറ്റർ കോംപ്ലക്സിൽ ആയിരുന്നു കെഎസ്എഫ്ഡിസിയുടെ നേതൃത്വത്തിലുള്ള ഫെസ്റ്റിവൽ ഓഫീസ്. ഫെസ്റ്റിവലിനായി വിദേശത്തുനിന്ന് സിനിമകൾ കിട്ടാൻ അക്കാലത്ത് വളരെ പ്രയാസമായിരുന്നു. ഇമെയിൽ, മൊബൈൽ ഫോൺ സംവിധാനങ്ങളില്ല. സിനിമ ലഭിക്കുന്നതിന് ഫാക്സ് അയച്ച് മറുപടി സന്ദേശത്തിന് കാത്തിരിക്കണമായിരുന്നു. യൂറോപ്യൻ, ആഫ്രിക്കൻ രാജ്യങ്ങളുടെ ടൈം സോണിന് അനുസരിച്ച് ഓഫീസ് പ്രവർത്തിക്കേണ്ടി വന്നിരുന്നു. ഫെസ്റ്റിവൽ നടത്തിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വലിയ കഷ്ടപ്പാടും വിയർപ്പുമുണ്ട്.

1999ലെ ഫെസ്റ്റിവലുമായി ബന്ധപ്പെട്ട രസകരമായ ഒരു അനുഭവം കൂടി കെ. മനോജ് കുമാർ ഓർമ്മിക്കുന്നു. ഫെസ്റ്റിവലിന്റെ രണ്ടു ദിവസം മുമ്പാണ് നടത്തിപ്പിനുള്ള ഫണ്ട് അനുവദിക്കുന്നത്. 40 ലക്ഷം രൂപയോളം വരുന്ന ഈ തുക മേളയുടെ തലേന്ന് ചാക്കിനകത്ത് കെട്ടിയാണ് തിരുവനന്തപുരത്ത് നിന്ന് കോഴിക്കോട്ടേക്ക് പോകുന്നത്. ആ വണ്ടി ഒരു ഓട്ടോറിക്ഷയുമായി ഇടിച്ചു. പ്രശ്നം പോലീസ് സ്റ്റേഷനിൽ എത്തുന്നു. മന്ത്രി ടി കെ രാമകൃഷ്ണന്റെ ഓഫീസ് ഇടപെട്ട് കാര്യങ്ങൾ ബോധ്യപ്പെടുത്തി. എന്നാൽ ഇത്രയും പൈസ കണ്ടെത്തിയതു കാരണം പണവുമായി പോയ ഉദ്യോഗസ്ഥരെ പോലീസ് സുരക്ഷയിൽ താമസിപ്പിച്ച് പിറ്റേന്നാണ് കോഴിക്കോട് എത്തിച്ചത്.

## വളർച്ചയുടെ ഘട്ടം

കോഴിക്കോട്ടെ മേള നൽകിയ ആത്മവിശ്വാസത്തിൽ നിന്നാണ് 1995 ൽ തിരുവനന്തപുരത്ത് ഐഎഫ്എഫ്കെയുടെ രണ്ടാമത്തെ പതിപ്പ് സംഘടിപ്പിച്ചത്. ചലച്ചിത്ര വികസന കോർപ്പറേഷനാണ് ഇതിന് മുൻകൈ എടുത്തത്. തിരുവനന്തപുരം ടാഗോർ, കൈരളി, ശ്രീ, കലാഭവൻ തിയേറ്ററുകളിലായിട്ടാണ് ചലച്ചിത്രമേള അരങ്ങേറിയത്. തുടർന്ന് രണ്ട് വർഷത്തെ ഇടവേളയ്ക്ക് ശേഷം 1998 ൽ ഫെസ്റ്റിവെൽ വീണ്ടും തിരുവനന്തപുരത്ത് നടന്നു.

> **1998-ൽ സംസ്ഥാന ചലച്ചിത്ര അക്കാദമി രൂപീകരിക്കുന്നതുവരെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനാണ് മേള നടത്തിയിരുന്നത്. സിനിമയുടെ പ്രചാരണത്തിനായുള്ള മറ്റ് പ്രവർത്തനങ്ങൾക്കൊപ്പം ഐഎഫ്എഫ്കെയുടെ നടത്തിപ്പ് അക്കാദമിയെ ഏൽപ്പിച്ചു**

1998-ൽ സംസ്ഥാന ചലച്ചിത്ര അക്കാദമി രൂപീകരിക്കുന്നതുവരെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനാണ് മേള നടത്തിയിരുന്നത്. സിനിമയുടെ പ്രചാരണത്തിനായുള്ള മറ്റ് പ്രവർത്തനങ്ങൾക്കൊപ്പം ഐഎഫ്എഫ്കെയുടെ നടത്തിപ്പ് അക്കാദമിയെ ഏൽപ്പിച്ചു. പിന്നീട് ഇൻ്റർനാഷണൽ ഫെഡറേഷൻ ഓഫ് ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷന്റെ (എഫ്ഐഎഫ്പിഎഫ്) ഫെസ്റ്റിവലിന് അംഗീകാരം നൽകി.

മൂന്നാം പതിപ്പിൽ മലയാള സിനിമയെ ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കുന്നതിനായി വിദേശ പ്രതിനിധികളെ കൊണ്ടുവന്നു. ആഫ്രോ-ഏഷ്യൻ സിനിമകൾക്കുള്ള അവാർഡുകൾ, മലയാളത്തിനും ഇന്ത്യൻ സിനിമയ്ക്കും പ്രത്യേക വിഭാഗങ്ങൾ ഉൾപ്പെടുത്തൽ തുടങ്ങിയ ആശയങ്ങളും ആ വർഷം തന്നെ ആരംഭിച്ചു.

1999 ൽ ഫെസ്റ്റിവൽ വീണ്ടും കോഴിക്കോട്ടേക്കെത്തി. ആ വർഷം മത്സരവിഭാഗം സിനിമകൾ എന്ന പാക്കേജ് മേളയിൽ ഉൾപ്പെടുത്തിയത് മേളയുടെ വളർച്ചയിലെ നാഴികക്കല്ലായിരുന്നു. ഇതോടെ ഐഎഫ്എഫ്കെ ലോക ഭൂപടത്തിൽ ഇടംനേടി. ഏഷ്യൻ-ആഫ്രിക്കൻ-ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽനിന്നുള്ള പുതിയ ചിത്രങ്ങളെയാണ് മത്സരവിഭാഗം പാക്കേജിൽ ഉൾപ്പെടുത്തിയത്.

നാലാം പതിപ്പിന് 2000 ത്തിൽ എറണാകുളമാണ് ആതിഥേയത്വം വഹിച്ചത്. ഏഷ്യയിലെ ഏറ്റവും കൂടുതൽ കാണികളുടെ പങ്കാളിത്തമുള്ള മേളകളിലൊന്നായി ഇത് വളരെ പെട്ടെന്ന് മാറി. 2000 ത്തിന്റെ തുടക്കത്തിൽ മേളയുടെ സംഘാടനത്തിലും സ്വഭാവത്തിലും ഗുണനിലവാരത്തിലും വലിയ മാറ്റമുണ്ടായി.

ടൂറിങ് ഫെസ്റ്റിവെൽ എന്ന രീതി അവസാനിപ്പിച്ച് ഐഎഫ്എഫ്കെയ്ക്ക് ഒരു സ്ഥിരം വേദി വേണമെന്ന ആശയം രൂപപ്പെട്ടു. അതിനെ തുടർന്ന് രാജ്യാന്തര ചലച്ചിത്ര മേളയുടെ യശസ്സും ഗൗരവവും നിലനിർത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തെ ഐഎഫ്എഫ്കെയുടെ സ്ഥിരം വേദിയായി അംഗീകരിച്ചു. മൂന്നാം ലോക രാജ്യങ്ങളിൽ നിന്നുള്ള ചിത്രങ്ങൾക്കാണ് ഐഎഫ്എഫ്കെ പ്രാമുഖ്യം നൽകുന്നത്. ലോകസിനിമകളും മറ്റ് ഇന്ത്യൻ ഭാഷാ ചിത്രങ്ങളും മലയാളിക്ക് പരിചയപ്പെടുത്തുക എന്നതാണ് ചലച്ചിത്രോത്സവത്തിന്റെ ലക്ഷ്യം.

## ഫെസ്റ്റിവെലിന്റെ ജനകീയതയും തലമുറ മാറ്റവും

ഡിസംബർ മാസത്തെ ആദ്യ ആഴ്ചകളിലായി നടന്നുവരുന്ന ഫെസ്റ്റിവെൽ ഇന്ന് രാജ്യത്തെ ശ്രദ്ധേയ മേളകളിലൊന്നായി സിനിമാപ്രേമികൾ അംഗീകരിച്ചുകഴിഞ്ഞു. രാജ്യത്തിന് അകത്തുനിന്നും പുറത്തുനിന്നുമുള്ള 10000 ത്തിലധികം പ്രതിനിധികൾ ഫെസ്റ്റിവലിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്യുന്നുണ്ട്. ഓരോ വർഷവും മേളയുടെ ജനബാഹുല്യം വർധിച്ചുവരുന്നതായാണ് കാണുന്നത്. ലോകത്തിലെ മിക്കവാറും എല്ലാ സിനിമകളും വിരൽത്തുമ്പിൽ ലഭ്യമാകുന്ന ഒരു കാലത്തുപോലും ആളുകൾ ഫെസ്റ്റിവലിനായി തിയേറ്ററുകളിൽ വന്നുചേരുന്നു. ഇത് സിനിമയുടെ ബിഗ് സ്ക്രീൻ നൽകുന്ന മാന്ത്രികതയാണ്. തിയേറ്ററിലെ ആൾക്കൂട്ടത്തിനിടയിൽ അവരിൽ ഒരാളായി ഇരിക്കുമ്പോഴാണ് സിനിമയെന്ന കലാരൂപം നൽകുന്ന ആസ്വാദനക്ഷമത അതിന്റെ പൂർണ്ണതയിലെത്തുന്നത് എന്ന മനോവികാരം തന്നെയാകാം കാണികളെ ചലച്ചിത്ര മേളയിലേക്ക് പിന്നെയും ആകർഷിക്കുന്ന ഘടകം.

രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലെ ചലച്ചിത്രമേളകൾക്ക് ഒരു വരേണ്യ മനോഭാവം ഉണ്ടായിരുന്നു. മേളയുടെ ജനാധിപത്യവൽക്കരണത്തിലൂടെയാണ് അത് ഇല്ലാതാക്കിയത്. പാസുകൾ വിതരണം ചെയ്ത് ആഗ്രഹിക്കുന്നവർക്ക് സിനിമ കാണാനുള്ള അവസരമൊരുക്കി. ഇതേ മാതൃക ഐഎഫ്എഫ്കെയും പിന്തുടർന്നു. പരീക്ഷണാർഥം നടത്തിയ ആദ്യ മേളയിലും തുടർന്ന് തുടക്കകാലത്തെ ചില മേളകളിലും ഒരു വിഭാഗം കാണികൾ




മാത്രമായിരുന്ന ഭാഗമായത്. പിന്നീട് ഘട്ടം ഘട്ടമായി കൂടുതൽ പേരിലേക്കും സാമാന്യജനതയിലേക്കും മേള വളർച്ച പ്രാപിച്ചു.

തുടക്കകാലത്ത് മുതിർന്നവരുടെ പ്രാതിനിധ്യമായിരുന്ന ഐഎഫ്എഫ്കെയിൽ കൂടുതലായി കണ്ടിരുന്നതെങ്കിൽ ചെറുപ്പക്കാരുടെ മേള എന്ന നിലയിലേക്കുള്ള മാറ്റമാണ് കഴിഞ്ഞ കുറച്ചു വർഷങ്ങളായി കണ്ടുവരുന്ന സവിശേഷത. ഗൗരവമായി സിനിമയെ സമീപിച്ചിരുന്ന ഒരുകൂട്ടം മധ്യവയസ്കരുടെ ഇടമായി നിലനിന്നിരുന്ന ചലച്ചിത്രമേളയിലേക്ക് പെട്ടെന്നാണ് ചെറുപ്പക്കാരും വിദ്യാർഥികളുമായ ഒരു തലമുറ കടന്നുവന്നത്. സിനിമ കാണുന്ന ശീലത്തിൽ വന്ന മാറ്റവും ലോകസിനിമയെ വലിയ സ്ക്രീനിൽ അടുത്തുകാണാനുള്ള അവസരവും ഇവരെ ഐഎഫ്എഫ്കെയിലേക്ക് അടുപ്പിച്ചു. ചലച്ചിത്ര പഠനം സിലബസിന്റെ ഭാഗമായതും ഒരു കാരണമായി.

പുതുതലമുറ സിനിമ കാണാനെത്തുന്നത് ബൗദ്ധികവ്യായാമം എന്ന നിലയിൽ മാത്രമല്ല. വൈവിധ്യമാർന്ന വസ്ത്രങ്ങൾ ധരിച്ച് തെരുവുകളെ അലങ്കരിക്കുന്ന ഒരു ജനക്കൂട്ടം കൂടിയായി അവർ മാറുന്നു. കഴിഞ്ഞ ഒരു ദശകത്തിനിടെ ഐഎഫ്എഫ്കെ കാഴ്ചവട്ടത്തിൽ സംഭവിച്ച ഒരു പ്രധാന മാറ്റമാണിത്. വിപണിയിലെ പുതിയ ഫാഷൻ, വസ്ത്രധാരണ ട്രെൻഡുകളെ ചേർത്തുവച്ച് യാഥാസ്ഥിതിക ചലച്ചിത്രപ്രേമികളിൽ നിന്ന് വേറിട്ട കാണികളുടെ ഒരു മുഖം ഇത് ഐഎഫ്എഫ്കെയ്ക്ക് നൽകിയിട്ടുണ്ട്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ജീവിതാഘോഷങ്ങളുടെ, സാമൂഹിക മാറ്റത്തിന്റെ പ്രകടനപരത കൂടിയാണ് ഇത്തരം മേളകൾ.

മറ്റൊരു പ്രധാന കാര്യം മേളയിലെ സ്ത്രീകളുടെ പങ്കാളിത്തം വർധിച്ചു എന്നതാണ്. ഇപ്പോൾ സിനിമ കാണാൻ കൂടുതൽ സ്ത്രീകൾ മുന്നോട്ടുവരുന്നു. ചലച്ചിത്ര പ്രവർത്തന മേഖലയിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർധിച്ചതും വിദ്യാർഥികളായ പെൺകുട്ടികളുടെ സാന്നിധ്യവും ഈ എണ്ണപ്പെരുക്കത്തിലെ വസ്തുതകളാണ്.



## മലയാള സിനിമയിലെ സ്വാധീനം

മലയാള സിനിമയുടെ വളർച്ചയിൽ ഐഎഫ്എഫ്കെയ്ക്ക് സുപ്രധാന പങ്കുണ്ട്. ലോകസിനിമയിലെ മാറ്റങ്ങൾ മേള മലയാള സിനിമയ്ക്ക് കാണിച്ചുകൊടുത്തു. സിനിമാഭിരുചിയുള്ള ചെറുപ്പക്കാർക്ക് ലോക സിനിമയിലേക്കുള്ള വാതിൽ തുറന്നുകൊടുത്തത് കേരള രാജ്യാന്തര ചലച്ചിത്രമേളയാണ്. ലോക സിനിമയുമായുള്ള സമ്പർക്കം യുവചലച്ചിത്ര പ്രവർത്തകർക്ക് വ്യത്യസ്ത തരം കഥകൾ കൈകാര്യം ചെയ്യാനുള്ള ധൈര്യം നേടിക്കൊടുത്തു. ഇത് ഐഎഫ്എഫ്കെ നൽകിയ സ്വാധീനം കാരണമാണ്. ഇന്ന് വേറിട്ട പ്രമേയങ്ങൾ അവതരിപ്പിക്കാൻ മലയാള സിനിമയ്ക്ക് സാധിക്കുന്നത് ഐഎഫ്എഫ്കെ നൽകിയ പരിശീലനവും ധൈര്യവും കൊണ്ടുകൂടിയാണ്. ഐഎഫ്എഫ്കെ തങ്ങളുടെ ചലച്ചിത്ര വിദ്യാലയമാണെന്ന് അഭിപ്രായപ്പെട്ട നിരവധി പുതുതലമുറ സംവിധായകരുണ്ട്. മലയാളികളുടെ ചിന്താഗതിയെ രൂപപ്പെടുത്തിയ മേള പ്രേക്ഷകരുടെ കാഴ്ചനിലവാരം വർധിപ്പിച്ചു. ഈ മാറ്റങ്ങൾ ക്രമാനുഗതമായി സംഭവിച്ചതാണ്. വ്യത്യസ്ത ആഖ്യാനങ്ങൾ കാണുമ്പോൾ കാഴ്ചപ്പാടുകളും മാറുന്നു. മുഖ്യധാര, സമാന്തര സിനിമാ പ്രവർത്തകരെ ഒരുപോലെ ആകർഷിക്കാൻ ചലച്ചിത്രമേളയ്ക്ക് സാധിച്ചിട്ടുണ്ട്.

## പാക്കേജുകളും പുരസ്കാരങ്ങളും

എട്ട് ദിവസത്തെ ഫെസ്റ്റിവലിൽ അന്താരാഷ്ട്ര മത്സരവിഭാഗം, മലയാളം സിനിമ ടുഡേ, ഇന്ത്യൻ സിനിമ നൗ, വേൾഡ് സിനിമ, കൺട്രി ഫോക്കസ്, പ്രമുഖ ചലച്ചിത്ര പ്രവർത്തകരുടെ റിട്രോസ്പെക്റ്റീവ്സ്, കൺടംപററി ഫോക്കസ്, ഹോമേജുകൾ, വിവിധ ക്യൂറേറ്റഡ് പാക്കേജുകൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി സിനിമകളുടെ പ്രദർശനം നടത്തുന്നു. ചലച്ചിത്ര പ്രദർശനങ്ങൾക്കൊപ്പം ഓപ്പൺ ഫോറം, വർക്ക്ഷോപ്പുകൾ തുടങ്ങിയവയും സംഘടിപ്പിക്കുന്നു. വാർഷിക അരവിന്ദൻ സ്മാരകപ്രഭാഷണം ഫെസ്റ്റിവലിലെ പ്രധാന പരിപാടികളിലൊന്നാണ്. ഓപ്പൺ ഫോറം ചർച്ചകൾ ചലച്ചിത്ര സംസ്കാരത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. സിനിമ കാണുന്നതിനൊപ്പം സംവിധായകരോടും സാങ്കേതിക പ്രവർത്തകരോടും സംവദിക്കാൻ കാണികൾ താത്പര്യപ്പെടുന്നുണ്ട്.

മികച്ച ചിത്രത്തിനുള്ള സുവർണ ചകോരം, മികച്ച സംവിധായകനുള്ള രജത ചകോരം, മികച്ച നവാഗത സംവിധായകൻ, അന്താരാഷ്ട്ര മത്സര വിഭാഗത്തിലെ പ്രേക്ഷക പുരസ്കാരം, മികച്ച ഏഷ്യൻ ചിത്രത്തിനും മികച്ച മലയാള ചിത്രത്തിനുമുള്ള നാറ്റ്പാക് പുരസ്കാരം, മികച്ച ചിത്രത്തിനും മികച്ച മലയാള ചിത്രത്തിനുമുള്ള ഫിപ്രെസി അവാർഡ്, മികച്ച ഇന്ത്യൻ നവാഗത സംവിധായകനുള്ള കെ.ആർ. മോഹനൻ അവാർഡ്, ഹസൻകുട്ടി അവാർഡ് (മീരാ നായർ ഏർപ്പെടുത്തിയ അവാർഡ്) തുടങ്ങിയവയാണ് മേളയിൽ നൽകുന്ന അംഗീകാരങ്ങൾ. സിനിമാ മേഖലയിൽ നൽകിയ സമഗ്ര സംഭാവനകളെ മുൻനിർത്തി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡും നൽകുന്നു. ■

> മറ്റൊരു പ്രധാന കാര്യം മേളയിലെ സ്ത്രീകളുടെ പങ്കാളിത്തം വർധിച്ചു എന്നതാണ്. ഇപ്പോൾ സിനിമ കാണാൻ കൂടുതൽ സ്ത്രീകൾ മുന്നോട്ടുവരുന്നു. ചലച്ചിത്ര പ്രവർത്തന മേഖലയിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർധിച്ചതും വിദ്യാർഥികളായ പെൺകുട്ടികളുടെ സാന്നിധ്യവും ഈ എണ്ണപ്പെരുക്കത്തിലെ വസ്തുതകളാണ്


പാവനാടകത്തിലെ ലങ്കാലക്ഷ്മിയുടെ മാതൃകയിലാണ് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ ലോഗോ രൂപകൽപ്പന ചെയ്തിട്ടുള്ളത്

# ഐഎഫ്എഫ്കെ ലോഗോ ലങ്കാലക്ഷ്മിയുടെ മാതൃക

പാവനാടകത്തിലെ ലങ്കാലക്ഷ്മിയുടെ മാതൃകയിലാണ് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ ലോഗോ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഐഎഫ്എഫ്കെയുടെ മൂന്നാം പതിപ്പ് മുതലാണ് ഈ ലോഗോ മേളയുടെ ഭാഗമായത്. 1988 ൽ ഇന്ത്യൻ പനോരമയ്ക്കുവേണ്ടി സിനിമയെ പ്രതിനിധാനം ചെയ്യുന്ന ചിത്രരൂപം ഉണ്ടാക്കാൻ സംവിധായകൻ ജി.അരവിന്ദൻ നടത്തിയ അന്വേഷണമാണ് ലങ്കാലക്ഷ്മിയിൽ എത്തിയത്. പാലക്കാട്ടെ പാവക്കൂത്ത് കലാകാരനായ കൃഷ്ണൻകുട്ടി പുലവർ ആണ് ദൃശ്യഭംഗിയും സന്ദർഭസാധ്യതയുമുള്ള ലങ്കാലക്ഷ്മിയുടെ രൂപം അന്ന് തിരഞ്ഞെടുത്തത്. മൂന്നു നൂറ്റാണ്ടുകളായി സൂക്ഷിച്ചുവരുന്ന പാവകളുടെ ശേഖരത്തിൽ നിന്നാണ് ലോഗോ തയ്യാറാക്കാൻ പോന്ന രൂപങ്ങൾ കൃഷ്ണൻകുട്ടി പുലവർ അരവിന്ദന്



കാണിച്ചുകൊടുത്തത്. ശാപമോക്ഷം കിട്ടിയ ലങ്കാലക്ഷ്മി കൈകൾ മുകളിലേക്ക് ഉയർത്തി വിശ്വരൂപത്തിലേക്ക് മാറുന്നതാണ് ഈ രൂപത്തിന്റെ സന്ദർഭ പശ്ചാത്തലം.




പാരമ്പര്യമായി ഉപയോഗിക്കുന്ന ലങ്കാമഹാകാളിയുടെ രൂപത്തിൽ ചില മാറ്റങ്ങൾ വരുത്തി അരവിന്ദൻ അത് സിനിമയുടെ ചിഹ്നമായി തിരഞ്ഞെടുക്കുകയായിരുന്നു. തോൽപ്പാവക്കൂത്തിൽ ലങ്കാമഹാകാളിയുടെ രൂപം നിവർന്നു നിൽക്കുന്ന രൂപത്തിലാണ്. എന്നാൽ അരവിന്ദൻ ആ രൂപത്തിന്റെ കാലുകളുടെ വളവ് ദീർഘവീക്ഷണത്തോടെ രൂപകല്പന ചെയ്തു. കാലുകൾ വളച്ച് ചുവട് വയ്ക്കുന്നതുപോലെ അതിൽ മാറ്റംവരുത്തി. പുരാണവുമായുള്ള ബന്ധം വിട്ടുവിച്ച് ഒരു സ്വതന്ത്ര കലാശില്പമാക്കിയ ശേഷം ലോഗോ സൃഷ്ടിച്ചു.

അരവിന്ദൻ വരച്ച ഈ ലോഗോ 1998ൽ മേളയുടെ മൂന്നാം പതിപ്പ് മുതലാണ് ഉപയോഗിച്ച് തുടങ്ങിയത്. ലോഗോ കൂടുതൽ പരിഷ്കരിച്ച് 1999 ലെ ഐഎഫ്എഫ്കെ നാലാം പതിപ്പിൽ പുറത്തിറക്കി. ഓരോ സ്ക്രീനിങ്ങിനും മുമ്പായി പ്രദർശിപ്പിക്കുന്ന മനോഹരമായ ഹ്രസ്വ ആനിമേഷനായി ഇത് പിന്നീട് മാറ്റിയത് ഷാജി എൻ കരുൺ ആണ്.■

ലോകസിനിമകളെ പഠനവിധേയമാക്കിയ എഴുത്തുകാരും
അവരുടെ ലേഖനങ്ങളും ചലച്ചിത്രഗ്രന്ഥങ്ങളും
ചലച്ചിത്രനിരൂപകരും ഫിലിം സൊസൈറ്റികളെ സജീവമാക്കി

# ഫിലിം സൊസൈറ്റികൾ അടിത്തറ പാകി



## ഫിലിം സൊസൈറ്റികളും ഐഎഫ്എഫ്കെയെ വരവേൽക്കുന്നു

**ആർ.ബിജു**
സെക്രട്ടറി, ബാനർ ഫിലിം സൊസൈറ്റി

പൂനെയിലെ ആർക്കൈവിൽ നിന്നോ വിദേശരാജ്യങ്ങളുടെ എംബസികളിൽ നിന്നോ അയയ്ക്കുന്ന വലിയ ഫിലിം പെട്ടികൾ കൈപ്പറ്റി, തലച്ചുമടായി കൊണ്ടുവന്ന് പ്രദർശനം നടത്തിയ തീക്ഷ്ണമായ അനുഭവങ്ങൾ കേട്ടാണ് ഞങ്ങൾ ഫിലിം സൊസൈറ്റി പ്രവർത്തനത്തിലേക്ക് വരുന്നത്. കാലം ഒരുപാട് മാറി. സാങ്കേതികവിദ്യകളും മാറി.



1937 ൽ ബോംബെയിൽ ഫിലിം സൊസൈറ്റിയുടെ ആദ്യരൂപം നമ്മുടെ രാജ്യത്തും പ്രത്യക്ഷപ്പെട്ടു. 1947 ഒക്ടോബറിൽ സത്യജിത് റേയുടെയും ചിദാനന്ദ ദാസ് ഗുപ്തയുടെയും നേതൃത്വത്തിൽ ആരംഭിച്ച കൽക്കത്ത ഫിലിം സൊസൈറ്റിയിലൂടെ ഒരു പുതിയ ചലച്ചിത്രസംസ്കാരത്തിന്റെ ദിശ എന്തായിരിക്കണമെന്ന് നാം മനസ്സിലാക്കിത്തുടങ്ങി.

കമ്പോള താൽപര്യങ്ങൾക്ക് മേൽക്കൈ ഉണ്ടായിരുന്ന ചലച്ചിത്ര മേഖലയ്ക്കകത്ത് പെട്ടുപോകാതെ, സിനിമ ഒരു കലാരൂപമാണെന്നും അതിന്റെ ദൃശ്യഭാഷയും വ്യാകരണവും ഉയർന്ന സൗന്ദര്യാത്മകത സൃഷ്ടിക്കുമെന്നും അതിനാവശ്യമായ സമീപന ദർശനങ്ങളെ അവതരിപ്പിക്കണമെന്നും പ്രഖ്യാപിച്ച് ഫിലിം സൊസൈറ്റികൾ ശ്രദ്ധയോടെ ദേശമെമ്പാടും വളർന്നുവന്നു. സിനിമ ഒരു സാംസ്കാരിക ഉൽപന്നവും കലാരൂപവുമായി ഇന്ത്യൻ ഗവൺമെന്റും അംഗീകരിച്ചു. 1952 ൽ സംഘടിപ്പിച്ച ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യ (ഐഎഫ്എഫ്ഐ) ലോകസിനിമകൾ കാണാനുള്ള ഔദ്യോഗിക വേദിക്കും തുടക്കം കുറിച്ചു. ദേശീയതലത്തിലുണ്ടായ ഈ ചലനങ്ങൾ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകളുടെ രൂപീകരണത്തിലേക്കും നയിച്ചു.

കേരളത്തിൽ ഫിലിം സൊസൈറ്റികൾക്ക് അടിത്തറ പാകിയ ചിത്രലേഖ 1965 ൽ തിരുവനന്തപുരത്ത് ആരംഭിച്ചു. അടൂർ ഗോപാലകൃഷ്ണൻ, കുളത്തൂർ ഭാസ്കരൻ നായർ, ശ്രീവരാഹം ബാലകൃഷ്ണൻ, കെ.പി. കുമാരൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ആരംഭിച്ച ചിത്രലേഖയുടെ വരവോടെ നല്ല സിനിമകളിലേക്കും ലോകസിനിമകളിലേക്കുമുള്ള നമ്മുടെ സാധ്യതകൾ തെളിഞ്ഞു വന്നു.

ലോകസിനിമകളെ പഠനവിധേയമാക്കിയ എഴുത്തുകാരും അവരുടെ ലേഖനങ്ങളും ചലച്ചിത്രഗ്രന്ഥങ്ങളും ചലച്ചിത്രനിരൂപകരും ഫിലിം സൊസൈറ്റികളെ സജീവമാക്കി. പഠനക്യാമ്പുകളും ചലച്ചിത്രോത്സവങ്ങളും പുതിയ സൊസൈറ്റികളുടെ രൂപീകരണത്തെയും സഹായിച്ചു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളത്തിൽ അത് പുതിയൊരു സാംസ്കാരിക മുന്നേറ്റമായി മാറി.

ചിത്രലേഖ, ചലച്ചിത്ര, അശ്വനി, രശ്മി, സുമംഗല, ദർശന, സർഗ, സൂര്യ തുടങ്ങി കേരളത്തിലെ ഗ്രാമങ്ങളിലടക്കം ഇളക്കിമറിച്ച ഫിലിം സൊസൈറ്റികൾ സൃഷ്ടിച്ച അടിത്തറയിലാണ് ഇന്ന് 30-ാം എഡിഷനിലേക്ക് എത്തിയ ഐഎഫ്എഫ്കെയുടെ തുടക്കം.

> **കേരളത്തിൽ ഫിലിം സൊസൈറ്റികൾക്ക് അടിത്തറ പാകിയ ചിത്രലേഖ 1965 ൽ തിരുവനന്തപുരത്ത് ആരംഭിച്ചു**

ഫിലിം സൊസൈറ്റി ഫെഡറേഷന്റെയും (എഫ്എഫ്എസ്ഐ) ഐഎഫ്എഫ്കെയുടെയും ഭാഗമായി തിരുവനന്തപുരത്ത് 2004 മുതൽ പ്രവർത്തിക്കുന്ന ബാനർ ഫിലിം സൊസൈറ്റിക്കും 21 വർഷത്തെ ഫെസ്റ്റിവൽ അനുഭവമുണ്ട്. ചിത്രലേഖ ഫിലിം സൊസൈറ്റിയുടെ ജനറൽ സെക്രട്ടറിയായും ആദ്യത്തെ ഐഎഫ്എഫ്കെയിലെ സംഘാടക സമിതി അംഗമായും പ്രവർത്തിച്ച ചലച്ചിത്ര നിരൂപകൻ എം.എഫ്.തോമസിന്റെ 60 വർഷത്തെ ഫിലിം സൊസൈറ്റി പ്രവർത്തന അനുഭവം ബാനറിന് മുതൽക്കൂട്ടാണ്. അദ്ദേഹം ഇപ്പോഴും ബാനർ ഫിലിം സൊസൈറ്റിയുടെ ഉപദേഷ്ടാവും സജീവ സംഘാടകനുമാണ്. ■

**ഞൊടിയിടയിൽ പ്രത്യക്ഷപ്പെടുന്ന മാന്ത്രികജാലം പോലെ നമ്മുടെ അന്തരീക്ഷം (ഓൺലൈൻ) നിറയെ സിനിമകളാണ്. ലോകത്താകെ നിർമ്മിക്കപ്പെടുന്ന ആയിരക്കണക്കിന് സിനിമകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവ നമ്മുടെ കൺമുന്നിൽ എത്തുമ്പോൾ അതിനെ വരവേൽക്കാൻ എത്തുന്ന പതിനായിരത്തിലധികം ഡെലിഗേറ്റുകൾക്കൊപ്പം ബാനർ ഫിലിം സൊസൈറ്റിയും കൂടെയുണ്ട്.**



'സ്പ്രിങ് സമ്മർ ഫോൾ വിന്റർ ആൻഡ് സ്പ്രിങ്' എന്ന സിനിമയിലൂടെയാണ് കൊറിയൻ സംവിധായകൻ കിം കി ഡുക്ക് ഐഎഫ്എഫ്കെയിൽ ശ്രദ്ധേയനാകുന്നത്

# കിം കി ഡുക്കിനെ 'മലയാളി'യാക്കി

ഒരൊറ്റ പേര് ഒരു പട്ടുകുറ്റൻ ഫുട്ബോൾ / ക്രിക്കറ്റ് മൈതാനത്തെ നിറയ്ക്കുന്നതുപോലെയാണ് കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ ചില സംവിധായകരുടെ സിനിമകൾക്ക് ആള് കയറുന്നത്. സിനിമ ചർച്ച ചെയ്യുന്ന പ്രമേയം, ഴോണർ, കാലികപ്രസക്തി, ഭാഷ, രാജ്യം തുടങ്ങി ഒരു സിനിമ കാണാൻ കാണികൾ മാനദണ്ഡമായി എടുക്കുന്ന വിഷയങ്ങളൊന്നും ഇവിടെ പ്രസക്തമാകുന്നില്ല. സംവിധായകൻ എന്ന ഒറ്റപ്പേര് ആണ് അതിനെല്ലാം ഉപരിയായി മുന്നിൽവരുന്നത്. അത് ആ ചലച്ചിത്രകാരൻ തന്റെ മാസ്റ്റർപീസ് ആയ ഒരു സിനിമ കൊണ്ടോ ഒന്നിലധികം സിനിമകൾ കൊണ്ടോ കാണികളിൽ മുമ്പ് ഉണ്ടാക്കിയെടുത്ത സ്വാധീനം കാരണമാണ്.

പെഡ്രോ അൽമദോവർ, അലക്സാണ്ടർ സുകുറോവ്, അബ്ബാസ് കിയരോസ്തമി, മൊഹ്സിൻ മക്മൽബഫ്, ജാഫർ പനാഹി, അസ്ഹർ ഫർഹാദി, മജീദ് മജീദി, ലാർസ് വോൻട്രയർ, കിം കി ഡുക്ക്, അലെജാൻഡ്രോ ഗോൺസാലസ് ഇനാരിറ്റു തുടങ്ങിയ സംവിധായകരുടെ പേരുനോക്കി സിനിമ കാണുന്നവരാണ് ഐഎഫ്എഫ്കെയിലെ കാണികൾ. ഈ സംവിധായകർക്ക് മേളയിൽ സവിശേഷമായ ഒരു ആരാധകവൃന്ദമുണ്ട്. കിം കി ഡുക്കും മഖ്മൽബഫും മജീദ് മജീദിയുമൊക്കെ മലയാളി സംവിധായകരോളം പരിചിതരാണ് നമുക്ക്. ഓരോ വർഷവും മേളയുടെ സ്ക്രീനിങ് ഷെഡ്യൂൾ പ്രഖ്യാപിക്കുമ്പോൾ പ്രേക്ഷകർ ആകാംക്ഷയോടെ നോക്കുന്നത് ഈ വലിയ പേരുകളുടെ സാന്നിധ്യം ഉണ്ടോ എന്നതു കൂടിയായി. സിനിമയുടെ ചരിത്രത്തിനൊപ്പം നടന്ന അതികായരും അനശ്വരരുമായ സംവിധായകരുടെ സിനിമകൾ ബിഗ് സ്ക്രീനിൽ കാണാൻ താത്പര്യപ്പെടുന്ന വലിയൊരു വിഭാഗം പ്രേക്ഷകരുമുണ്ട്. റെട്രോസ്പെക്ടിവ് പാക്കേജിനെ കാത്തിരിക്കുന്ന കാണികളും മേളയുടെ ഭാഗമാണ്.

## കിം കി ഡുക്കിന്റെ ഐഎഫ്എഫ്കെ

'സ്പ്രിങ് സമ്മർ ഫോൾ വിന്റർ ആൻഡ് സ്പ്രിങ്' എന്ന സിനിമയിലൂടെയാണ് കൊറിയൻ സംവിധായകൻ കിം കി ഡുക്ക് ഐഎഫ്എഫ്കെയിൽ ശ്രദ്ധേയനാകുന്നത്. ഋതുക്കളുടെ പരിണാമങ്ങൾ ജീവിതത്തിൽ പ്രതിഫലിപ്പിച്ചുകൊണ്ട് അവതരിപ്പിച്ച സപ്രിങ് സമ്മറിന്റെ ദൃശ്യഭാഷയും ആഖ്യാനവും അത്ഭുതപ്പെടുത്തുന്നതായിരുന്നു. സ്പ്രിങ് സമ്മറിനെ തുടർന്നാണ് കിം കി ഡുക്കിന് ഇന്നുകാണുന്ന ആരാധകരും കിം സിനിമകൾക്കായുള്ള കാത്തിരിപ്പും രൂപപ്പെട്ടത്.

സ്പ്രിങ് സമ്മറിനെ തുടർന്ന് സമരിറ്റൻ ഗേൾ, ത്രീ അയേൺ, ദി ബോ, ഡ്രീം, ടൈം



എന്നീ സിനിമകൾ പ്രേക്ഷകരിൽ കിമ്മിലു ള്ള പ്രതീക്ഷയെ വളർത്തി. ഓരോ വർഷ ത്തെയും മേളയുടെ ഷെഡ്യൂൾ കിട്ടുമ്പോൾ കിം കി ഡുക്കിന്റെ സിനിമയുണ്ടോ എന്ന അന്വേഷണത്തിലേക്ക് ഡെലിഗേറ്റ്സിനെ നയിക്കാൻ കിമ്മിന്റെ പ്രതിഭയ്ക്ക് സാധിച്ചു.

കിമ്മിന് ഏറ്റവുമധികം ആരാധകരുള്ള നാ ടുകളിലൊന്നായ കേരളത്തിൽ അദ്ദേഹം എത്തിയത് 2013 ലാണ്. കേരള രാജ്യാന്തര ചലച്ചിത്ര മേളയിലെ അതിഥിയായി കിം കി ഡുക്ക് എത്തിയപ്പോൾ അദ്ദേഹത്തെ അമ്പ രപ്പിക്കുന്ന സ്വീകരണമാണ് അന്ന് തിരുവ നന്തപുരം നൽകിയത്. ഐഎഫ്എഫ്കെ യോട് ഏറ്റവും ചേർത്തുവയ്ക്കാവുന്ന പേരായി അതോടെ കിം കി ഡുക്ക് മാറുകയായിരുന്നു. ഫെസ്റ്റിവെലിൽ സിനിമ കാണാൻ എത്താ ത്തവർ പോലും ഐഎഫ്എഫ്കെയോട് ചേർത്ത് ഈ പേരു പറയാൻ ശീലിക്കും വിധം കിം കി ഡുക്കിന്റെ പ്രശസ്തിയും ആരാധക പിന്തുണയും വളർത്താൻ ഈ മേള നിർണ്ണായകമായി.

കിം കി ഡുക്കിന്റെ മാനസികതലത്തിൽ വന്ന വ്യതിയാനങ്ങൾ ചിത്രീകരിക്കു ന്ന ഡോക്യു-സിനിമ അരിരംഗ് 2011ൽ മേളയിൽ പ്രദർശിപ്പിച്ചു. 2012ൽ പിയേത്ത, 2013ൽ മോബിയസ്, 2014ൽ വൺ ഓൺ വൺ എന്നീ സിനിമകളാണ് ഐഎഫ്എ ഫ്കെ കാണികൾക്ക് മുന്നിലെത്തിയത്. ഇവ മുൻ കിം സിനിമകളുടെ നിലവാരം സൂ ക്ഷിക്കുന്നവയല്ലെങ്കിൽ പോലും ജനകീയത കൊണ്ട് വൻജനക്കൂട്ടത്തെ തിയേറ്ററിലേ ക്ക് ആകർഷിച്ചു. സ്റ്റോപ്പ്, ദി നെറ്റ്, ഹ്യൂമൻ സ്പേസ് ടൈം ആൻഡ് ഹ്യൂമൻ എന്നീ കിം സിനിമകൾ പിന്നീട് ഐഎഫ്എഫ്കെ യിൽ പ്രദർശിപ്പിച്ചു. 2020ൽ മരണം അദ്ദേ ഹത്തിന്റെ സർഗജീവിതത്തിന് തിരശ്ശീല വീഴ്ത്തിയില്ലായിരുന്നെങ്കിൽ പ്രേക്ഷകർ ഇരമ്പിക്കയറുന്ന സിനിമകളുമായി കിം ഇന്നും ഐഎഫ്എഫ്കെയിൽ സജീവസാ ന്നിധ്യമായേനെ.

## ഇറാനിയൻ സിനിമകളോടുള്ള ആരാധന

ഇറാനിയൻ സിനിമകൾക്കും സംവിധാ യകർക്കും വലിയ ആരാധകവൃന്ദമാണ് ഐഎഫ്എഫ്കെയിലുള്ളത്. അബ്ബാസ് കിയരോസ്തമി, അസ്ഹർ ഫർഹാദി, ജാഫർ പനാഹി, മജീദ് മജീദി, മൊഹ്സിൻ മക്മൽബഫ് തുടങ്ങിയ ചലച്ചിത്രകാരരുടെ സിനിമകളെല്ലാം ലോകത്തെ മറ്റേതു മേ ളകളിലെയുംപോലെ കേരള രാജ്യാന്തര ചലച്ചിത്ര മേളയിലും ആരാധകരെ സൃഷ്ടി ച്ചിട്ടുണ്ട്. ഇറാനിയൻ സിനിമ ഐഎഫ്എ ഫ്കെയിലെ ഏറ്റവും ജനപ്രീതിയുള്ള പാ ക്കേജുകളിൽ ഒന്നാണ്.

കാണ്ഡഹാർ പോലുള്ള സിനിമകളിലൂടെ ശ്രദ്ധേയനായ മക്മൽബഫിന്റെ ദി ഗാർ ഡ്നർ, ദി പ്രസിഡന്റ് ഉൾപ്പെടെ നിരവധി സിനിമകളാണ് ഐഎഫ്എഫ്കെയിൽ പ്രദർശിപ്പിച്ചിട്ടുള്ളത്. ഇതിൽ ദി പ്രസിഡന്റ് കാണികളുടെ ആവശ്യാർഥം ആവർത്തിച്ചു ള്ള പ്രദർശനങ്ങളിലൂടെ മേളയിൽ വലിയ ആഘോഷമായി. വൈറ്റ് ബലൂൺ, മിറർ തുട ങ്ങിയ സിനിമകളിലൂടെ കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ ഏറെ ആരാധകരുള്ള സംവിധായകനാണ് ജാഫർ പനാഹി. അദ്ദേഹത്തിന്റെ ദി സർക്കിൾ, ടാക്സി, ത്രീ ഫെയ്സസ് എന്നീ ചിത്രങ്ങളും കാണികളെ വലിയ രീതിയിൽ ആകർഷിച്ചു.

ചിൽഡ്രൻ ഓഫ് ഹെവൻ, കളർ ഓഫ് പാരഡൈസ് എന്നീ ക്ലാസിക് ചിത്രങ്ങളിലൂ ടെയാണ് മജീദ് മജീദി മലയാളി പ്രേക്ഷകരു ടെ പ്രിയങ്കരനായ സംവിധായകനാകുന്ന ത്. ദി സോങ് ഓഫ് സ്പാരോസ്, ബിയോണ്ട് ദി ക്ലൗഡ്സ്, മുഹമ്മദ് ദി മെസഞ്ചർ ഓഫ് ഗോഡ്, സൺ ചിൽഡ്രൻ എന്നിവയും ഐഎഫ്എഫ്കെയിൽ കാണികൾക്കു മുന്നിലെത്തി.

എബൗട്ട് എല്ലി, എ സെപ്പറേഷൻ എന്നീ ചി ത്രങ്ങളിലൂടെയാണ് അസ്ഹർ ഫർഹാദി ഐഎഫ്എഫ്കെയിലെ ജനപ്രിയ സംവി ധായകരുടെ കൂട്ടത്തിലേക്ക് വരുന്നത്. ഈ രണ്ട് സിനിമകൾക്കും ഐഎഫ്എഫ്കെ യിലെ മികച്ച ചിത്രത്തിനുള്ള സുവർണച കോരം ഫർഹാദിക്ക് ലഭിച്ചു. അദ്ദേഹത്തി ന്റെ സെയിൽസ്മാൻ, എവരിബഡി നോസ് എന്നീ ചിത്രങ്ങളും കാണികളെ കൈയി ലെടുത്തു. ഇരുപത്തിമൂന്നാമത് ഐഎഫ്എ ഫ്കെയിലെ ഉദ്ഘാടന ചിത്രമായിരുന്നു എവരിബഡി നോസ്.

## സുകുറോവും അൽമദോവറും

ഭ്രമാത്മകവും ദൃശ്യചാരുതയും നിറഞ്ഞ ഫ്രെ യിമുകളാൽ പരമ്പരാഗത ആഖ്യാനശൈ ലിയെ ലംഘിച്ചുകൊണ്ടുള്ള സിനിമകളിലൂ ടെ ശ്രദ്ധേയനായ റഷ്യൻ സംവിധായകൻ അലക്സാണ്ടർ സുകുറോവിന്റെ ഫ്രാങ്കോ ഫോണിയ 20-ാമത് കേരള രാജ്യാന്തര ചല ച്ചിത്ര മേളയിലാണ് പ്രദർശിപ്പിച്ചത്. 22-ാമത് ഐഎഫ്എഫ്കെയുടെ സമഗ്ര സംഭാവന ക്കുള്ള പുരസ്കാരം സുകുറോവിന് സമ്മാനി ച്ചിരുന്നു. സുകുറോവിന്റെ മാസ്റ്റർപീസ് എന്ന റിയപ്പെടുന്ന റഷ്യൻ ആർക്ക്, മദർ ആൻഡ് സൺ, ഫൗസ്റ്റ്, ഫാദർ ആൻഡ് സൺ തുട ങ്ങിയ ചിത്രങ്ങളും ഐഎഫ്എഫ്കെയിൽ സൂപ്പർഹിറ്റുകളായി.

വിഖ്യാത സ്പാനിഷ് സംവിധായകൻ പെഡ്രോ അൽമദോവർ ആണ് കേരള രാ ജ്യാന്തര ചലച്ചിത്ര മേളയിലെ കാണികളുടെ ഇഷ്ടം പിടിച്ചുപറ്റിയ മറ്റൊരു സംവിധായ കൻ. ബ്രോക്കൺ എംബ്രേസസ്, പെയിൻ ആൻഡ് ഗ്ലോറി, പാരലൽ മദേഴ്സ്, ദി റൂം നെക്സ്റ്റ് ഡോർ എന്നീ സിനിമകളും മേളയിൽ കാണികളെ ആകർഷിച്ചു.



**2013ലെ ഐഎഫ്എഫ്കെയ്ക്കെത്തിയ കിംകിദുക് തിരുവനന്തപുരത്ത്**
**ഫോട്ടോ: പി. വി. സുജിത്**

ഡാനിഷ് സംവിധായകൻ ലാർസ് വോൺ ട്രയറുടെ ആൽക്കെമിസ്റ്റ് 2009 ലെ മേളയി ലാണ് പ്രദർശിപ്പിച്ചത്. ഒരേസമയം ആശ്ച ര്യവും അസ്വസ്ഥതയും തോന്നിപ്പിക്കുന്ന പ്രമേയം കൈകാര്യം ചെയ്യുന്ന ഈ സിനി മയിലൂടെ വോൺ ട്രയർ കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ ആരാധകരെ സൃഷ്ടി ച്ചു. മേളയിൽ പ്രദർശിപ്പിച്ച മെലങ്കോളിയ, നിംഫോമാനിക്, ദി ഹൗസ് ദാറ്റ് ബിൽറ്റ് ജാക്ക് എന്നീ സിനിമകളും വോൺ ട്രയറു ടെ കൈയൊപ്പ് പതിഞ്ഞവയായിരുന്നു. ബ്യൂട്ടിഫുൾ, ബേർഡ്മാൻ തുടങ്ങിയ പ്രശ സ്ത ചിത്രങ്ങളിലൂടെയാണ് അലജാൻഡ്രോ ഇനാരിറ്റു എന്ന പ്രശസ്ത മെക്സിക്കൻ സം വിധായകൻ മേളയുടെ പ്രിയം നേടിയത്. പാരസൈറ്റിന്റെ ഓസ്കർ നേട്ടത്തിലൂടെ ലോകപ്രശസ്തനായ ബോങ് ജൂൻ ഹോ ഐഎഫ്എഫ്കെയിലും ജനകീയനാണ്. ■



എന്റെ ആദ്യത്തെ സിനിമയായ വൃത്താകൃതിയിലുള്ള ചതുരം ഐഎഫ്എഫ്കെ മത്സരവിഭാഗത്തിൽ ഉണ്ടായിരുന്നു. സിനിമ ചെയ്യാനുള്ള എന്റെ ആദ്യത്തെ പരിശ്രമം ആയിരുന്നു അത്

# തുടക്കക്കാർക്ക് ആത്മവിശ്വാസമേകുന്ന ഇടം




സ്റ്റാർ മൂവീസിലും മറ്റും വരുന്ന ആക്ഷൻ ഓറിയന്റഡ് ഹോളിവുഡ് സിനിമകൾ അല്ലാതെയുള്ള അന്താരാഷ്ട്ര സിനിമകൾ കാണാൻ അവസരം ലഭിക്കുന്നത് ഐഎഫ്എഫ്കെയിലൂടെയാണ്. പാസ് എടുത്ത് ഫെസ്റ്റിവലിൽ സിനിമ കാണാൻ വരികയും സിനിമകൾ കണ്ട് അത്തരമൊരു സിനിമാ സംസ്കാരത്തിന്റെ ഭാഗമാവാൻ കഴിയുകയും ചെയ്തു.

എന്റെ ആദ്യത്തെ സിനിമയായ വൃത്താകൃതിയിലുള്ള ചതുരം ഐഎഫ്എഫ്കെ മത്സരവിഭാഗത്തിൽ ഉണ്ടായിരുന്നു. സിനിമ ചെയ്യാനുള്ള എന്റെ ആദ്യത്തെ പരിശ്രമം ആയിരുന്നു അത്. ആ സിനിമ മത്സരവിഭാഗത്തിൽ ഉൾപ്പെട്ടത് വലിയ ആത്മവിശ്വാസമായി. സംവിധായകൻ ടി.വി.ചന്ദ്രൻ ഉൾപ്പെടെയുള്ളവരിൽ നിന്ന് വലിയ അഭിനന്ദനം ലഭിച്ചു. കാണികളിൽ നിന്നും നല്ല അഭിപ്രായമാണ് കിട്ടിയത്. ആ സിനിമ ഒരു ഫിലിംമേക്കർ എന്ന നിലയിലുള്ള ക്രാഫ്റ്റിൽ സ്വയം വിശ്വാസമുണ്ടാക്കി. സിനിമ ചെയ്താൽ കാണാൻ ഒരു വിഭാഗം കാണികളുണ്ടെന്ന വിശ്വാസവുമുണ്ടായി. അങ്ങനെയാണ് ആവാസവ്യൂഹം ചെയ്തത്. അതിന് ഐഎഫ്എഫ്കെയിൽ ഫിപ്രസി, നെറ്റ്പാക്ക് പുരസ്കാരങ്ങൾ ലഭിക്കുകയും കൂടുതൽ പേർ കാണുകയും വിലയിരുത്തുകയും ചെയ്ത സിനിമയായി മാറുകയും ചെയ്തു.

ഐഎഫ്എഫ്കെ എപ്പോഴും പുതിയ സംവിധായകരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഇടമാണ്. അതിന്റെ ജനകീയത, സെലക്ഷൻ രീതി, ജൂറിയുടെ ആത്മാർഥത എന്നിവയെല്ലാം അഭിനന്ദനാർഹമാണ്. ഇത് നമ്മുടെ സിനിമാസംസ്കാരത്തിനും ചലച്ചിത്രപ്രവർത്തകരെ വളർത്തുന്നതിനും ഗുണം ചെയ്യും. ■

ഡോൺ പാലത്തറ
സംവിധായകൻ



മറ്റ് വേദികളിലും സ്ക്രീനിങ്ങുകൾ നടക്കുന്നുണ്ടെങ്കിലും ഇൻഡിപെൻഡന്റ് സിനിമയെ ഇത്രയും ആഘോഷമാക്കി മാറ്റുന്ന പ്രേക്ഷകർ ഐഎഫ്എഫ്കെയിൽ മാത്രമാണുള്ളത്

# ചലച്ചിത്രകാരർക്ക് ബഹുമാനം തരുന്ന മേള



ഫെസ്റ്റിവൽ ക്യുറേറ്റർ ഗോൾഡ സെല്ലം

മലയാളത്തിലെ സമാന്തര സിനിമകളുടെയും ലോകസിനിമകളുടെയും വൈവിധ്യം കാണാൻ അവസരം ലഭിക്കുന്നത് ഐഎഫ്എഫ്കെയിലൂടെയാണ്. ഫിലിം സ്കൂളിൽ പഠിച്ച ശേഷമാണ് കാണിയായി ഐഎഫ്എഫ്കെയിൽ എത്തുന്നത്. അന്ന് നമ്മുടെ നാട്ടിൽ ഇത്രയും വലിയൊരു ഫെസ്റ്റിവൽ നടക്കുന്നുവെന്ന് അറിയുന്നത് തന്നെ വലിയ സന്തോഷമായിരുന്നു. കാണിയായി എത്തി പിന്നീട് എന്റെ സിനിമകൾ ഈ മേളയിൽ പ്രദർശിപ്പിച്ചത് വലിയ അനുഭവമായിരുന്നു.

എന്റെ മൂന്ന് സിനിമകളാണ് ഐഎഫ്എഫ്കെയിൽ പ്രദർശിപ്പിച്ചത്. 1956 മധ്യതിരുവിതാംകൂർ, സന്തോഷത്തിന്റെ ഒന്നാം രഹസ്യം എന്നീ രണ്ട് സിനിമകളും ഒരേവർഷം കാണിച്ചു. കോവിഡ് സമയത്ത് നാലിടങ്ങളിലായി മേള നടന്നപ്പോഴായിരുന്നു അത്. അതുകൊണ്ടു തന്നെ വ്യത്യസ്തസ്ഥലങ്ങളിലെ വലിയൊരു വിഭാഗം കാണികളിലേക്ക് ആ സിനിമകൾ എത്താനും അവരുമായി സംവദിക്കാനും സാധിച്ചു. ചലച്ചിത്രകാരർക്ക് വലിയ ബഹുമാനമാണ് ഐഎഫ്എഫ്കെ നൽകുന്നത്. ഇതൊക്കെ വലിയ സന്തോഷം തന്ന കാര്യങ്ങളാണ്.

പിന്നീട് ഫാമിലി എന്ന എന്റെ സിനിമ മത്സരവിഭാഗത്തിൽ പ്രദർശിപ്പിച്ചു. അതിനും കാണികളിൽ നിന്ന് നല്ല പ്രതികരണം ലഭിച്ചു. നമ്മുടെ നാട്ടിൽ ഇത്തരം സിനിമകൾ ആഘോഷിക്കുന്ന സ്ഥലം ഐഎഫ്എഫ്കെ മാത്രമാണെന്ന് തോന്നുന്നു. മറ്റ് വേദികളിലും സ്ക്രീനിങ്ങുകൾ നടക്കുന്നുണ്ടെങ്കിലും ഇൻഡിപെൻഡന്റ് സിനിമയെ ഇത്രയും ആഘോഷമാക്കി മാറ്റുന്ന പ്രേക്ഷകർ ഐഎഫ്എഫ്കെയിൽ മാത്രമാണുള്ളത്. അത് അങ്ങേയറ്റം സന്തോഷമുണ്ടാക്കുന്ന കാര്യമാണ്. നമ്മൾ ആരാധിക്കുന്ന സംവിധായകരുടെ സിനിമകൾ വലിയ സ്ക്രീനിൽ കാണാൻ അവസരമുണ്ടാക്കി തരുന്നത് ഐഎഫ്എഫ്കെയാണ്. സംവിധായകൻ എന്നതിലുപരി കാണി എന്ന നിലയിലും ഇക്കാര്യത്തിൽ ഐഎഫ്എഫ്കെയോട് എനിക്ക് വലിയ കടപ്പാടാണുള്ളത്. ■

ഫാസിൽ മുഹമ്മദ്
സംവിധായകൻ



ഐഎഫ്എഫ്കെയാണ് എന്റെ സിനിമയ്ക്കും എനിക്കും മേൽവിലാസമുണ്ടാക്കിത്തന്നത്

# ഫെമിനിച്ചിക്കും എനിക്കും മേൽവിലാസമുണ്ടായ മേള



ഫെമിനിച്ചി ഫാത്തിമയിലെ ദൃശ്യം

ഐഎഫ്എഫ്കെയിൽ പ്രദർശിപ്പിക്കാൻ സാധിക്കും എന്ന ആഗ്രഹത്തോടെയും പ്രതീക്ഷയോടെയുമാണ് ഫെമിനിച്ചി ഫാത്തിമ ചെയ്തത്. അതിന് 2024 ലെ ഫെസ്റ്റിവെലിൽ മത്സരവിഭാഗത്തിൽ സെലക്ഷൻ ലഭിക്കുകയും ചെയ്തു. എനിക്ക് അത് വലിയൊരു അനുഭവമായിരുന്നു. പുതുമുഖങ്ങളായിരുന്നു അഭിനയിച്ചവരെല്ലാം. ഫെസ്റ്റിവലിൽ സിനിമയുടെ പ്രദർശനവുമായി വന്നത് അവർക്കും ഒരു പുതിയ അനുഭവമായിരുന്നു. തിയേറ്ററിന്റെ സീറ്റിങ് കപ്പാസിറ്റിയേക്കാൾ വലിയ പ്രേക്ഷകരായിരുന്നു വന്നത്. മേളയിൽ അഞ്ച് അവാർഡുകൾ ഫെമിനിച്ചി ഫാത്തിമയ്ക്ക് ലഭിച്ചു. സത്യത്തിൽ ഐഎഫ്എഫ്കെയാണ് എന്റെ സിനിമയ്ക്കും എനിക്കും മേൽവിലാസമുണ്ടാക്കിത്തന്നത്.

ഇതിനു മുമ്പ് താമറിന്റെ ആയിരത്തൊന്നു നുണകൾ എന്ന സിനിമയിൽ പ്രവർത്തിച്ചിരുന്നു. അതിന്റെ സ്ക്രീനിങ്ങിനായിട്ടാണ് ആദ്യമായി ഐഎഫ്എഫ്കെയിൽ വന്നത്. അവിടെ മുതിർന്ന സംവിധായകരുമായും വിദേശ സംവിധായകരുമായും പരിചയപ്പെടാനും സംസാരിക്കാനും സാധിച്ചു. ഇനിയുള്ള മേളകളിലും പങ്കെടുക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ■

ഉണ്ണികൃഷ്ണൻ ആവള
സംവിധായകൻ



എല്ലാ വകഭേദങ്ങൾക്കുമപ്പുറം മനുഷ്യരുടെ സർഗാത്മക കൂടിച്ചേരലിന് ഐഎഫ്എഫ്കെ വേദിയാവുന്നു

# സിനിമ ശ്വസിക്കുന്നവരുടെ സൗഹൃദ സംഗമവേദി

കേരളത്തിലെ സിനിമാ സ്നേഹികളെ ലോക ക്ലാസിക്കുകളിലേക്ക് കൈപിടിച്ച നടത്തിയ 30 വർഷങ്ങൾ. അതാത് കാലത്തെ അന്തർദേശീയ സിനിമകളെ പരിചയപ്പെടാനും ആഴത്തിലറിയാനും മലയാളിയെ ശീലിപ്പിച്ചത് ഐഎഫ്എഫ്കെയാണ്. രാജ്യാന്തര ശ്രദ്ധ നേടിയ ചലച്ചിത്രപ്രവർത്തകരുടെ അനുഭവങ്ങൾ കേട്ടും അറിഞ്ഞും സിനിമയുടെ പുതു കാഴ്ചാവബോധങ്ങൾ തീർക്കാൻ ഈ 30 വർഷങ്ങൾ മലയാളിയെ പ്രാപ്തരാക്കി. സിനിമ ശ്വസിക്കുന്നവരുടെ സൗഹൃദ സംഗമവേദി കൂടിയാണ് ഐഎഫ്എഫ്കെ കാലത്തെ അനന്തപുരി. എല്ലാ വകഭേദങ്ങൾക്കുമപ്പുറം മനുഷ്യരുടെ സർഗാത്മക കൂടിച്ചേരലിന് ഐഎഫ്എഫ്കെ വേദിയാവുന്നു. വാണിജ്യ സിനിമകൾക്കപ്പുറത്തേക്ക് കലാമൂല്യമുള്ള ദൃശ്യാഖ്യാനങ്ങൾ എങ്ങനെ ആവിഷ്ക്കരിക്കാമെന്ന് ഇന്ത്യൻ ചലച്ചിത്ര വിദ്യാർഥികൾക്ക് ഐഎഫ്എഫ്കെ സിനിമകൾ മാതൃകയായി. എന്റെ ആദ്യ ഫീച്ചർ സിനിമ ഉടലാഴം ഐഎഫ്എഫ്കെയിലൂടെയായിരുന്നു ശ്രദ്ധ നേടിയത്. രണ്ടാമത്തെ ഫീച്ചർ സിനിമ തന്തപ്പേര് - Life of a Phallus മുപ്പതാമത് ഐഎഫ്എഫ്കെയുടെ അന്തർദേശീയ മത്സരവിഭാഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു എന്നത് ഏറെ അഭിമാനവും സന്തോഷവും നൽകുന്നു. ഐഎഫ്എഫ്കെ മേളകളിൽ സിനിമ കണ്ടുവളർന്ന ഒരാളെന്ന നിലയിൽ പ്രത്യേകിച്ചും. ■



ശിവരഞ്ജിനി
സംവിധായിക



എന്റെ ആദ്യ സിനിമയായ വിക്ടോറിയയുടെ പ്രീമിയറിന്റെ ക്യൂ കണ്ട് ഞെട്ടിപ്പോയി. മൂന്ന് പ്രദർശനത്തിനും നല്ല തിരക്കുണ്ടായിരുന്നു

# മികച്ച ആസൂത്രണം നിലവാരമുള്ള കാണികൾ




എന്റെ ചെറുപ്പത്തിൽ നാട്ടിൽ അങ്കമാലി കേന്ദ്രീകരിച്ചുള്ള ഫിലിം സൊസൈറ്റിയിൽ ഐഎഫ്എഫ്കെയിൽ പ്രദർശിപ്പിച്ച സിനിമകൾ കാണിച്ചിരുന്നു. അതാണ് ലോകസിനിമകളുടെ കാഴ്ചയിലേക്ക് വഴി തുറന്നിട്ടതും സംവിധായിക ആകണമെന്ന ആഗ്രഹത്തിന് വഴിവെട്ടിയതും. ആ സ്വാധീനത്തിലാണ് പിന്നീട് ഐഎഫ്എഫ്കെയിൽ സിനിമ കാണാൻ വന്നുതുടങ്ങിയത്. ഓരോ തവണ വരുമ്പോഴും എന്നെങ്കിലും ഐഎഫ്എഫ്കെയിൽ എന്റെ സിനിമ കാണാൻ പറ്റുമോ എന്ന് ചിന്തിക്കാറുണ്ട്. കഴിഞ്ഞ വർഷമാണ് ആ ആഗ്രഹം സഫലമായത്.

എന്റെ ആദ്യ സിനിമയായ വിക്ടോറിയയുടെ പ്രീമിയറിന്റെ ക്യൂ കണ്ട് ഞെട്ടിപ്പോയി. മൂന്ന് പ്രദർശനത്തിനും നല്ല തിരക്കുണ്ടായിരുന്നു. സിനിമയ്ക്ക് ശേഷമുള്ള ചോദ്യങ്ങളും സജീവമായിരുന്നു. എന്റെ സിനിമ വിദേശമേളകളിൽ അയയ്ക്കാനും പിന്നീട് ഐഎഫ്എഫ്കെയിൽ അയച്ചാൽ മതിയെന്നും പലരും പറഞ്ഞിരുന്നു. പക്ഷേ ഞാൻ ഐഎഫ്എഫ്കെയിലേക്ക് ആണ് ആദ്യം അയച്ചത്. ഐഎഫ്എഫ്കെയിൽ ഫിപ്രസി പുരസ്കാരം കിട്ടിയതുകൊണ്ടാണ് ഈ സിനിമ പിന്നീട് ഷാങ്ഹായ് ഉൾപ്പെടെയുള്ള ഫെസ്റ്റിവെലുകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. ഐഎഫ്എഫ്കെയിൽ പുരസ്കാരം കിട്ടിയ സിനിമയ്ക്ക് പുറംലോകത്ത് ഒരു സ്വീകാര്യതയുണ്ട്. അതുകൊണ്ടാണ് എന്റെ സിനിമ മറ്റ് രാജ്യങ്ങളിലെ ഫെസ്റ്റിവലുകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ഇന്ത്യയിലെ മറ്റ് ഫെസ്റ്റിവലുകളിൽ ഗസ്റ്റ് ആയും ഡെലിഗേറ്റ് ആയും പോയപ്പോഴൊ




ന്നും ഐഎഫ്എഫ്കെയിൽ പങ്കെടുക്കുന്ന അനുഭവം ലഭിച്ചിട്ടില്ല. ഐഎഫ്എഫ്കെ പോലെ ഇത്രയും ആസൂത്രണത്തോടെ സംഘടിപ്പിക്കുന്ന മറ്റൊരു ഫെസ്റ്റിവെൽ നിലവിൽ ഇന്ത്യയിലില്ല. ഐഎഫ്എഫ്കെ യിലെ കാണികളും മികച്ച നിലവാരമു ള്ളവരാണ്. സംവിധായകർക്ക് വലിയ ബഹുമാനമാണ് കാണികളിൽ നിന്നും സംഘാടകരിൽ നിന്നും ലഭിക്കുന്നത്. ഐഎഫ്എഫ്കെ പോലെ ഇത്രയും ജന പങ്കാളിത്തം ഇന്ത്യയിലെ മറ്റ് മേളകളിൽ ഒന്നും കണ്ടിട്ടില്ല. ■



**ഡോ. ഭവേന്ദു**
ചലച്ചിത്രമേള പ്രതിനിധി

# ഞാനും മേളയും മുപ്പതിലെത്തി

'ഒരാഴ്ച വീടിനോട് വിട' എന്നതായിരുന്നു ഫെസ്റ്റിവൽ ബുള്ളറ്റിൻ ആദ്യ ലക്കത്തിന്റെ തലക്കെട്ട്. ഇത് തികച്ചും സാർഥകമാകുന്ന രീതിയിലാണ് ഓരോ 'ചലച്ചിത്രോത്സവി'യുടേയും ഒരാഴ്ച കടന്നുപോകുന്നത്

മുപ്പതു വർഷങ്ങളുടെ കേരള രാജ്യാന്തര ചലച്ചിത്രോത്സവ ഓർമകളിൽ മുങ്ങിത്തപ്പുന്നത് തികച്ചും രസകരവും ഒരു തരത്തിൽ അർഥംതേടലുമാണ്. 1995 മുതൽ ചലച്ചിത്രോത്സവുമായി തുടങ്ങിയ ബന്ധം, ഓരോ മേളയിലും ശരാശരി മുപ്പതോളം ചിത്രങ്ങൾ എന്ന ഒരു ശീലവുമായി ഇപ്പോഴും തുടരുന്നു. ഓരോ യാത്രയും എന്നതുപോലെ ഓരോ ചലച്ചിത്രമേളയും ഒരാളെ അനുഭവങ്ങളാൽ പുതിയ മനുഷ്യനാക്കുന്നു. ഏഴ് ഭൂഖണ്ഡങ്ങളിലെ ചന്ദ്രസ്പർശമേറ്റ ജലം കൊത്തിക്കൊണ്ടുവരുന്ന ഒരു ചകോരം ക്യാമറയിലേക്ക് അത് പകർത്തി, കാണികളിലേക്ക് ആ നിലാവ് ദൃശ്യങ്ങളിലൂടെ പകരുന്നു.

യശഃശരീരനായ ഷാജി എൻ.കരുൺ ഒരുക്കിയ 2005 ചലച്ചിത്രോത്സവത്തിന്റെ കയ്യൊപ്പ് ചിത്രം കേരള ചലച്ചിത്രോത്സവത്തിന്റെ അർത്ഥം അനാദിയായി ദൃശ്യവൽക്കരിക്കുന്നു. വെള്ളക്കടലാസിലെ പോലെ തിരശ്ശീലയിൽ നോക്കിയിരുന്നിരുന്ന ഒരു കാണിയെ വിമർശനപരമായ കണ്ണുകളോടെയിരിക്കുന്ന ഒരു യുവതയാക്കി സാങ്കേതികവിദ്യ ഇന്നു മാറ്റിയിരിക്കുന്നു.

'ഒരാഴ്ച വീടിനോട് വിട' എന്നതായിരുന്നു ഫെസ്റ്റിവൽ ബുള്ളറ്റിൻ ആദ്യ ലക്കത്തിന്റെ തലക്കെട്ട്. ഇത് തികച്ചും സാർഥകമാകുന്ന രീതിയിലാണ് ഓരോ 'ചലച്ചിത്രോത്സവി'യുടേയും ഒരാഴ്ച കടന്നുപോകുന്നത്. കാണേണ്ട ചലച്ചിത്രം എങ്ങനെയാണ് തിരഞ്ഞെടുക്കേണ്ടതെന്നും എങ്ങനെ തീയേറ്ററിൽ സിനിമ



ആസ്വദിക്കണമെന്നും ചിത്രശേഷം എങ്ങനെ ചിന്തകളിലൂടെ അതിനെ നല്ല ഒരു അനുഭവമാക്കി മാറ്റാമെന്നും ചലച്ചിത്രോത്സവം ഒരു കാണിയെ പഠിപ്പിക്കുന്നു.

സിനിമയോടുള്ള എന്റെ താൽപര്യം കൂട്ടിയതിനും അതിനുള്ള അവസരങ്ങൾ നൽകിയതിനും ഹ്രസ്വചിത്രങ്ങൾ എടുക്കാൻ എനിക്ക് ധൈര്യം നൽകിയതിനും ചലച്ചിത്രോത്സവവുമായി ബന്ധപ്പെട്ട ഒരു ഹ്രസ്വചിത്രത്തിലൂടെ കാൻ ഫെസ്റ്റിവലിൽ പങ്കെടുക്കാൻ സാധിച്ചതിനും ഇപ്പോഴും അർഥവത്തായ ലോകസിനിമയിലേക്ക് കൊണ്ടെത്തിക്കുന്നതിനുമെല്ലാം ചലച്ചിത്രമാധ്യമത്തിലെ എന്റെ 'alma mater' ആയ ഐഎഫ്എഫ് കയോട് ഞാൻ കടപ്പെട്ടിരിക്കുന്നു. ■

അസമീസ് ചലച്ചിത്ര ലോകത്തിന് പുത്തൻ തിരക്കഥ രചിച്ച സംവിധായകരിൽ ശ്രദ്ധേയയാണ് ഡോ. സാന്ത്വന ബർദോലോയ്. കുട്ടികളുടെ ജീവസ്പന്ദനം സ്റ്റെതസ്കോപ്പിലൂടെ മനസ്സിലാക്കാൻ കഴിയുന്ന ശിശുരോഗവിദഗ്ധയായി സേവനം അനുഷ്ഠിക്കുമ്പോഴും തന്റെ ഡി എൻ എ യിൽ ഉണ്ടെന്ന് വിശ്വസിക്കുന്ന കലയെ തേടിപ്പോകാതെ നിർവാഹമില്ലെന്നായി ആ ഡോക്ടർക്ക്. ആ തീരുമാനം അഡാജ്യ എന്ന ചലച്ചിത്രവിസ്മയമായി സംസ്ഥാന, ദേശീയ പുരസ്കാരങ്ങളിൽ ചെന്നെത്തി. നീണ്ട ഇരുപതുവർഷ കാലയളവിനു ശേഷം മാജ് രാത്തി കേതകി എന്ന മറ്റൊരു അത്ഭുതസിനിമയുമായി എത്തിയപ്പോൾ ആസ്വാദകർ ഇരുകൈകളും നീട്ടി സ്വീകരിച്ചു. ദേശീയ, സംസ്ഥാന പുരസ്കാരങ്ങളും സ്പെഷ്യൽ ജ്യൂറി പരാമർശങ്ങളും ഡോ. ബർദോലോയ്ക്ക് വീണ്ടും സ്വന്തമായി. 2015ൽ പദ്മഭൂഷണും ലഭിച്ചു. ഐഎഫ്എഫ്കെയിൽ അരവിന്ദൻ പുരസ്കാരം നൽകി കേരളം ആദരിച്ചു. 30-ാം രാജ്യാന്തര ചലച്ചിത്രമേളയുടെ പശ്ചാത്തലത്തിൽ തന്റെ സിനിമാജീവിതത്തെപ്പറ്റി ഡോ. സാന്ത്വന ബർദോലോയ് സംസാരിക്കുന്നു

# എന്റെ സിനിമകൾ സ്വാനുഭവങ്ങളിൽ നിലകൊള്ളുന്നു

**കലയോടും സിനിമയോടും കുട്ടിക്കാലം മുതലുള്ള താങ്കളുടെ അഭിനിവേശത്തെ കുറിച്ച് പങ്കുവെക്കാമോ ?**

സാഹിത്യ പ്രവർത്തനങ്ങൾ പ്രത്യേകിച്ച് സംഗീതം, നാടകം എന്നിവയിൽ ആത്മാർഥമായ താത്പര്യമുള്ള ഒരു കുടുംബത്തിൽ ജനിക്കാൻ കഴിഞ്ഞത് എന്റെ ഭാഗ്യമായി കരുതുന്നു. ഗവണ്മെന്റ് ഉദ്യോഗസ്ഥനായ എന്റെ അച്ഛൻ അറിയപ്പെടുന്ന നല്ല നടൻ കൂടിയായിരുന്നു. ദുരന്തനായകനായുള്ള അദ്ദേഹത്തിന്റെ അഭിനയം, അത് സ്റ്റേജിൽ കണ്ട പഴയൊരു ഓർമ ഇപ്പോഴും മനസ്സിൽ പുതുമയോടെ തങ്ങിനിൽക്കുന്നു. എനിക്ക് അന്ന് ആറ് വയസ്സിൽ താഴെയെയുള്ളൂ. ഞങ്ങൾ മക്കൾക്ക് ഇതൊക്കെ ഇത്തരം കലാപരിപാടികളിൽ പങ്കെടുക്കാൻ പ്രോത്സാഹനമായി. എട്ട് വയസ്സുള്ളപ്പോഴാണ് ഞാൻ ആദ്യമായി സ്റ്റേജിൽ അഭിനയിച്ചത്. ചെറിയ പ്രായം തൊട്ടു തന്നെ കഥാപുസ്തകങ്ങളും കവിതകളും വായിക്കാനും റേഡിയോനാടകങ്ങൾ കേൾക്കാനും ശാസ്ത്രീയസംഗീതം ആസ്വദിക്കാനും എല്ലാം അച്ഛനും അമ്മയും ഞങ്ങളെ ഒരുപാട് പ്രോത്സാഹിപ്പിച്ചു.

**കുട്ടികളുടെ ഹൃദസ്പന്ദനം കേൾക്കുന്ന സ്റ്റെതസ്കോപ്പിന്റെ താളത്തിൽ നിന്ന് സെല്ലുലോയിഡ് അത്ഭുതങ്ങളുടെ സ്പന്ദനങ്ങളിലേക്ക് എങ്ങനെയാണ് എത്തിയത്?**

വളരെ നല്ല വ്യക്തിത്വത്തിന് ഉടമയായിരുന്ന എന്റെ അമ്മമ്മയുമായി എനിക്ക് ഏറെ അടുപ്പമായിരുന്നു. അനുകമ്പയുള്ള ഒരു ഡോക്ടർക്ക് തീർച്ചയായും സമൂഹത്തിലെ നിസ്സഹായരെയും നിരാലംബരെയും സഹായിക്കാൻ കഴിയുമെന്ന ആശയം ഉറങ്ങാൻ കിടക്കുമ്പോഴുള്ള കഥപറച്ചിലുകളിൽകൂടി അമ്മമ്മ എന്റെ മനസ്സിൽ പതിപ്പിച്ചു. ആറാം ക്ലാസ്സിൽ എത്തിയപ്പോൾതന്നെ ഡോക്ടർ ആയാൽ മതിയെന്ന് ഞാനും ഉറപ്പിച്ചു. കലയോടുള്ള അതിയായ ഇഷ്ടം കോളേജ് കാലയളവിൽ ഒന്ന് മങ്ങിയെങ്കിലും പിന്നീട് അതെന്റെ ഹോബി ആയി രൂപാന്തരപ്പെട്ടു. റേഡിയോ പരിപാടികളിലും സ്റ്റേജ് പരിപാടികളിലും ഞാൻ അഭിനയിച്ചു. അങ്ങനെയിരിക്കെ 1990 ഇൽ ഗുവാഹത്തി ദൂരദർശനു വേണ്ടി ഒരു ഷോർട്ട് ഫിലിം എഴുതാനും സംവിധാനം ചെയ്യാനുമുള്ള അവസരം ലഭിച്ചു. ആ അനുഭവസമ്പത്തിൽ നിന്നുദിച്ച ആവേശം എന്നെ അതേ വർഷം കൊൽക്കത്തയിൽ നടന്ന ഇന്ത്യയുടെ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ കൊണ്ടെത്തിച്ചു. ഇതിനുമുന്നേ ഞാൻ മേഘേ ധക്കേ താര , പഥേർ പാഞ്ചാലി , ദോ ബിഗ ജമീൻ, ഗരം ഹവ തുടങ്ങിയ മഹത്തായ ഇന്ത്യൻ സിനിമകൾ കണ്ടിരുന്നു. അവ എന്നെ ആഴത്തിൽ സ്പർശിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ ഉദാത്തമായ ലോകോത്തര ചലച്ചിത്രങ്ങൾ ഒരു മേളയിൽ കണ്ട മനോഹരമായ അനുഭവം എന്നിൽ അഗാധമായി സ്വാധീനം ചെലുത്തി.

**അഡാജ്യ എന്ന ആദ്യചലച്ചിത്രം എങ്ങനെയാണ് സംഭവിച്ചത്?**

1993ൽ ഗുവാഹത്തി ദൂരദർശനു വേണ്ടി 'ദോണ്ടൽ ഹാതിർ ഉയെ ഖോവാ ഹൌടാ ' എന്ന പുസ്തകത്തെ ആസ്പദമാക്കി ഡോ. ഇന്ദിര റൈസോം ഗോസ്വാമിയെ അഭിമുഖം ചെയ്യാനുള്ള അവസരം എനിക്ക് ലഭിച്ചു. ചോദ്യങ്ങൾ തയ്യാറാക്കുന്ന സമയത്ത് ഞാൻ പുസ്തകം വായിച്ചു, വീണ്ടും വീണ്ടും വായിച്ചു. ഈ പുനർവായനകൾ എന്റെ മനസ്സിൽ നോവലിനും അതിലെ കഥാപാത്രങ്ങൾക്കും പ്രത്യേക ഇടം തന്നെ




സാന്ത്വന ബർദലോയ്

നൽകി. അതുകൊണ്ടു തന്നെ ഒരു സിനിമ സംവിധാനം ചെയ്യാമെന്ന തീരുമാനത്തിൽ എത്തിയപ്പോൾ  എനിക്ക് മറ്റൊരു കഥയെ പറ്റിയും ചിന്തിക്കേണ്ടി വന്നില്ല. എന്നാൽ പൂർണ്ണമായ നോവലിനെ ആധാരമാക്കി സിനിമയെടുക്കുന്നത് എന്റെ കഴിവിനതീതമാണെന്ന തികഞ്ഞ ധാരണ എനിക്കുണ്ടായിരുന്നു. നോവലിലെ മൂന്നു സ്ത്രീകൾ ഒരേ സാഹചര്യത്തോട് മൂന്നു വ്യത്യസ്ത രീതികളിൽ പ്രതികരിക്കുന്നത് എന്നെ അതിശയിപ്പിച്ചു. പുസ്തകത്തിലെ പ്രധാന കഥാപാത്രത്തിന് പകരം ഞാൻ ഈ മൂന്ന് സ്ത്രീകളെ എന്റെ തിരക്കഥയിലെ നായികമാരാക്കി. ഡോ. ഗോസ്വാമി അനുവാദവും ഒപ്പം അനുഗ്രഹവും നൽകി. അത്ഭുതകരമായ വ്യക്തിത്വമുള്ള മാമോണി റൈസോം ഗോസ്വാമി എന്ന അതുല്യപ്രതിഭയെ ജീവിതത്തിൽ കണ്ടുമുട്ടാൻ കഴിഞ്ഞത്  എന്റെ ഭാഗ്യമായി ഞാൻ കരുതുന്നു.

## അഡാജ്യയിൽ കാമരൂപി ഭാഷാഭേദമാണ് ഉള്ളത്?

ഡോ. ഇന്ദിര ഗോസ്വാമിയുടെ നോവലിലെ കഥ നടക്കുന്നത് ലോവർ അസമിലെ കാമരൂപ് ജില്ലയിലെ അമരംഗ ഗ്രാമത്തിലാണ്. നോവലിസ്റ്റിന്റെ കുടുംബത്തിന്റെ ഉറവിടവും അവിടുന്ന് തന്നെയാണ്. ഗോസ്വാമിയെ സംബന്ധിച്ചിടത്തോളം നോവലിലെ ചില കഥാപാത്രങ്ങളും സംഭവങ്ങളും പരിചിതവും സത്യവുമാണ്. നഗരവാസികൾ സംസാരിക്കുന്ന എഴുത്തുരൂപത്തിലുള്ള അസമീസ് ഭാഷയിൽ നിന്നും തികച്ചും വ്യസ്തതവും അസംസ്കൃതവും കഠിനവുമായ  കാമരൂപിയ ഭാഷാഭേദത്തിലാണ്  ഇവിടുത്തെ ഗ്രാമവാസികൾ സംസാരിക്കുന്നത്. എന്റെ അഭ്യുദയ കാംക്ഷികളായ കുറേപ്പേർ കാമരൂപി ഭാഷാഭേദം  തിരക്കഥയിൽ ഉപയോഗിക്കരുതെന്നും അത് സിനിമകളിൽ ഒരു ഹാസ്യാനുഭൂതി ഉളവാക്കാൻ  മാത്രമാണ് ഉപയോഗിക്കുന്നതെന്നും ഉപദേശിച്ചു. പക്ഷെ, ഭാഷ, അത് ഭാഷാഭേദം ആയാലും ഒരു ജനതയുടെയോ അവരുടെ സംസ്കാരത്തിന്റെയോ ഒരു അഭേദ്യഘടകമാണെന്ന് ഞാൻ അന്നും ഇന്നും വിശ്വസിക്കുന്നു. നമുക്ക് ചിന്തിക്കാനും പ്രകടിപ്പിക്കാനുമുള്ള വഴി അത് തന്നെയാണ്. പ്രായോഗികമായി ആലോചിച്ചപ്പോൾ ഈ ഭാഷാഭേദം മാറ്റുന്നത് അനീതിയാണെന്ന് എനിക്ക് തോന്നി. എന്റെ വിശ്വാസം ശരിയായിരുന്നു. കാമരൂപി ഉപയോഗിച്ചത് പുത്തൻ ആശയമായി ഉൾക്കൊണ്ട് പ്രേക്ഷകർ എന്നെ അഭിനന്ദിച്ചു.




## മാജ് രാത്തി കേതകിയിലേക്ക് - ഇരുപത് വർഷം ദൈർഘ്യമുള്ള ഇടവേളയിലൂടെയുള്ള താങ്കളുടെ ജീവിതയാത്രയെ എങ്ങനെ വിലയിരുത്തുന്നു?

എന്റെ തൊഴിൽ മേഖല എന്നെ ഒരുപാട് തിരക്കിലാക്കി. ഐഎഫ്എഫ്ഐ പോലെയുള്ള ചലച്ചിത്രമേളകൾ, സംഗീതം, വായന, യാത്രകൾ - ഇവയെല്ലാം എന്നെ ഉന്മേഷത്തോടെ നിലനിർത്തി! മറ്റൊരു സിനിമ ഒരുക്കാനുള്ള സ്വപ്നം എന്റെ അവബോധത്തിന്റെ അഗാധതയിൽ എവിടെയോ ജീവനോടെ ഉണ്ടായിരുന്നു എന്നു തോന്നുന്നു. കാരണം ഞാൻ തുടർച്ചയായി തിരക്കഥകൾ എഴുതിക്കൊണ്ടിരുന്നു അതും പൂർണ്ണമല്ലാത്തവ - പലപ്പോഴും എന്റെ മനസ്സിൽ മാത്രം, ചിലപ്പോൾ ഉറക്കത്തിലും

## അസമീസ് സാഹിത്യത്തോടും സംസ്കാരത്തോടുമുള്ള താങ്കളുടെ ബന്ധം ഈ രണ്ടു സിനിമകൾക്കും സംഭാവന ചെയ്തിട്ടുണ്ടോ?

ഒരു സൃഷ്ടി ഉണ്ടാക്കുമ്പോൾ, നാം നമ്മുടെ മനസ്സിന്റെ ആഴങ്ങളിൽ നിന്ന്, നമ്മുടെ സത്തയിൽ നിന്ന് തന്നെ അവയ്ക്ക് ആവ



ശ്യമുള്ള ഘടകങ്ങൾ ശേഖരിക്കുന്നു. നാം ആരാണ് എന്നത്, നമ്മെ ചുറ്റിപ്പറ്റിയിരിക്കുന്ന ലോകത്തിൽ നിന്ന് നാം ഉൾക്കൊള്ളുന്ന കാര്യങ്ങൾ, നാം വായിക്കുന്ന പുസ്തകങ്ങൾ, നാം കേൾക്കുന്ന സംഗീതം, ഏറ്റവും പ്രധാനമായി, നാം സ്നേഹിക്കുകയും പഠിക്കുകയും ചെയ്യുന്ന ആളുകൾ ഇവയെല്ലാം ചേർന്ന് രൂപപ്പെടുന്നതാണ്. അതിനാൽ, എന്റെ സൃഷ്ടികളിൽ സ്വാഭാവികമായും അത് പ്രതിഫലിക്കും. എന്റെ സ്വന്തം അനുഭവങ്ങളിൽ നിന്നുകൊണ്ട് മാത്രമേ എനിക്ക് ഒരു സിനിമ നിർമ്മിക്കാൻ കഴിയൂ. കുറച്ച് സാങ്കല്പികതയുടെ നിറം അതിൽ കലർത്തുമെന്നേയുള്ളൂ.

## മാജ് രാത്തി കേതകി - അസമീസ് തനിമയുള്ള ഈ ശീർഷകത്തിനു തന്നെ പ്രേക്ഷകരോട് പറയാൻ ഏറെയുണ്ട്. താങ്കളുടെ അനശ്വരയായ കേതകിയേയും ചാലിഹയെയും കുറിച്ചു പറയാമോ?

കേതകി ഒരു പക്ഷിയുടെ പേരുമാണ് ('ഹോക്ക് കുക്കു' എന്നാണ് പൊതുവെ അറിയപ്പെടുന്നത് ) , അതുപോലെ വന്യ സുഗന്ധമുള്ള ഒരു പുഷ്പത്തിന്റെ പേരും കൂടിയാണ്. കുട്ടിക്കാലത്ത് ഞങ്ങൾ കവിതകൾ ചൊല്ലുന്നത് വളരെയധികം ഇഷ്ടപ്പെട്ടിരുന്നു,. എന്റെ രണ്ടാം സിനിമയുടെ ശീർഷകം ദേബകാന്ത ബറുവ എഴുതിയ 'സാഗർ ദേഖിസാ' എന്ന കവിതയിൽ നിന്നാണ് ഉണ്ടായത്. ആ കവിതയിൽ, ഒരു പുരുഷൻ തന്റെ പ്രണയിനിയോട് ചോദിക്കുന്നത് അർധരാത്രിയിൽ കെതേക്കി കരയുമ്പോൾ അത് ഒരു പുരുഷന്റെ ഹൃദയത്തിൽ നിന്നുള്ള വേദനാഭരിതമായ സന്ദേശമാണെന്ന് അവൾ ഒരിക്കലെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ എന്നതാണ്. മാജ് രാത്തി കേതകി (അർധരാത്രിയുടെ കെതേക്കി) എന്നാൽ മറുപടിയില്ലാത്ത പ്രണയത്തെക്കുറിച്ചുള്ള കഥയല്ല. അത് നമ്മുടെ സമൂഹത്തിലെ ദൗർഭാഗ്യം മാത്രം കൂട്ടിനുള്ള, നിശ്ശബ്ദം കരുണ തേടുന്ന ആളുകളെക്കുറിച്ചാണ്. സൗരവ് കമാർ ചാലിഹ അസമീസ് ഭാഷയിലെ അത്യുജ്ജ്വലനായ ഒരു എഴുത്തുകാരന്റെ തൂലികാനാമമാണ്.

അദ്ദേഹം അസമീസ് കഥയ്ക്ക് ആധുനിക ശൈലി നൽകി, പുതുതലമുറ എഴുത്തുകാരെ തുടർച്ചയായി പ്രചോദിപ്പിച്ചുവരുന്നു. പ്രശസ്തിയിൽനിന്ന് ഒഴിഞ്ഞുനിൽക്കാനുള്ള അദ്ദേഹത്തിന്റെ ഉറച്ച നിലപാടും എന്നിൽ ആദരവുണർത്തി.

## ജി. അരവിന്ദൻ പുരസ്കാരം നേടിയ അനുഭവങ്ങളും ഐഎഫ്എഫ്കെയിലെമനോഹര സ്മരണകളും പങ്കുവയ്ക്കാമോ?

ജി. അരവിന്ദൻ പുരസ്കാരം എന്റെ ജീവിതത്തിലെ അവിശ്വസനീയമായ ഭാഗ്യവും അംഗീകാരവുമായി ഞാൻ അന്നും ഇന്നും കരുതുന്നു. കാരണം ഇന്ത്യൻ ചലച്ചിത്രത്തിലെ ഞാൻ ആദരിക്കുന്ന മൂന്ന് ഇതിഹാസ സംവിധായകർ ഈ അവാർഡുമായി ബന്ധപ്പെട്ടിരുന്നു. ജൂറിയുടെ ചെയർമാനായി അടൂർ ഗോപാലകൃഷ്ണൻ. ട്രോഫി ഏറ്റുവാങ്ങിയത് ഷാജി എൻ കരുണിന്റെ കൈകളിൽ നിന്ന്. എന്റെ സ്വപ്നങ്ങൾക്കും അതീതമായി നിലകൊള്ളുന്ന ഈ സുവർണാനുഭവം എന്നും ഏറെ പ്രിയപ്പെട്ടതും.


## താങ്കൾ ആരാധിക്കുന്ന സംവിധായകരും സിനിമകളും?

ഈ ചോദ്യത്തിനുള്ള ഉത്തരം പറയാൻ എനിക്ക് ഇപ്പോഴും ബുദ്ധിമുട്ടാണ്. ഇന്ത്യൻ സിനിമയിലെ അഞ്ച് മഹാന്മാരുടെ പേരുകൾ ഞാൻ ഇതിനകം പറഞ്ഞിട്ടുണ്ട്. അതിൽ പുറമെ, വളരെ കഴിവുള്ള, താരതമ്യേന യുവ ഇന്ത്യൻ സിനിമാ സംവിധായകരിൽ നിന്ന് ഞാൻ പ്രത്യേകിച്ച് പറയേണ്ടവർ ഗുർവിന്ദർ സിംഗ്, നീരജ് ഗായിവൻ എന്നിവരാണ്.

ലോകസിനിമയെക്കുറിച്ച് പറയുകയാണെങ്കിൽ എന്റെ മനസ്സിൽ ഉടൻ വരുന്ന പേരുകൾ ആൻഡ്രെ വാജ്ദാ , വിത്തോറിയോ ഡി സിക്ക, ക്രിസ്റ്റോഫ് സനുസ്സി, അകിറ കുറോസാവ ഇവയാണ്.. അടുത്ത കാലത്ത് ഞാൻ ആൽഫോൺസ് ക്വാരോൺ, അലഹാൻഡ്രോ ഇന്നാരിറ്റു, ഗില്ലർമോ ഡെൽ ടോറോ എന്നിവരുടെ സിനിമകൾ കണ്ടിട്ടുണ്ട്, അവ എന്നെ ആഴത്തിൽ സ്വാധീനിച്ചു.

ചാരുലത, ഗരം ഹവ, മേഘ ധാക്കെ താര, ഗംഗാ സിലോനിർ പാകി, ചൗതി കൂട്ട്, റോമാ, ബേർഡ്മാൻ, ബേബൽ, പിനോക്കിയോ - എന്നെ സ്വാധീനിച്ച ചിത്രങ്ങളുടെ പട്ടിക ഇങ്ങനെ നീണ്ടുകൊണ്ടേയിരിക്കും. അസമിലും ഇപ്പോൾ കഴിവുള്ള നിരവധി യുവ സിനിമസംവിധായകർ ഏറെ രസകരമായ സിനിമകൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. മലയാള സിനിമാ സംവിധായകരെക്കുറിച്ചും എനിക്ക് വളരെ ഉയർന്ന അഭിപ്രായമാണുള്ളത്. അത് ഞാൻ പല അവസരങ്ങളിലും പങ്കുവെച്ചിട്ടുമുണ്ട്. ■

> **ജി. അരവിന്ദൻ പുരസ്കാരം എന്റെ ജീവിതത്തിലെ അവിശ്വസനീയമായ ഭാഗ്യവും അംഗീകാരവുമായി ഞാൻ അന്നും ഇന്നും കരുതുന്നു. കാരണം ഇന്ത്യൻ ചലച്ചിത്രത്തിലെ ഞാൻ ആദരിക്കുന്ന മൂന്ന് ഇതിഹാസ സംവിധായകർ ഈ അവാർഡുമായി ബന്ധപ്പെട്ടിരുന്നു.**



ആർദ്രമായ മനുഷ്യസ്നേഹത്തിന്റെ ചലച്ചിത്രകാരൻ ഋത്വിക് ഘട്ടക്ക് ജന്മശതാബ്ദി വർഷമാണ് 2025

# ഋത്വിക് ഘട്ടക് ഒറ്റയാന്റെ നൂറുവർഷങ്ങൾ



തിതാഷ് ഏക്തി നദീർ നാം

രണ്ടറ്റത്തിനും തീപിടിച്ച ഒരു ജന്മമായിരുന്ന ഋത്വിക് ഘട്ടക്. 'മുറിവേറ്റ ഭൂതകാലം' അദ്ദേഹത്തിന്റെ ഉള്ളിലും സിനിമകളിലും അലയടിച്ചു. ചലച്ചിത്രമാധ്യമത്തോടുള്ള അഭിനിവേശവും പ്രതിബദ്ധതയും സ്വന്തം രാഷ്ട്രീയ വിശ്വാസംപോലെ തീവ്രമായിരുന്നു. നടപ്പ് ശീലങ്ങളെയും വിശ്വാസങ്ങളെയും നിരന്തരം തല്ലിത്തകർത്തു, ജീവിതത്തിലും സിനിമയിലും. ആകെ സംവിധാനം ചെയ്തത് എട്ട് സിനിമകൾ. അതിൽ ഭൂരിഭാഗവും അദ്ദേഹം ജീവിച്ചിരിക്കെ റിലീസ് ചെയ്തതുപോലുമില്ല. ഒറ്റ വിദേശ മേളകളിലേക്കും ക്ഷണിക്കപ്പെടാതെ, കാര്യമായ അംഗീകാരങ്ങൾ ഏറ്റുവാങ്ങാതെ തീക്ഷ്ണമായ ആ ജീവിതം എരിഞ്ഞടങ്ങി. പക്ഷെ അരനൂറ്റാണ്ടിനുശേഷവും അദ്ദേഹത്തിന്റെ രചനകൾ വർത്തമാനകാലത്തോട് കലഹിക്കുന്നു. ലോകം ദേശീയതയുടെയും അതിർത്തികളുടെയും പേരിൽ വിഭജിക്കപ്പെടുമ്പോൾ, വർഗസമരത്തിന്റെ രാഷ്ട്രീയം കൂടുതൽ പ്രസക്തമാകുമ്പോൾ, ഋത്വിക്

ണശേഷം 1977ലാണ് ചിത്രം പുറത്തിറങ്ങിയത്. 'നാഗരിക്' 1953-ൽ റിലീസ് ചെയ്തിരുന്നെങ്കിൽ ഇന്ത്യൻ സിനിമയുടെ ചരിത്രം മറ്റൊന്നാകുമായിരുന്നു. ഘട്ടകിന്റെ പ്രൊഫഷണൽ ജീവിതത്തെ ബാധിച്ച നിരവധി ദുരന്തങ്ങളിൽ ഒന്നായിരുന്നു അത്.

ഒരു വാഹനത്തെ കേന്ദ്ര കഥാപാത്രമായി ചിത്രീകരിച്ച ആദ്യകാല ഇന്ത്യൻ സിനിമകളിലൊന്നായിരുന്നു ഘട്ടകിന്റെ 'അജാന്ത്രിക്' (1955). കാറിനെ മുഖ്യ കഥാപാത്രമാക്കി ഡിസ്നി ആദ്യ ചിത്രം ഇറക്കുന്നത് 1968ൽ ആണ്. ഫ്രഞ്ച് നവതരംഗ സിനിമയുടെ മുഖ്യ ചിത്രമായി കരുതപ്പെടുന്ന ചിത്രമാണ് ഫ്രാങ്കോയിസ് ത്രൂഫോയുടെ' ദി 400 ബ്ലോസ്' (1959). എന്നാൽ അതേ ഇതിവൃത്തത്തിൽ ഒരു വർഷം മുമ്പേ ഘട്ടക് ഒരു ചിത്രം ഒരുക്കിയിരുന്നു- 'ബാരി ഥേകെ പാലിയെ' (1958). എന്നാൽ ആഗോളതലത്തിലോ രാജ്യത്തോ ഇക്കാര്യം ആരാലും ശ്രദ്ധിക്കപ്പെടാതെപോയി. പരസ്പരം ബന്ധിപ്പിച്ച കഥകളുടെ ശേഖരത്തിൽ നിന്ന് ഹൈപ്പർലിങ്ക് ഫോർമാറ്റിൽ അവതരിപ്പിച്ച ആദ്യകാല സിനിമകളിലൊന്നാണ് റോബർട്ട് ആൾട്ട്മാന്റെ 'നാഷ്വില്ലെ' (1975). എന്നാൽ ഘട്ടകിന്റെ 'തിതാഷ് ഏക്തി നദിർ നാം' (1973) ഇതേ മാതൃകയിൽ രണ്ടുവർഷം മുമ്പേ പൂർത്തിയാക്കിയ ചിത്രമാണ്.

മേഘേ ധാകാ താരാ, കോമൾ ഗാന്ധാർ, സുവർണ്ണരേഖ എന്നീ സിനിമകൾ 1960-നും 62നും ഇടയിൽ പുറത്തിറങ്ങി. ഈ ചിത്രങ്ങൾ അക്കാലത്ത് ഏറെ നിരൂപക ശ്രദ്ധ നേടിയെങ്കിലും വാണിജ്യ വിജയത്തിലേക്കോ അന്താരാഷ്ട്ര പ്രശസ്തിയിലേക്കോ എത്തിയില്ല. മനുഷ്യർ സ്വന്തം ദേശത്തിൽ നിന്ന് പുറത്താക്കപ്പെടുമ്പോൾ സംഭവിക്കുന്ന മാനസികാഘാതം, സ്വത്വപ്രതിസന്ധി, മുതലാളിത്തത്തിന്റെ ചൂഷണത്തിന് എളുപ്പം ഇരയാകാനുള്ള അവസ്ഥ എന്നിവയെല്ലാം ഘട്ടക് സിനിമകൾക്ക് ഇന്നും ശക്തമായ കാലിക പ്രസക്തി നൽകുന്നു. അദ്ദേഹത്തിന്റെ രാഷ്ട്രീയ നിലപാടുകൾ സിനിമകളിൽ വ്യക്തമാണ്. സിനിമ അദ്ദേഹത്തിന് കേവലം വിനോദോപാധി ആയിരുന്നില്ല; 'പോരാട്ടത്തിന്റെ ആയുധം' ആയിരുന്നു.



കോമൾ ഗാന്ധാർ

ഘട്ടകിന്റെ സിനിമകൾ കാലഘട്ടത്തിന്റെ കണ്ണാടിയായി. മനുഷ്യന്റെ ദുരിതങ്ങൾക്കും ചൂഷണത്തിനുമെതിരെ കാമറയിലൂടെ ശബ്ദമുയർത്തിയ 'അനശ്വര വിപ്ലവകാരി'യായിരുന്നു ഘട്ടക്.


സത്യജിത് റേ, മൃണാൾ സെൻ എന്നിവർക്കൊപ്പം ബംഗാളി സിനിമയിലെ മൂന്ന് അതികായരിൽ ഒരാളായി കണക്കാക്കപ്പെടുന്ന ഋത്വിക് ഘട്ടകിന് മരണശേഷമാണ് അർഹിച്ചിരുന്ന അംഗീകാരം ലഭിച്ചത്. അദ്ദേഹത്തിന്റെ പ്രതിഭ സിനിമകളിലും തിരക്കഥകളിലും മാത്രം ഒതുങ്ങിയിരുന്നില്ല; പൂനെ എഫ്ടിഐഐയിൽ അദ്ദേഹം പഠിപ്പിച്ച ചലച്ചിത്രകാരരുടെ ഒരു തലമുറയെ തന്നെ അദ്ദേഹം സ്വാധീനിച്ചു. ഇന്ത്യൻ നവതരംഗ സിനിമ ഘട്ടക്കിന്റെ കൈപിടിച്ചാണ് നടന്നുതുടങ്ങിയത്. മണി കൗൾ, ജോൺ എബ്രഹാം, കമാർ സാഹ്നി തുടങ്ങിയവർ ഘട്ടകിന്റെ ചലച്ചിത്ര സിദ്ധാന്തങ്ങളെ ഇന്ത്യൻ സമാന്തരചലച്ചിത്രമേഖലയിൽ പകർത്തിവയ്ക്കാൻ ശ്രമിച്ചവരാണ്. സയീദ് അഖ്തർ മിർസ, സുഭാഷ് ഘായ്, അടൂർ ഗോപാലകൃഷ്ണൻ എന്നിവരും ഹ്രസ്വമായ ഐടിഐഐ അധ്യാപന കാലത്ത് ഘട്ടകിന്റെ വിദ്യാർഥികളായിരുന്നു. ആർട്ട്ഹൗസ് സംവിധായകരെ മാത്രമല്ല, ബോളിവുഡ് മുതൽ കോളിവുഡ് വരെയുള്ള മുഖ്യധാരാ സംവിധായകരെയും ഘട്ടക് പ്രചോദിപ്പിച്ചു. സഞ്ജയ് ലീല ബൻസാലി, വിധു വിനോദ് ചോപ്ര, സുഭാഷ് ഘായ്, ഗിരീഷ് കാസറവള്ളി, തമിഴ് സംവിധായകൻ കെ.ബാലചന്ദർ തുടങ്ങിയവരും അക്കൂട്ടത്തിലുണ്ട്. ഘട്ടകിന്റെ മേഘേ ധാകാ താരയിലെ നീത എന്ന കഥാപാത്രം, കെ.ബാലചന്ദറിന്റെ 'അവൾ ഒരു തുടർ കഥൈ' (1974) എന്ന ചിത്രത്തിലും, ഗിരീഷ് കാസറവള്ളിയുടെ 'ഘടശ്രാദ്ധ' (1977) യിലും പുനരവതരിക്കുന്നുണ്ട്.

> റഷ്യൻ സിനിമയിൽ ആന്ദ്രേ താർക്കോവ്സ്കിയുടെയും സെർജി ഐസൻസ്റ്റീന്റെയും ആരാധകർ രണ്ടു പക്ഷമായി നിൽക്കുംപോലെ ഇന്ത്യൻ ചലച്ചിത്രകാരരിൽ ഋത്വിക് ഘട്ടക്, സത്യജിത് റേ ആരാധകരുടെ രണ്ടു നിശ്ശബ്ദവഴികളുണ്ട്

സത്യജിത് റേയെപ്പോലുള്ള മറ്റ് ചലച്ചിത്രകാരർക്ക് അവരുടെ ജീവിതകാലത്ത് ഇന്ത്യക്ക് പുറത്ത് പ്രേക്ഷകരെ നേടാൻ കഴിഞ്ഞപ്പോൾ, ഘട്ടകിനും അദ്ദേഹത്തിന്റെ സിനിമകൾക്കും പ്രധാനമായും ഇന്ത്യയ്ക്കുള്ളിൽ മാത്രമാണ് അംഗീകാരം ലഭിച്ചത്. ഘട്ടകിന്റെ 'നാഗരിക്' (1952) ഒരുപക്ഷേ ബംഗാളി ആർട് സിനിമയുടെ ആദ്യ കാൽവയ്പായി കാണേണ്ട ചിത്രമായിരുന്നു. റേയുടെ പാഥേർ പാഞ്ചാലിക്കും മൂന്ന് വർഷം മുൻപ് ഒരുക്കിയ ചിത്രം. എന്നാൽ ഘട്ടക്കിന്റെ മര

## മുറിവേറ്റ മനസ്സ്

1925 നവംബർ നാലിന് ധാക്കയിൽ ജനിച്ച ഘട്ടകിന് വിഭജനവും പട്ടിണിയും പുസ്തക





ത്തിലെ പാഠങ്ങളായിരുന്നില്ല. ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ പ്രക്ഷുബ്ധത, ബംഗാൾ ക്ഷാമത്തിന്റെ ഭീകരത, 1946-ലെ വർഗീയ കലാപം, തുടർന്ന് 1947 ആഗസ്റ്റിലെ വിഭജനം എന്നിവയെല്ലാം ഘട്ടകിനെ നേരിട്ടുബാധിച്ച വ്യക്തിപരമായ കാര്യങ്ങൾ കൂടിയായിരുന്നു. പൊടുന്നനെ അദ്ദേഹത്തിന്റെ ജന്മസ്ഥലം ഈസ്റ്റ് പാകിസ്ഥാനായി മാറി, 'വീട്' വിട്ടിറങ്ങേണ്ടിവന്നത് യുവ അഭയാർഥി എന്ന നിലയിൽ ഘട്ടക്കിനെ ആഴത്തിൽ മുറിവേൽപ്പിച്ചു. കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയിലെ സജീവ അംഗമായിരുന്ന ഘട്ടകിന് മാർക്സിസ്റ്റ് പ്രത്യയശാസ്ത്രം വെളിച്ചമായി.

നാടകത്തിലേക്ക് ആകർഷിക്കപ്പെട്ട ഘട്ടക്, പതിനാലാം വയസ്സിൽ (1939) തന്റെ ആദ്യ നാടകത്തിൽ അഭിനയിച്ചു. ആദ്യത്തെ ചെറുകഥ 1946-ൽ പ്രസിദ്ധീകരിച്ചു. താമസിയാതെ സിനിമാനിരൂപകനായി. ചുരുങ്ങിയ കാലയളവിൽ രണ്ട് നോവലുകളും ഏകദേശം 100 ചെറുകഥകളും നാടകങ്ങളും രചിച്ചു. ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ അസോസിയേഷനിൽ (ഇപ്റ്റ) ചേർന്ന അദ്ദേഹം ബംഗാളിലുടനീളം സഞ്ചരിച്ചു. നിരവധി നാടകങ്ങൾ എഴുതി, അഭിനയിച്ചു, സംവിധാനം ചെയ്തു. 1958-ൽ നാലു കോടി കളക്ഷൻ നേടിയ ബ്ലോക്ക്ബസ്റ്റർ ചിത്രമായ മധുമതിയുടെ (സംവിധാനം- ബിമൽ റോയ്) തിരക്കഥ എഴുതിയത് ഘട്ടക് ആയിരുന്നു. എന്നാൽ അദ്ദേഹം ഹിന്ദി ചലച്ചിത്രലോകത്തിനൊപ്പം പോയില്ല. ഘട്ടക്കിന്റെ എട്ട് ഫീച്ചർ സിനിമകളിൽ ഒരെണ്ണം മാത്രമാണ് വാണിജ്യപരമായി വിജയിച്ചത്. സാമ്പത്തിക ബുദ്ധിമുട്ട് അടക്കമുള്ള കാരണങ്ങളാൽ ആറ് സിനിമകൾ ഉപേക്ഷിച്ചു. രാഷ്ട്രീയബോധ്യം ഉപേക്ഷിച്ച് സിനിമ ഒരുക്കാൻ അദ്ദേഹം ഒരുക്കമായിരുന്നില്ല. ബംഗ്ലാദേശ് വിമോചനത്തിന് തൊട്ടുപിന്നാലെ 1972-ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയെ കുറിച്ചുള്ള ഒരു ഡോക്യുമെന്ററി ചെയ്യാൻ അവസരം ലഭിച്ചെങ്കിലും ഘട്ടക് അതിന് തയാറായില്ല. കൊൽക്കത്ത വിമാനത്താവളത്തിൽ ഇന്ദിരാഗാന്ധി ഷൂട്ടിങ്ങിനായി കാത്തുനിന്നിട്ടും ഘട്ടക് എത്തിയില്ല എന്ന് അദ്ദേഹത്തിന്റെ പഴയ സഹപ്രവർത്തകർ എഴുതിയിട്ടുണ്ട്.

റഷ്യൻ സിനിമയിൽ ആന്ദ്രേ താർക്കോവ്സ്കിയുടെയും സെർജി ഐസൻസ്റ്റീന്റെയും ആരാധകർ രണ്ടു പക്ഷമായി നിൽക്കും പോലെ ഇന്ത്യൻ ചലച്ചിത്രകാരരിൽ ഋത്വിക് ഘട്ടക്, സത്യജിത് റേ ആരാധകരുടെ രണ്ടു നിശബ്ദവഴികളുണ്ട്. വിടപറഞ്ഞിട്ട് അരനൂറ്റാണ്ട് പിന്നിട്ടെങ്കിലും ഇപ്പോഴും ഘട്ടക് സിനിമകൾ പഴക്കം ചെല്ലുമ്പോൾ വീര്യമേറുന്ന വീഞ്ഞുപോലെ ഇന്ത്യയുടെ പുറത്തേക്കും പരക്കുന്നു. ലോകമെമ്പാടുമുള്ള ചലച്ചിത്രകൂട്ടായ്മകൾ ഘട്ടക് സിനിമകളെ ഡിജിറ്റലായി പുനഃസ്ഥാപിച്ച് സംരക്ഷിക്കുന്നു. ലോകമെമ്പാടുമുള്ള ചലച്ചിത്രകാരർ ഇപ്പോഴും ഘട്ടക്കിൽനിന്നും പലതും പുതിയതായി ഉൾക്കൊള്ളുന്നു. ■

>>ഷെമീർ കെ.എസ്



പലസ്തീനിയൻ സിനിമയുടെ കലാപരമായ കാമ്പ് അവിടുത്തെ രാഷ്ട്രീയമാണ്

# ശിഥിലരാഷ്ട്രത്തിന്റെ ഫ്രെയിമുകൾ

പലസ്തീൻ പ്രമേയമായ സിനിമകളിൽ ഏലിയ സുലൈമാന്റെ ദ ടൈം ദാറ്റ് റിമെയ്ൻസിനാണ് (അവശേഷിക്കുന്ന സമയം) ആണ് ഞാൻ പ്രഥമസ്ഥാനം നൽകുന്നത്. അത് ഒരേ സമയം ആക്ഷേപ ഹാസ്യാത്മകമായ ചരിത്രാഖ്യാനവും ക്രമേണ ശിഥിലമായിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന്റെ അകവും പുറവും അഥവാ സാമൂഹിക മനശ്ശാസ്ത്ര തലങ്ങൾ പ്രതിഫലിപ്പിക്കുന്ന ഒരു ചലച്ചിത്ര വിസ്മയവുമാണ്.



ഏലിയ സുലൈമാൻ

ഒരു Epigram പോലെയാണ് ദ ടൈം ദാറ്റ് റിമെയ്ൻസ് അനുഭവപ്പെടുക. അതായത്, സിനിമയുടെ ഒരു ചിന്തയോ സംഭാഷണശകലമോ സിനിമ മുഴുവനും അതിന്റെ ഇതിവൃത്തവും പ്രതിഫലിപ്പിക്കുന്ന ഒരു അനുഭവം. സിനിമയുടെ ഏതാണ്ട് മധ്യഭാഗത്തായി വരുന്ന ഒരു രംഗത്തിൽ, അടിമുടി മണ്ണെണ്ണയിൽ കുളിച്ച ശേഷം തീകൊളുത്തി ആത്മഹത്യക്ക് ശ്രമിക്കുന്ന തന്റെ അയൽവാസിയെ സാന്ത്വനപ്പെടുത്തി ഫുആദ് സുലൈമാൻ (സാലേ ബക്രി) തിരികെ വീട്ടിലേക്ക് കൊണ്ടുപോകുന്നത് കാണാം. അപ്പോൾ ആ മനുഷ്യൻ ഫുആദിനോട് പറയുന്നു: മൽ അയ്ശ്. അൽ അയ്ശു വൽ മൌത്തു സവാഹന. (എന്ത് ജീവിതം. ജീവിതവും മരണവും ഇവിടെ ഒരുപോലെയാണ്). പലസ്തീനികളുടെ ജീവിതാനുഭവങ്ങളെയും ചരിത്രത്തെയും ഒരൊറ്റ വാചകത്തിൽ ചുരുക്കാമെങ്കിൽ അതിന് പറ്റിയ വാചകമാണത്. സിനിമയിൽ ഇടക്കിടെ വരുന്ന കോറിയോഗ്രാഫ്






ചെയ്യപ്പെട്ട ഒരു ദൈനംദിന കൃത്യമാണ് നടത്തം. ആളുകൾ പലഭാഗത്തേക്കും നടന്നുനീങ്ങുന്നു. എന്നാൽ ആര് എങ്ങോട്ടാണ് പോകുന്നത് എന്ന ചോദ്യം ഹാസ്യത്തിന്റെ പശ്ചാത്തലത്തിൽ ചലച്ചിത്രകാരൻ ചോദിക്കുന്നു. നാടിനെ വിമോചിപ്പിക്കാൻ പോകുന്ന പട്ടാളക്കാരനോട്, അതിന് പോകേണ്ട ദിശ എതിർഭാഗത്തേക്ക് അല്ലേ എന്ന് ചോദിക്കുന്നുണ്ട്. അധിനിവേശത്തിന്റെ അനന്തരഫലമായ ദിശാരാഹിത്യത്തെ ചലച്ചിത്രത്തിന്റെ ഭാഷയിൽ ഇതിനേക്കാൾ നന്നായി അവതരിപ്പിക്കാനാകുമെന്ന് തോന്നുന്നില്ല.

എന്നാൽ രൂപകങ്ങൾക്കപ്പുറത്ത്, ചരിത്രത്തിന്റെയും സമകാലിക അധികാരവ്യവസ്ഥിതിയുടെയും നിർദയമായ നിസ്സംഗത സിനിമയുടെ ഫ്രെയിമുകൾക്കിടയിൽ നിന്ന് നമുക്ക് കണ്ടെടുക്കാം. വരുംവരായ്കയെക്കുറിച്ച് യാതൊരു ഭ്രതോദയവുമില്ലാതെ ഇസ്രയേൽ അധികാരികൾക്ക് നഗരത്തിന്റെ നിയന്ത്രണം കൈമാറുന്ന മേയർ, ചട്ടലമായി നീങ്ങുന്ന ടാങ്കറിന്റെ കുഴലുകൾക്ക് മുമ്പിലൂടെ മാലിന്യം നിക്ഷേപിക്കാൻ പോകുന്ന ചെറുപ്പക്കാരൻ ഫോണിലൂടെ സുഹൃത്തിനോട് ഇന്ന് രാത്രി ഡിജെ പാർട്ടി അടിച്ചുപൊളിക്കുകയല്ലേ എന്ന് ചോദിക്കുന്നത്. ഇതെല്ലാം അധികാരത്തിന്റെയും അതിന്റെ അയുക്തികമായ വീതംവെപ്പിന്റെയും ഭാഷയോട് ക്രിയാത്മകമായ ഒരു വിപ്രതിപത്തി പുലർത്തുന്ന പലസ്തീനിയൻ രാഷ്ട്രീയമനസ്സിനെ സ്ക്രീനിൽ ദൃശ്യമാക്കുന്നു.

## രൂപകാത്മകതയുടെ ദൃശ്യവിരുന്ന്

ടൈം ദാറ്റ് റിമെയ്ൻസിനേക്കാൾ നിരൂപകശ്രദ്ധ പിടിച്ചുപറ്റിയ ഏലിയ സുലൈമാന്റെ സിനിമകൾ ഡിവൈൻ ഇന്റർവെൻഷനും ദ ക്രോണിക്ൾ ഓഫ് ഡിസപ്പിയറൻസും ആണ്. അതുപോലെ ഏറ്റവും ഒടുവിലായി അദ്ദേഹം സംവിധാനം ചെയ്ത ഇറ്റ് മസ്റ്റ്


നാദവ് ലാപിഡ്

ബി ഹെവൻ (അത് സ്വർഗം തന്നെയാണ്) രൂപകാത്മകതയുടെ ഒരു ദൃശ്യവിരുന്ന് തന്നെയാണ്. പലസ്തീനല്ലാതെ ലോകത്ത് ഒരിടം തേടി പോകുന്ന ചലച്ചിത്രകാരനെ വിട്ടൊഴിയാതെ പലസ്തീൻ കൂടെപ്പോകുന്നതിനെക്കുറിച്ചാണ് അതിലെ ആഖ്യാനം.

തനതായ ശൈലിയിൽ സിനിമയെടുക്കുന്ന പലസ്തീൻ ചലച്ചിത്രകാരൻമാരിൽ ശ്രദ്ധിക്കപ്പെടേണ്ട മറ്റ് നാമങ്ങളാണ് ഹാനി അബ്ദുൽ അസദ്, ആൻമേരി ജാസിർ തുടങ്ങിയവർ. ചാവേറുകളാകാൻ വിധിക്കപ്പെട്ട യുവാക്കളെ ശിഥിലീകരിക്കപ്പെട്ട പലസ്തീനിയൻ സ്വത്വത്തിന്റെ പശ്ചാത്തലത്തിൽ കുറേക്കൂടി അനുതാപപൂർവം നോക്കിക്കാണുന്ന ഹാനി അബ്ദുൽ അസദിന്റെ Paradise Now! ഈ പശ്ചാത്തലത്തിൽ സവിശേഷ ശ്രദ്ധ അർഹിക്കുന്നുണ്ട്. ഗത്യന്തരമില്ലാതെ ചാവേറുകളാകുവാൻ വിധിക്കപ്പെട്ട രണ്ട് യുവാക്കൾ, സൈദും ഖാലിദും (കൈസ് നശഫും അലി സുലിമനും) കടന്നുപോകുന്ന വ്യത്യസ്ത സാമൂഹിക മനോനിലകളെയാണ് സിനിമ ആഖ്യാനം ചെയ്യുന്നത്.

ചരിത്രപരമായ സംഭവികാസത്തെ നാടകീയമായി വിവരിക്കുന്ന പലസ്തീനിയൻ ചലച്ചിത്ര ആഖ്യാനങ്ങൾ വളരെ വിരളമാണ്. എന്നാൽ ഈ കുറവ് നികത്തുന്ന വിമർശനശ്രദ്ധ പിടിച്ചുപറ്റിയ ഉദ്യമമാണ് ജാസിറിന്റെ ഈ വർഷം പുറത്തിറങ്ങിയ പലസ്തീൻ 36. അധിനിവേശകരോടുള്ള ഒരു പലസ്തീനിയൻ ഗ്രാമത്തിന്റെ ചെറുത്തുനിൽപ്പാണ് ഇതിലെ ഇതിവൃത്തം.

## പുറമെനിന്നുള്ള കാഴ്ചകൾ

പലസ്തീനിയൻ സിനിമകളിൽ ശ്രദ്ധിക്കപ്പെടേണ്ട മറ്റൊരു വിഭാഗമാണ് പുറംക്യാമറകൾ ഒരുക്കുന്ന കാഴ്ചകൾ. പലസ്തീനികളല്ലാത്തവർ, അതായത് ഇസ്രയേലികൾ, അനുതാപപൂർവമോ ആത്മവിമർശനാത്മകമായിട്ടോ പലസ്തീനെ നോക്കിക്കാണുന്ന






സിനിമകളാണ് ഈ വിഭാഗത്തിൽപെടുന്നത്. ഇറാൻ റിക്ലിസിന്റെ ലെമൻ ട്രീ ഉദാഹരണമായി എടുക്കാം. തന്റെ വീടിന്റെ അയൽപക്കത്ത് താമസമാക്കിയ ഇസ്രയേൽ പ്രതിരോധമന്ത്രിയുടെ വിലപേശലോ വിരട്ടലോ വകവെക്കാതെ തന്റെ ചെറുനാരങ്ങാമരത്തോട്ടം എന്ത് വിലകൊടുത്തും സംരക്ഷിക്കാൻ ശ്രമിക്കുന്ന ഒരു പലസ്തീനിയൻ വിധവ സൽമ സിദാന്റെയും (ഹിയം അബ്ബാസ്) അവരോട് ഐക്യദാർഢ്യം പുലർത്തുന്ന മന്ത്രിയുടെ ഭാര്യ മിരാ റാവോണിന്റെയും (റോണാ ലിപാസ് മൈക്കൽ) വൻമതിലുകൾ ഭേദിക്കുന്ന സൗഹൃദത്തിന്റെ കഥയാണത്. ഗുണദോഷിക്കലിന്റയും ഭീഷണിയുടെയും രഹസ്യചർച്ചകളിലൂടെയുള്ള ഒറ്റിന്റെയും വിവിധരൂപങ്ങൾ കൈക്കൊള്ളുന്ന പുരുഷഭാഷകളെ ചെറുത്തുനിൽക്കുന്നതിനെയാണ് സിനിമ ആഖ്യാനം ചെയ്യുന്നത്. മറ്റൊരർഥത്തിൽ അത് പലസ്തീനിയൻ വിമോചനത്തിന്റെ പ്രതീകവുമാണ്. സർവാധികാരിയായ (Leviathan) ഇസ്രയേലിനു കീഴിൽ പരിമിത സ്വാതന്ത്ര്യത്തോടെ ജീവിക്കേണ്ടിവരുന്ന ഒരു പലസ്തീനാണ് ദ്വിരാഷ്ട്രവാദം മുന്നോട്ടുവയ്ക്കുന്നതെന്ന് സിനിമ പറയുന്നുണ്ട്. നാരകമരത്തിന്റെ ചില്ലകൾ പോലും വെട്ടേണ്ടിവരുന്നത് ഏതുതരം സ്വാതന്ത്ര്യമാണെന്ന് സിനിമ ചോദിക്കുന്നുണ്ട്.


ഫാറ നബ്ളൂസി

നാദവ് ലാപിഡ് എന്ന സംവിധായകന്റെ പേര് ഇന്ത്യയിലെ സിനിമാപ്രേമികൾ കേൾക്കുന്നത് ഏതാനും വർഷങ്ങൾക്കുമുമ്പാണ്. ഗോവയിൽ നടന്ന ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവെൽ ഓഫ് ഇന്ത്യയിൽ കശ്മീർ ഫയൽസ് ഒരു പ്രൊപഗണ്ട സിനിമയാണെന്ന ലാപിഡിന്റെ പരാമർശം ഏറെ ചർച്ചകൾക്ക് വഴിവെച്ചിരുന്നു. ഭരണകൂടത്തിനെയും കലാസാംസ്കാരിക മേഖലകൾക്കുമേലുള്ള ഭരണകൂട ഇടപെടലുകളെയും വിമർശിക്കുന്ന ലാപിഡിന്റെ നിലപാട് ഇസ്രയേലിനെ സംബന്ധിച്ചിടത്തോളം പ്രസക്തമാകുന്നുണ്ട്. ഇസ്രയേൽ സൈനികഭരണകൂടത്തിന്റെ വിമർശകനായ ലാപിഡിന്റെ ഏതാനും ചലച്ചിത്രങ്ങൾ, പലസ്തീനികൾ അവയിൽ കടന്നുവരുന്നില്ലെങ്കിലും ഒരു ഒളിനിരീക്ഷണ ഭരണകൂടം ഇസ്രയേലികളിൽ സൃഷ്ടിക്കുന്ന രാഷ്ട്രീയവും മാനസികവുമായ സംഘർഷങ്ങളെ ദൃശ്യവത്കരിക്കുന്നുണ്ട്. 2019-ൽ പുറത്തിറങ്ങിയ ലാപിഡിന്റെ സിനോണിംസ് (പര്യായങ്ങൾ) എന്ന സിനിമയിൽ നായകനായ യോവ് തന്റെ ഹീബ്രു ഭാഷാസ്വത്വത്തെയും



സൈനിക ഭൂതകാലത്തെയും, തന്റെ സമൂഹത്തിനു മേൽ സയണിസ്റ്റുകൾ സൃഷ്ടിച്ചു കൊടുത്ത ദേശീയ സങ്കല്പങ്ങളെയും നിരാകരിക്കുന്നയാളാണ്. അദ്ദേഹം ഫ്രഞ്ച് തന്റെ ഭാഷയായി സ്വീകരിക്കുന്നു. ഇസ്രയേലിന്റെ ദേശീയ മിത്തിൽ നിന്ന് എങ്ങനെയും രക്ഷപ്പെടണമെന്ന യോവിന്റെ ആഗ്രഹങ്ങൾ എപ്പോഴും സംഘർഷത്തെ ആസ്പദമാക്കി നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ജീവിക്കേണ്ടി വരുന്നതിന്റെ മനശ്ശാസ്ത്രപരമായ ആഘാതങ്ങളെ വരച്ചിടുന്നു. പലസ്തീനിയൻ നോട്ടത്തിൽ ഒരു കാര്യം ഇതിൽ നിന്ന് വ്യക്തമാകും- അധിനിവേശം ഇരകളെ മാത്രമല്ല, അധിനിവേശത്തിലേർപ്പെടുന്ന സമൂഹത്തെയും മാനസികമായും ഇച്ഛാപരമായും തകർക്കുന്നു എന്ന സത്യം.

## പലസ്തീനിയൻ സ്ത്രീശബ്ദം

പലസ്തീനിയൻ സിനിമകളിലെ പ്രധാന ശബ്ദം സ്ത്രീകളുടേതാണ്. യുദ്ധക്കളം ഗാർഹിക പരിസരമാകുമ്പോൾ വിശേഷിച്ചും. ലെമൺ ട്രീ ഒരു പുരുഷസംവിധായകന്റെ സിനിമയാണെങ്കിലും അത് സ്ത്രീകളുടെ അരക്ഷിതാവസ്ഥയും ഇച്ഛയും പ്രതിരോധവുമാണ് പ്രമേയമാക്കുന്നത്. ഫാറാ നബ്ലുസിയും ആൻമേരി ജാസിറും പലസ്തീനിയൻ സിനിമകളിലെ സ്ത്രീസാന്നിധ്യമാണ്. പലസ്തീനിയൻ ചരിത്രത്തെ വലിയ കാൻവാസിൽ ദൃശ്യവത്കരിക്കുന്ന ജാസിറിന്റെ പലസ്തീൻ 36 നെക്കുറിച്ച് മുമ്പ് പറഞ്ഞു. നിലവിലെ ഇസ്രയേൽ വംശഹത്യയുടെ പശ്ചാത്തലത്തിൽ ലോകം മുഴുവനും ഈ സിനിമ ചർച്ച ചെയ്യുകയും ചെയ്യുന്നുണ്ട്. ജാസിറിന്റെ ഏറെ ചർച്ചചെയ്യപ്പെട്ട സിനിമയാണ് 2017-ൽ പുറത്തിറങ്ങിയ വാജിബ്. പലസ്തീന്റെ സാമൂഹിക പശ്ചാത്തലത്തിൽ, നിർബന്ധമായും വിവാഹത്തിന് വരണം എന്ന് അർഥം നൽകാവുന്ന പദമാണ് വാജിബ്. തന്റെ മകളുടെ വിവാഹത്തിന് ക്ഷണിക്കാൻ അബൂശാദിയെന്ന പലസ്തീനിയൻ കാരണവരും റോമിൽ പരദേശിയായി ജീവിക്കുന്ന മകൻ ശാദിയും നസ്രേത്തിലൂടെ യാത്രചെയ്യുന്നതാണ് സിനിമയുടെ പ്രമേയം. വേർപെടുത്താവാത്ത വിധം തന്റെ മണ്ണിലേക്ക് വേരുറച്ചു പോയ അബൂശാദിയും പരദേശവാസിയാണെങ്കിലും നാട്ടോർമകളുടെ നോവിലൂടെ മനസ്സുകൊണ്ട് യാത്രപോകുന്ന ശാദിയും പലസ്തീനിലെ രണ്ട് തലമുറകളുടെ പരിച്ഛേദമാണ്.




**ആൻമേരി ജാസിർ**

ഫാറാ നബ്ലുസിയുടെ ഉസ്താദ് (അധ്യാപകൻ) ബാസം എന്ന അധ്യാപകന്റെയും ശിഷ്യൻ ആദമിന്റെയും കഥപറയുന്നു. തടവുകാരുടെ കൈമാറ്റം, അധികാരത്തിന്റെ അസന്തുലിതാവസ്ഥ തുടങ്ങിയ രാഷ്ട്രീയ പശ്ചാത്തലങ്ങളിലൂടെ വികസിക്കുന്ന സിനിമ പ്രണയം, പ്രതീക്ഷ, പങ്കുവയ്ക്കപ്പെടുന്ന വ്യസനത്തിന്റെ ഏകഭാവം തുടങ്ങിയ ഇതിവൃത്തങ്ങളിലൂടെ നിലവിലെ അവസ്ഥകളെ അഭിസംബോധന ചെയ്ത് ജീവിക്കാൻ കഴിയുമെന്ന ഒരാശയത്തെ അടവെച്ച് വിരിയിക്കുകയാണ് ചെയ്യുന്നത്. നിറയെ ചിരിയുണർത്തുന്ന ഒരു സിനിമ. രാഷ്ട്രീയമായ ഹൊറർ അല്ലാത്തൊരു ഹൊറർ സിനിമ. പലപ്പോഴും പ്രണയം സിനിമകളിൽ കടന്നുവരുന്നത് അതിനാകാം. ഈ സിനിമകളിലെല്ലാം രാഷ്ട്രീയമായ ബഹളങ്ങളിൽ നിന്ന് മാറിനിന്ന് കലയെ ആവിഷ്കരിക്കാൻ വെമ്പൽ കൊള്ളുന്ന സംവിധായകരുടെ വീർപ്പുമുട്ടൽ നമുക്കനുഭവിക്കാം. അതേസമയം പലസ്തീനിയൻ സിനിമയുടെ കലാപരമായ കാമ്പ് എന്നത് അവിടുത്തെ രാഷ്ട്രീയമാണെന്ന് ഈ സിനിമകളെല്ലാം നമ്മെ ഓർമപ്പെടുത്തുകയും ചെയ്യുന്നു. ■





ധാരാളം പുതിയ വനിതാ സംവിധായകരെയും അഭിനേതാക്കളെയും മറ്റു ചലച്ചിത്രപ്രവർത്തകരെയും മേള സമ്മാനിക്കുന്നുണ്ട്. എന്നാൽ ഈ അംഗീകാരം ശാശ്വതമോ സാർവത്രികമോ ആണെന്ന് കരുതേണ്ടതില്ല

# മേളകളിലെ പെൺസാന്നിധ്യം



ഐഎഫ്എഫ്കെയിൽ സ്പിരിറ്റ് ഓഫ് സിനിമാപുരസ്കാരം നേടിയ സംവിധായിക പായൽ കപാഡിയ ആൾ വി ഇമാജിൻ ആസ് 2024 ലൈറ്റ് സിനിമയിലെ അഭിനേതാക്കളായ കനി കുസൃതി, ദിവ്യപ്രഭ എന്നിവർക്കൊപ്പം

ഓരോ ചലച്ചിത്രമേളയും പുതിയ കാഴ്ചകളുടെ ലോകത്തിലേക്കുള്ള വാതിലാണ്. പുതിയ ചലനങ്ങൾ, സിനിമാസങ്കേതങ്ങൾ, സംസ്കാരങ്ങൾ തുടങ്ങി ലോകസിനിമ മുതൽ നമ്മുടെ സിനിമാഭൂമികയിൽ വരെ ഉണ്ടാകുന്ന മാറ്റങ്ങൾ സ്ക്രീനിലെത്തും. ഐഎഫ്എഫ്കെയിലൂടെ സിനിമയെന്ന ഒരൊറ്റ കുടക്കീഴിലേക്ക് എല്ലാവരും ഒത്തുചേരും. ഈ കാലത്ത് ലോക സിനിമാഭൂപടം തിരുവനന്തപുരമാകും. ഐഎഫ്എഫ്കെ എന്ന ടാഗിനു പിന്നിൽ ദേശ-ഭാഷാഅതിരുകൾ മായും. ഒരു പുതു സംസ്കാരത്തിന്റെ ഉയിർപ്പായി തിയറ്ററിനകവും പുറവും വളരും. ഈ വളർച്ചയ്ക്കൊപ്പം സമ്മാനിക്കപ്പെടുന്ന ചില ഈടുവെപ്പുകളുണ്ട്. മലയാള സിനിമയുടെ ഭാവിയിലേക്ക് തുറക്കപ്പെടുന്ന വാതിലാണത്. അവയിൽ ഏറ്റവും പ്രധാനം ഓരോ മേളയും സൃഷ്ടിക്കുന്ന പുതിയ ചലച്ചിത്ര പ്രവർത്തകരാണ്. സമീപകാല മലയാള സിനിമയിൽ ഏറ്റവും ശക്തമായ സ്ത്രീസാന്നിധ്യമായ രണ്ട് അഭിനേതാക്കളാണ് ബീന ആർ. ചന്ദ്രനും ഷംല ഹംസയും. ഇരുവരെയും മലയാള സിനിമാലോകത്തിനു സമ്മാനിച്ചത് ഐഎഫ്എഫ്കെയാണ്.

ലിംഗപരമായ വേർതിരിവുകളെ അലിയിച്ചു കളയുന്ന വേദിയാണ് ചലച്ചിത്രമേളകൾ. ക്യാമറയ്ക്ക് മുന്നിലും പിന്നിലും പ്രവർത്തിക്കുന്ന സ്ത്രീകളെയും പുരുഷന്മാരെയും ട്രാൻസ് വ്യക്തികളെയും ഒരേ നിലയിൽ അംഗീകരിക്കുന്നു. ലിംഗപരത അപ്രത്യക്ഷമാവുകയും സിനിമ മാത്രം അവശേഷിക്കുകയും ചെയ്യുന്നു. ധാരാളം പുതിയ വനിതാ സംവി

## മേള നൽകിയത് പുതിയ അനുഭവങ്ങൾ

ആദ്യത്തെ സിനിമ ആയിരത്തിയൊന്ന് നുണകളായിരുന്നു. സിനിമ ഐഎഫ്എഫ്കെയിൽ കാണിച്ചപ്പോൾ എനിക്ക് വരാനായില്ല. അതിനാൽ തന്നെ ഐഎഫ്എഫ്കെ എന്താണ്, എന്താണ് അതിന്റെ മാജിക് എന്ന് മനസ്സിലായത് ഫെമിനിച്ചി ഫാത്തിമ വന്നപ്പോഴാണ്. പ്രതീക്ഷിച്ചതിലും വലിയ സ്വീകരണമായിരുന്നു. ആദ്യ ഷോ തന്നെ നിറഞ്ഞ സദസ്സായിരുന്നു. പിന്നീട് ആളുകൾ തിക്കിയും തിരക്കിയും സിനിമ കണ്ടു. പലർക്കും സീറ്റ് കിട്ടിയില്ല. സിനിമ സ്വപ്നം കാണുന്ന ഏതൊരാൾക്കും അവിസ്മരണീയം എന്നൊക്കെ പറയുന്ന പോലെ ഒന്നായിരുന്നു ഈ കാഴ്ചകൾ.

സിനിമ കഴിഞ്ഞ ശേഷം എന്റെ പേര് പറഞ്ഞപ്പോഴടക്കം വലിയ കൈയടിയായിരുന്നു. കുറേ പേർ വന്ന് സംസാരിച്ചു. ഇതെല്ലാം എനിക്ക് പുതിയ അനുഭവങ്ങളാണ്. എന്റെ ജീവിതം തന്നെ ഐഎഫ്എഫ്കെയിലൂടെ മാറി. അതിപ്പോൾ സംസ്ഥാന ചലച്ചിത്ര അവാർഡിൽ എത്തി നിൽക്കുകയാണ്.


ഷംല ഹംസ

ധായകരെയും അഭിനേതാക്കളെയും മറ്റ ചലച്ചിത്രപ്രവർത്തകരെയും മേള സമ്മാനിക്കുന്നുണ്ട്. എന്നാൽ ഈ അംഗീകാരം ശാശ്വതമോ സാർവത്രികമോ ആണെന്ന് കരുതേണ്ടതില്ല. ഇതേ ചിത്രങ്ങൾക്കും ചലച്ചിത്രപ്രവർത്തകർക്കും മേളയ്ക്ക് പുറത്ത് ലഭിക്കുന്ന സ്വീകാര്യതയ്ക്ക് വ്യത്യാസമുണ്ട്. ഇവർ വാണിജ്യപരമായ സിനിമകൾക്ക് പുറത്തുതന്നെയാണ്.

2023ലെ ഐഎഫ്എഫ്കെയിലാണ് തടവ് എന്ന സിനിമ പ്രദർശിപ്പിച്ചത്. സങ്കീർണ്ണമായ മനുഷ്യാവസ്ഥകളുടെ ലളിതമായ സിനിമാഅവതരണമാണ് സിനിമയുടെ പ്രമേയം. അതിലെ പ്രധാന കഥാപാത്രമായ ഗീതയെ അവതരിപ്പിച്ചത് ബീന ചന്ദ്രനാണ്. 2022ൽ മേളയിൽ പ്രദർശിപ്പിച്ച ആയിരത്തൊന്ന് നുണകൾ എന്ന സിനിമയിലൂടെയാണ് ഷംല ഹംസ

> ലിംഗപരമായ വേർതിരിവുകളെ അലിയിച്ചുകളയുന്ന വേദിയാണ് ചലച്ചിത്രമേളകൾ. ക്യാമറയ്ക്ക് മുന്നിലും പിന്നിലും പ്രവർത്തിക്കുന്ന സ്ത്രീകളെയും പുരുഷന്മാരെയും ട്രാൻസ് വ്യക്തികളെയും ഒരേ നിലയിൽ അംഗീകരിക്കുന്നു. ലിംഗപരത അപ്രത്യക്ഷമാവുകയും സിനിമ മാത്രം അവശേഷിക്കുകയും ചെയ്യുന്നു

## നാട്ടിൻപുറത്ത് നിന്ന് വെള്ളിത്തിരയിലേക്ക്

ഐഎഫ്എഫ്കെയിൽ ആദ്യത്തെ സ്ക്രീനിങിന് ഞങ്ങളൊക്കെ പിന്നിൽ ഇരിക്കുന്നുണ്ടായിരുന്നു. സിനിമ കഴിഞ്ഞിട്ടും ആളുകൾ പോകാതെ സിനിമയുടെ ഹാങ് ഓവറിൽ അവിടെ തന്നെ ഇരിക്കുകയായിരുന്നു. ഓരോ ആളുകളെയും സിനിമ സ്വാധീനിച്ചത് ഓരോ രീതിയിലാണ്. സുഹൃദ്ബന്ധത്തെ കാണുന്നവർക്ക് അത് നഷ്ടമായതിലുള്ള സങ്കടം, പോസ്റ്റ് പാർടം ഡിപ്രഷൻ വന്ന സ്ത്രീകൾക്ക് അതുമായി ബന്ധപ്പെട്ട്. സിനിമയെക്കുറിച്ച് സംസാരിക്കുമ്പോൾ തന്നെ കരഞ്ഞ പല സ്ത്രീകളുമുണ്ട്. അങ്ങനെ പല രീതിയിൽ ആളുകളെ സ്വാധീനിക്കാൻ കഴിഞ്ഞു. പലരും നിങ്ങൾക്ക് എന്തായാലും ഒരു അവാർഡ് കിട്ടും എന്ന് പറയുന്നുണ്ടായിരുന്നു. അന്നവർ പറയുമ്പോൾ നിങ്ങളുടെ ഈ വാക്കാണ് എനിക്കുള്ള അവാർഡ് എന്നാണ് പറഞ്ഞിരുന്നത്. സാധാരണ ഒരു നാട്ടിൻപുറത്ത് നിന്ന് വന്ന് സിനിമ ചെയ്യുക, അതിന് സംസ്ഥാന സർക്കാരിന്റെ പുരസ്കാരം കിട്ടുക എന്നൊന്നും ചിന്തിച്ചിരുന്നില്ല. അങ്ങനെ സംഭവിച്ചുവെന്നതിൽ സന്തോഷം. സിനിമ തിയറ്ററിൽ എത്തിയപ്പോൾ കണ്ടവർ പ്രൊമോട്ട് ചെയ്താണ് കൂടുതൽ ആളുകളിലേക്ക് എത്തിയത്.


ബീന ആർ ചന്ദ്രൻ

സിനിമയിലെത്തുന്നത്. പിന്നീട് 2024ൽ നടന്ന ചലച്ചിത്രമേളയിൽ പുരുഷാധികാരത്തിന്റെയും മത പൗരോഹിത്യത്തിന്റെയും ഇടയിൽപ്പെട്ട് ഞെരുങ്ങുന്ന ഒരു സ്ത്രീയുടെ സഹനങ്ങളും സ്വാതന്ത്ര്യപ്രഖ്യാപനവും പ്രമേയമായ 'ഫെമിനിച്ചി ഫാത്തിമ'യിൽ കേന്ദ്രകഥാപാത്രമായ ഫാത്തിമയായി. ഇരുവരും മികച്ച നടിക്കുള്ള സംസ്ഥാന ചലച്ചിത്ര അവാർഡും നേടി.

മേളകളിലെ പ്രദർശനത്തിനു ശേഷം തടവും ഫെമിനിച്ചി ഫാത്തിമയും എണ്ണത്തിൽ കുറവായിരുന്നുവെങ്കിലും തിയറ്ററിൽ പ്രദർശനത്തിന് എത്തി. കണ്ടവരെല്ലാം മികച്ച അഭിപ്രായം പറഞ്ഞ സിനിമയ്ക്ക് പക്ഷെ, മലയാള സിനിമയുടെ വാണിജ്യമേഖലയ്ക്ക് വലിയ സംഭാവന ചെയ്യാനായില്ല. കലാമൂല്യത്തിനപ്പുറം ബോക്സോഫീസ് കണക്കുകൾക്ക് പ്രാമുഖ്യം നൽകുന്ന വ്യവസായം ഈ സിനിമകളെ അവഗണിച്ചതിനൊപ്പം ഇരുപ്രതിഭകൾക്കും വലിയ അവസരങ്ങളും നൽകിയില്ല.

തടവ് ഒരുക്കിയ ഫാസിൽ റസാഖിന്റെ പുതിയ ചിത്രം 'മോഹം' ഐഎഫ്എഫ്കെയുടെ 30-ാം പതിപ്പിൽ മലയാള സിനിമ ഇന്ന് എന്ന വിഭാഗത്തിൽ പ്രദർശിപ്പിക്കുന്നുണ്ട്. ബീന ചന്ദ്രൻ ഇതിൽ അഭിനയിച്ചിട്ടുണ്ട്. ഇതുകൂടാതെ നിസാം ബഷീർ ഒരുക്കുന്ന പ്രിഥ്വിരാജ് ചിത്രം 'ഐ നോബഡി'യിലും റോൾ ലഭിച്ചിട്ടുണ്ട്. ഇതാണ് മികച്ച നടിയുടെ അവാർഡ് ലഭിച്ചിട്ടും ഇവർക്ക് തുറന്നുകിട്ടിയ അവസരം. അതേ സമയം ആയിരത്തൊന്ന് നുണകൾ, ഫെമിനിച്ചി ഫാത്തിമ എന്നീ സിനിമകളിൽ മികച്ച പ്രകടനം കാഴ്ചവെച്ച ഷംലയെ തേടി ഇതുവരെ അവസരങ്ങൾ എത്തിയിട്ടുമില്ല. മികച്ച അഭിനേതാക്കളെ ഉപയോഗിക്കുന്നതിൽ മലയാള സിനിമ എത്രമേൽ പിന്നിലാണ് എന്നതിന്റെ തെളിവ് കൂടിയാണിത്. ■

കെ.സി.ജിതിൻ
ചലച്ചിത്രനിരൂപകൻ



2025 മലയാളത്തിൽ ഇറങ്ങിയ മുഖ്യധാരാ സിനിമകളുടെ പേരിലല്ല അടയാളപ്പെടുത്തേണ്ടത്, മറിച്ച് മാറ്റത്തിന് വഴിതെളിക്കുന്ന സ്വതന്ത്രസിനിമകളുടെ ഇടപെടലുകളിലൂടെയാണ്

# മാറുന്നുണ്ടോ, മലയാള സിനിമ



ആംബ്രോസിയ

കഴിഞ്ഞ പത്തുവർഷങ്ങളായി മലയാള സിനിമയെക്കുറിച്ച് ഏറ്റവും തവണ ആവർത്തിക്കപ്പെട്ട വാക്ക് മാറ്റം എന്നതായിരിക്കണം. കോവിഡാനന്തര കാലഘട്ടത്തിൽ, ഒ.ടി. ടി.കളുടെയും മറ്റും പശ്ചാത്തലത്തിൽ മലയാള സിനിമയ്ക്ക് ഇന്ത്യൻ സിനിമയിൽ വലിയ സ്വീകാര്യതയുണ്ടായി. 2024 മലയാള സിനിമയെ സംബന്ധിച്ച് വാണിജ്യപരമായും ഇന്ത്യ ഒട്ടാകെയുള്ള സ്വീകാര്യതയിലും വലിയ ഉണർവുണ്ടായ വർഷമാണ്. മഞ്ഞുമ്മൽ ബോയ്സ്, ഭ്രമയുഗം, ആവേശം, പ്രേമലു തുടങ്ങിയ ചിത്രങ്ങൾ ഇന്ത്യൻ ബോക്സ് ഓഫീസിൽ തന്നെ ചലനം സൃഷ്ടിച്ചു. സംഘർഷഘടന, വിക്ടോറിയ, കിസ് വാഗൺ തുടങ്ങിയ മികച്ച പരീക്ഷണാത്മക സിനിമകളും ഉണ്ടായി.

2025 പക്ഷേ മലയാളം മുഖ്യധാര സിനിമയ്ക്ക് വലിയ ആശ്വാസം നൽകുന്ന ഒന്നല്ല. മുമ്പത്തേതുപോലെ ഏതു സിനിമയും ബോക്സ് ഓഫീസിലും ജനങ്ങളിലും സ്വീകാര്യത സൃഷ്ടിക്കും എന്ന ചിന്തയിൽ നിർമ്മിച്ച ശരാശരി സിനിമകൾ മാത്രമാണ് ഈ വർഷം മലയാളത്തിൽ ബോക്സ് ഓഫീസ് വിജയങ്ങൾ നേടിയത്. തുടരും, ഹൃദയപൂർവം, എമ്പുരാൻ, ലോക തുടങ്ങിയ ചിത്രങ്ങൾ എല്ലാം ആഖ്യാനത്തിലും പ്രമേയത്തിലും ശരാശരിയോ ശരാശരിക്ക് താഴെയോ നിൽക്കുന്ന ചിത്രങ്ങൾ മാത്രമാണ്. തെലുങ്ക്, തമിഴ്, കന്നട സിനിമകളിൽ ഇപ്പോൾ ഇറങ്ങുന്ന പാൻ-ഇന്ത്യൻ സിനിമകളുടെ ഫോർമാറ്റിനെ മലയാളത്തിലേക്ക് പറിച്ചുനടുവാനുള്ള ശ്രമം ഈ സിനിമകളിലെല്ലാം നമുക്ക് കാണാനാവും.

ഈ വർഷം മലയാള സിനിമയെ സംബന്ധിച്ച് ആഖ്യാനത്തിലോ പ്രമേയത്തിലോ ഏതെങ്കിലും നിലയ്ക്ക് പരീക്ഷണങ്ങൾക്ക് ശ്രമിക്കുന്നത് മുഖ്യധാരാസിനിമകൾ അല്ല, മറിച്ച് തിയറ്റർ, ഒ.ടി.ടി., യൂട്യൂബ് തുടങ്ങിയ മാധ്യമങ്ങളിലൊന്നും റിലീസ് ആവാത്ത സ്വതന്ത്രസിനിമകളാണ്. കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ മലയാളം സിനിമ ഇന്ന് എന്ന വിഭാഗത്തിൽ ഇടം നേടിയ ചിത്രങ്ങളെല്ലാം കേരളത്തിലെ ആദ്യത്തെ പ്രദർശനങ്ങളായിരിക്കും.

ബുസാൻ ചലച്ചിത്രമേളയിൽ പുരസ്കാരം നേടിയ സഞ്ജു സുരേന്ദ്രൻ സംവിധാനം ചെയ്ത ഖിഡ്കി ഗാവ് എന്ന ചിത്രം ഏറെ ശ്രദ്ധേയമാണ്. ഡൽഹി പോലൊരു നഗരത്തിൽ മധ്യവർഗ ജീവിതം നയിക്കുന്ന വിവാഹിതരല്ലാത്ത പുരുഷനും സ്ത്രീയും ഒന്നിച്ചുജീവിക്കുമ്പോൾ എത്തിപ്പെടുന്ന സന്ദിഗ്ധതകളാണ് പ്രമേയം. ഒരു ഘട്ടത്തിൽ വച്ച് അവർക്ക് അഭയം നഷ്ടമാവുന്നു. അഭയാർഥികളെ പോലെ ഡൽഹിയിലെ വഴികളിലേക്ക് വലിച്ചെറിയപ്പെടുന്ന അവരുടെ സംഘർഷങ്ങളും പ്രണയം അവരുടെ ഉൾജീവിതത്തിൽ നിറയ്ക്കുന്ന സന്ദിഗ്ധതകളും ഏറെ കൈയടക്കത്തോടെ ഈ ചിത്രം അവതരിപ്പിക്കുന്നു. സാമൂഹിക പ്രവർത്തകയും എഴുത്തുകാരിയുമായ രേഖാരാജാണ് ഈ ചിത്രത്തിന്റെ തിരക്കഥ നിർവഹിച്ചിരിക്കുന്നത്.



എബ്ബ്



പെണ്ണും പൊറാട്ടും

## മനുഷ്യബന്ധങ്ങളും സങ്കീർണ്ണതകളും

ഉടലാഴം എന്ന ചിത്രത്തിനുശേഷം ഉണ്ണികൃഷ്ണൻ ആവള സംവിധാനം ചെയ്ത തന്തപ്പേര് (Life of phallus) എന്ന ചിത്രം ചോലനായ്ക്കർ സമുദായത്തിന്റെ അസ്തിത്വദുഃഖങ്ങളെ രാഷ്ട്രീയപരമായും സാമൂഹികപരമായും നോക്കുന്ന ചിത്രമാണ്. അഭിനേതാക്കളിൽ ഭൂരിഭാഗവും ആദിവാസിസമൂഹത്തിൽ നിന്നുതന്നെയാകുന്നത് ഈ ചിത്രത്തിന് ഒരു നവഭാവുകത്വം നൽകുന്നുണ്ട്. 2023ൽ മികച്ച നടിക്കും മികച്ച നവാഗത ചിത്രത്തിനും ഉള്ള പുരസ്കാരം ലഭിച്ച തടവ് എന്ന ചിത്രത്തിന്റെ സംവിധായകൻ ഫാസിൽ റസാക്കിന്റെ രണ്ടാമത്തെ ചിത്രം മോഹം ശ്രദ്ധേയമായ ചലച്ചിത്രാവതരണമാണ്. ഏറ്റവും നിസ്സഹായരായ, ചുറ്റുമുള്ളവരുടെ ശ്രദ്ധയിൽനിന്ന് മനപ്പൂർവമോ അല്ലാതെയോ അപ്രത്യക്ഷരാവുന്നവർ, വിവാഹവും ഗർഭധാരണവും നൽകുന്ന മാനസിക സംഘർഷങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് ഈ ചിത്രം അതിസൂക്ഷ്മമായി അവതരിപ്പിക്കുന്നത്. മലയാള സിനിമയിലെ സമീപകാലത്തിലെ ഏറ്റവും ശ്രദ്ധേയനായ സംവിധായകനാണ് ഷെറി ഗോവിന്ദൻ. ഷെറിയുടെ സിനിമകൾ വാസ്തവത്തിൽ മലയാള സിനിമാസമൂഹം വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല എന്നുതന്നെ പറയേണ്ടതുണ്ട്. അദ്ദേഹത്തിന്റെ മികച്ച സൃഷ്ടികളായ ക ഖ ഗ ഘ ങ, അവനോവിലോന തുടങ്ങിയ ചിത്രങ്ങൾ വാസ്തവത്തിൽ സംസ്ഥാന പുരസ്കാരങ്ങൾക്ക് പോലും അർഹമായ സിനിമകളായിരുന്നു. ഷെറിയുടെ സമസ്താ ലോക എന്ന ചിത്രം മനുഷ്യബന്ധങ്ങളുടെ ലളിതവും അതേസമയം സങ്കീർണ്ണവുമായ ചില നേരങ്ങളുടെ പരീക്ഷണാത്മകവും ദൃശ്യമികവുമുള്ള അവതരണമാണ്.

ഈ ഫെസ്റ്റിവൽ കാലത്ത് ഏറ്റവും ആഘോഷിക്കപ്പെടാൻ സാധ്യതയുള്ള രണ്ടു ചിത്രങ്ങൾ പ്രശസ്ത സംവിധായകൻ ജിയോ ബേബി സംവിധാനം ചെയ്ത എബ്ബ് എന്ന ചിത്രവും നടൻ രാജേഷ് മാധവൻ സംവിധാനം ചെയ്ത പെണ്ണും പൊറാട്ടും എന്ന ചിത്രവും ആയിരിക്കും. പുതിയകാല സ്ത്രീ-പുരുഷ ബന്ധങ്ങളുടെ, അതിനകമേയുള്ള പുരുഷാധിപത്യ പ്രവണതകളെ രസകരമായി അവതരിപ്പിക്കുന്ന ചിത്രമാണ് ജിയോ ബേബിയുടെ എബ്ബ്. പൊറാട്ടുനാടകം എന്ന ഫോക്ക്ലോറിന്റെ പശ്ചാത്തലത്തിൽ പുറത്താക്കപ്പെടുന്ന മനുഷ്യരുടെ സങ്കടങ്ങളെ ഗ്രാമീണമായ സംഘർഷങ്ങളോട് കോർത്തിണക്കിക്കൊണ്ട് അതീവ രസകരമായി അവതരിപ്പിക്കുന്ന ചിത്രമാണ് പെണ്ണും പൊറാട്ടും.

ഫെസ്റ്റിവലിൽ ഇടം പിടിച്ചില്ലെങ്കിലും അർജുൻ എന്ന പുതുമുഖ സംവിധായകൻ എടുത്ത കള്ളൻ പോപ്പ് എന്ന ചിത്രം മലയാളത്തിൽ ഇറങ്ങിയ പരീക്ഷണാത്മക സിനിമകളിൽ ഏറ്റവും മികവുറ്റതാണ്. ഒരു പോലീസുകാരന്റെ വീട്ടിലേക്ക് കയറി വരുന്ന കള്ളന്റെ പൗരത്വത്തെക്കുറിച്ചുള്ള ആകുലതകളും കള്ളനും പോലീസും നിർമ്മിക്കുന്ന അപൂർവമായ ഒരു ലോകത്തിന്റെ കൊടുക്കൽ വാങ്ങലുകളും ആണ് ഈ ചിത്രം. ഫേസ്ബുക്കിലെ ചെറുകാർട്ടൂണുകളിലൂടെ ശ്രദ്ധേയനായ നിപിൻ നാരായണൻ സംവിധാനം ചെയ്ത കാത്തിരിപ്പ് എന്ന ചിത്രം പരീക്ഷണാത്മകവും ഉദ്വേഗജനകവുമാണ്. അതിവിചിത്രമായ ഒരു വീട്ടിൽ ഒറ്റയ്ക്ക് താമസിക്കുന്ന ഒരാളെ കാണാനെത്തുന്ന അതിഥിയിലൂടെ, അവർ തമ്മിൽ നിർമ്മിക്കുന്ന സംഭാഷണങ്ങളിലൂടെ ഈ ചിത്രം പുതിയൊരു ഭാവുകത്വത്തെ മുന്നോട്ടുവെക്കുന്നു.

> പൊറാട്ടുനാടകം എന്ന ഫോക്ക്ലോറിന്റെ പശ്ചാത്തലത്തിൽ പുറത്താക്കപ്പെടുന്ന മനുഷ്യരുടെ സങ്കടങ്ങളെ ഗ്രാമീണമായ സംഘർഷങ്ങളോട് കോർത്തിണക്കി അതീവ രസകരമായി അവതരിപ്പിക്കുന്ന ചിത്രമാണ് പെണ്ണും പൊറാട്ടും.

മിനി ഐ.ജി. സംവിധാനം ചെയ്ത ആദി സ്നേഹത്തിന്റെ വിരുന്ന് മേശ എന്ന ചിത്രവും പുതിയകാല മനുഷ്യബന്ധങ്ങളെ കുറിച്ചാണ്. ആദിത്യ ബേബി സംവിധാനം ചെയ്ത അംബ്രോസിയ, കെ.ശ്രീകുമാർ സംവിധാനം ചെയ്ത അന്യരുടെ ആകാശങ്ങൾ, കെ.റിനോഷൻ സംവിധാനം ചെയ്ത ശവപ്പെട്ടി, അരുൺ വർധൻ സംവിധാനം ചെയ്ത ഒരു അപസർപ്പക കഥ, ശ്രീജിത് എസ് കുമാർ-ഗ്രിറ്റോ വിൻസെന്റ് എന്നിവർ സംവിധാനം ചെയ്ത ശേഷിപ്പ്, വിഷ്ണു ബി ബീന സംവിധാനം ചെയ്ത ചാവുകല്യാണം എന്നീ ചിത്രങ്ങളും പ്രമേയത്തിന്റെ പുതുമ കൊണ്ടും ആഖ്യാനത്തിന് മികവുകൊണ്ടും കേരള രാജ്യാന്തര മേളയിൽ ഇടംപിടിച്ച സിനിമകളാണ്. ■

SAMAKALIKA JANAPADAM MONTHLY

# അറിവിന്റെ ആധികാരികത



ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ഇപ്പോൾ
കൂടുതൽ
മിഴിവോടെ

സമകാലിക
ജനപഥം

വാർഷിക
വരിസംഖ്യ
120 രൂപ
ഒറ്റപ്രതി
12 രൂപ

## വരിക്കാരാകാൻ

ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലോ തിരുവനന്തപുരം പ്രസ് ക്ലബിന് സമീപത്തെ ഇൻഫർമേഷൻ സെന്ററിലോ ബന്ധപ്പെടാം. താഴെ കാണുന്ന വിലാസത്തിലേക്ക് മണിഓർഡർ അയക്കാം.

ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
എഡിറ്റോറിയൽ വിഭാഗം
ഒന്നാം നില, സെക്രട്ടറിയേറ്റ് അനക്സ്
തിരുവനന്തപുരം-1

Date of Publication: **01.12.2025** KERMAL2014/58028 Price: **12.00** Reg. No. KL/TV(N)/660/2022-2024


# ആധികാരിക വാർത്തകൾ, അറിയിപ്പുകൾ റിസൾട്ടുകൾ ഇനി വിരൽത്തുമ്പിൽ




Available on the App Store

GET IT ON Google Play

# PRD LIVE App

# പി.ആർ.ഡി ലൈവ്

**OFFICIAL MOBILE APP FROM**
**INFORMATION PUBLIC RELATIONS DEPARTMENT, KERALA**

/Keralainformation /iprdkerala Prdlive App

കേരള സർക്കാർ
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്


Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS